REG. NO. M. 2689 & T. 122.

LICENCE NO. 246. DATED 5-4-31

മലയാളരാജ്യം

6th THULAM
1110

ചിത്രവാരിക

22nd OCTOBER
1934.



വിജ്ഞാനതല്ലരന്മാർ.

VOL. VII.

No. 7

Price As. 2.

വില ൨ ണ.

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ തുലാം ൫-ാംനു- തിങ്കളാഴ്ച. | ലക്കം ൧.

ഹെർ ഹിററ്ലറിനെ ചിത്രീകരിക്കുന്നു.



ഒരു ജർമ്മൻചിത്രകാരൻ ഹിററ്ലറിനെ ഒരു 'കൈസർ' ആയാലുള്ള വേഷത്തിൽ വരച്ചിരിക്കുന്ന ചിത്രമാണിതു്. മേൽമീശയുടെ മാററം, രാജകീയകഞ്ചുകങ്ങളിലെ ബഹുമതിമുദ്രകൾ, കിരീടത്തിലെ തൂവലുകൾ ഇവയെല്ലാം പ്രത്യേകം ഗൌനിക്കേണ്ടവയാണു്.

U. P. S.

ഒരു സ്മാരകമണ്ഡപം.

മുഗൾചക്രവർത്തിയായ ഷാജിഹാൻ തന്റെ പ്രിയപത്നിയുടെ സ്മാരകമായി പണിയിച്ച താജ്മഹാളിനെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. ഇതു ഇൻഡ്യയുടെ അഭിമാനവിഷയമായി, ലോകത്തിന്റെ ആദരാഭിനന്ദനങ്ങൾക്കു വിഷയമായി, ഇന്നും ശോഭിക്കുന്നു. ജാജ്വല്യമാനങ്ങളായ രത്നങ്ങളുടെ സമൂഹമെന്നപോലെ നയനമധുരങ്ങളായ സകല വിശിഷ്ടവസ്തുക്കളും സഞ്ചയിച്ച ഒരു മോഹനസമ്പത്താണു് താജ്. താജിന്റെ സ്ഥാപനത്തിനു എത്രയോ ശതവർഷങ്ങൾമുമ്പു് ഒരു രാജ്ഞി തന്റെ പ്രിയഭർത്താവിന്റെ സ്മരണയെ നിലനിർത്തുവാൻ പണിയിച്ച ഒരു മണ്ഡപമായിരുന്നു ഹാലിക്കർനാസസ്സ്'ലെ മണ്ഡപം. അതു സപ്തമഹാത്ഭുതങ്ങളിൽ ഒന്നായിട്ടാണു ഗണിക്കപ്പെടുന്നതു.

ഏഷ്യാമൈനറിന്റെ തെക്കുകിഴക്കററം ചേർന്നു ബഡ്രം എന്നു പേരായി ഒരു സമുദ്രതീരനഗരം സ്ഥിതിചെയ്യുന്നുണ്ടു്. ഇതു് ഒരുകാലത്തു പേഴ്സ്യാസാമ്രാജ്യത്തിന്റെ കീഴിൽ ഒരു സാമന്തരാജ്യമായിരുന്ന 'കേരിയാ'യുടെ തലസ്ഥാനമായിരുന്നു. സാമ്രാജ്യതലസ്ഥാനത്തിൽനിന്നുള്ള ദൂരവും പർവ്വതങ്ങളും കടലും കൊണ്ടു ഗതാഗതത്തിനുണ്ടായിരുന്ന ദുഷ്കരതയും കേരിയായ്ക്കു് ഏറെക്കുറെ സ്വാതന്ത്ര്യം അനുഭവിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. ബി. സി. നാലാംശതവർഷത്തിന്റെ ആദ്യാർദ്ധത്തിൽ യുദ്ധനിപുണനും ഉത്സാഹശീലനും ആയിരുന്ന മൌസോലസ് എന്നൊരു രാജാവാണു് കേരിയാരാജ്യം ഭരിച്ചുകൊണ്ടിരുന്നതു്. ഇന്നത്തെ ബഡ്രം ആയിരുന്നു അദ്ദേഹത്തിന്റെ രാജധാനി. അന്നു് അതിന്റെ പേരു ഹാലിക്കർനാസസ്സ് എന്നായിരുന്നു. ബി. സി. ൩൫൩-ൽ അദ്ദേഹം പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ വിധവയായ 'ആർടിമിഷ്യാ' രാജ്ഞി ഭർത്താവിന്റെ സ്മാരകമായി ഒരു മണ്ഡപം പണിയിക്കുവാൻ തീരുമാനിച്ചു. തന്റെ ആത്യന്തികമായ വിയോഗദുഃഖത്തിനു് അല്പമെങ്കിലും ശമനം വരണമെങ്കിൽ ആ സ്മാരകം അന്നോളം വരെ ഉണ്ടായിട്ടുള്ള ശവകുടീരങ്ങളെ എല്ലാം അതിശയിക്കുന്ന ഒന്നായിരുന്നേ മതിയാവൂ എന്നും ആ മനസ്വിനിക്കു തോന്നി. അന്നത്തെ പേരുകേട്ട ശില്പികളെ വരുത്തുവാൻ ഗ്രീസിലേക്കു് ആളയച്ചു സാത്തിറോസ്, പിത്തിയോസ് എന്ന വിഖ്യാതരായ രണ്ടു തക്ഷന്മാരും സമാഗതരായി. ആ ശതവർഷത്തിലെ യവനശില്പനിപുണന്മാരിൽ അഗ്രേസരനായിരുന്ന സ്കോപാസ് കൊത്തുപണികൾകൊണ്ടുള്ള അലങ്കാരങ്ങൾ നിർവ്വഹിക്കുവാനായി വന്നെത്തി. ഈ ശില്പിശ്രേഷ്ഠന്റെ കലാനൈപുണിയെപ്പററി ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടതുണ്ടു്. ഹൃദയവികാരങ്ങളെ പ്രകാശിപ്പിക്കുന്ന മനുഷ്യചിത്രങ്ങളാണു ചിത്രങ്ങളിൽവച്ചു് ഏററവും സ്തുത്യർഹമായവയെന്നു ആരും സമ്മതിക്കും. ഉൽകൃഷ്ടമായ കലാബോധവും പ്രായോഗികപാടവവും ഉണ്ടെങ്കിലല്ലാതെ ആ വിധത്തിലുള്ള ഹൃദയാവർജ്ജകങ്ങളായ ചിത്രങ്ങൾ രചിക്കാൻ സാധിക്കുന്നതുമല്ല. വരയ്ക്കുന്ന ഛായകളിൽതന്നെ സന്ദർഭോചിതമായ വികാരങ്ങളുടെ സ്ഫുടപ്രകാശനമില്ലെങ്കിൽ ഛായകൾ കേവലം വിരസങ്ങളാണു്. കൊത്തുപണിയിൽ, അതായതു ശില്പികളുടെ ഉളികൊണ്ടു ശിലയിൽ, വികാരഭേദങ്ങളെ പ്രകാശിപ്പിക്കുക എന്നതു അസാധാരണമായ ഒരു വിശിഷ്ടവിദ്യതന്നെയാണു്. ഈ വിഷയത്തിൽ അന്നു പ്രഥമസ്ഥാനത്തു പ്രശോഭിച്ചിരുന്ന സ്കോപാസിനെയാണു് ഭർത്തൃഭക്തയായ ആർടമീഷ്യാ താനുദ്ദേശിക്കുന്ന സ്മാരകകുടീരത്തിന്റെ നിർമ്മാണത്തിനായി വരുത്തിയതു്. വികാരങ്ങളെ എന്നപോലെ ചലനഭേദങ്ങളേയും ശിലയിൽ പകർത്തിവയ്ക്കുന്നതിനു് ഈ ശില്പി വിദഗ്ദ്ധനായിരുന്നു. ടീമോതിയോസ്, ബ്രയാക്സിസ്, ലിയോക്കാറിസ് തുടങ്ങി മററു ശില്പനിപുണന്മാരെയും ക്ഷണിച്ചുവരുത്തിയിരുന്നു. അവരെല്ലാം അന്നത്തെ അതിപ്രസിദ്ധന്മാരും സ്കോപാസിനെ മാത്രം ഒഴിച്ചാൽ അദ്വിതീയന്മാരും ആയിരുന്നു.

സ്മാരകമന്ദിരത്തിന്റെ പണി തീരുന്നതുവരെ ജീവിക്കുവാനുള്ള ഭാഗ്യം ആർടമീഷ്യായ്ക്കുണ്ടായില്ല. ഭർത്തൃമരണം ആ സാദ്ധ്വീരത്നത്തിനു അനുദിനം ഹൃദയഭേദകമായി ഭവിച്ചു. വിയോഗാഗ്നിയിൽ നീറിയ ആ പതിദേവത രണ്ടുവർഷത്തോളം ജീവസന്ധാരണവും രാജ്യഭരണവും നിർവ്വഹിച്ചുവെങ്കിലും ഒടുവിൽ വ്യഥ വിജയംനേടി. കുടീരത്തിന്റെ ജോലി മുഴുവനാകുന്നതിനുമുമ്പു് ആർടിമിഷ്യാ കാലധർമ്മം പ്രാപിച്ചു. എന്നാൽ ആരംഭിച്ച മഹനീയപ്രയത്നം പൂർത്തിയാക്കാതെ മടങ്ങുന്നതല്ലെന്നു ശില്പികൾ ഉചിതജ്ഞതയോടെ തീരുമാനം ചെയ്തു. തങ്ങളുടെ ശില്പവൈദഗ്ദ്ധ്യത്തിന്റെയും കലാഭക്തയുടേയും ശാശ്വതസ്മരണയായി ആ കുടീരം ശോഭിക്കണമെന്നുള്ള അഭിവാഞ്ഛ അവരുടെ ഹൃദയങ്ങളിൽ ഉദിച്ചുയർന്നതിന്റെ ഫലമായി അവർ ആദ്യനിശ്ചയപ്രകാരംതന്നെ അതിന്റെ പണി പൂർത്തിയാക്കി. ലോകമഹാത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെടത്തക്ക വൈഭവം ആ സ്മാരകമണ്ഡപത്തിനുണ്ടാകയും ചെയ്തു. മൌസോലസ് എന്ന നാമത്തിൽനിന്നു മൌസോലിയം എന്നൊരു പദംതന്നെ ഇംഗ്ലീഷുസാഹിത്യത്തിൽ വിശിഷ്ടമായ കുടീരം എന്ന അർത്ഥത്തിൽ പ്രതിഷ്ഠനേടക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഈ അത്ഭുതമണ്ഡപം ഇന്നു നാമാവശേഷമായി തീരുകയാണു് ചെയ്തിട്ടുള്ളതു്. എങ്കിലും അതിന്റെ ആകൃതിയുടങ്ങിയ വിശദവിവരങ്ങൾ ഏകദേശം ശരിയായിത്തന്നെ അനുമാനിക്കുവാൻ ഉതകുന്ന തെളിവുകൾ അസുലഭമല്ല. ആദ്യകാലംമുതല്ക്കുതന്നെയുള്ള പല എഴുത്തുകാരും ഈ സ്മാരകമന്ദിരത്തെ വർണ്ണിച്ചിട്ടുണ്ടു്. അവരുടെ വർണ്ണനകൾ പലപ്പോഴും പരസ്പരവിരുദ്ധങ്ങളാണു്. എന്നിരുന്നാലും ഇവയിൽനിന്നെല്ലാം കിട്ടുന്ന ഒരു ഏകദേശജ്ഞാനം കൊണ്ടു ഈ അത്ഭുതകുടീരത്തിന്റെ ആകൃതിയും പരിമാണവും പരക്കെ സ്വീകാര്യമായവിധത്തിൽ അനുമാനിക്കപ്പെട്ടിട്ടുണ്ടു്.

തെക്കുവടക്കു നീളത്തിൽ ഒരു ദീർഘചതുരശ്രാകാരമായ താഴത്തെ നിലയും അതിന്മേൽ ആകെ മുപ്പത്താറു സ്തംഭങ്ങൾകൊണ്ടു ശോഭിച്ചിരുന്ന ഒരു മണ്ഡപമായ രണ്ടാംനിലയും, അതിനുമുകളിൽ പടിപടിയായി ഒരു 'പിരമിഡി'ന്റെ ആകൃതിയിൽ മേൽക്കൂറും സ്തൂപികയുടെ സ്ഥാനത്തു നാലുകുതിരകളെപ്പൂട്ടിയതും മൌസോലസും ആർടമീഷ്യായും സ്ഥിതിചെയ്യുന്നതും ആയ രീതിയിൽ ഒരു രഥവും ചേർന്നാൽ മൌസോളിയത്തിന്റെ ഒരു ഏകദേശമായ ആകൃതിയായി. അടിയിലത്തെ നിലയിലാണു ശവശരീരം സ്ഥാപിച്ചിരുന്നതു്. അതിനുചുററുമുള്ള സ്ഥലം മുഴുവൻ സാധാരണ അകങ്ങളെപ്പോലെ ആകാശമാത്രമായിരുന്നില്ല. ആദ്യത്തെ നില മുഴുവൻതന്നെ ഒരുകൽത്തറയായി ഗണിക്കാവുന്ന വിധത്തിലാണു് പണിയിക്കപ്പെട്ടിരുന്നതു്. പിരമിഡിന്റെ ആകൃതിയിലെ മേല്പുര ഇരുപത്തിനാലു പടികൾ ഉള്ളതായിരുന്നു. ആകെ നൂററിനാല്പതടിയിൽ കുറയാതെ പൊക്കമുണ്ടായിരുന്ന ഈ കുടീരത്തെപ്പററി പുരാതനസന്ദർശകന്മാർക്കു മുഖ്യമായി തോന്നിയ അത്ഭുതം അതിന്റെ ഉപരിഭാഗം മുഴുവനും കേവലം ലഘുഭാരമായിട്ടാണു് തോന്നിച്ചതെന്നുള്ളതാണു്. മുപ്പത്താറു തൂണുകളിലായ മുൻപറഞ്ഞ പിരമിഡിന്റെ ഭാരംമുഴുവനും താങ്ങിനിർത്തിയതും എല്ലാററിന്റെയും കൂടി അഗ്രഭാഗത്തിൽ രഥം സ്ഥാപിച്ചതും കാണുമ്പോൾ ആ കുടീരമൊന്നാകെ അന്തരീക്ഷത്തിൽ നിർത്തിക്കൊണ്ടെന്നപോലെ നിൽക്കുന്നതായിട്ടാണു് ആ സന്ദർശകന്മാർക്കു തോന്നിയതു്.

ഈ അത്ഭുതകുടീരത്തിന്റെ ചരിത്രം തുടർന്നുകൊണ്ടുവരുന്നതായാൽ ഏകദേശം എ. ഡി. പന്ത്രണ്ടാംശതാബ്ദംവരെ വലുതായ കേടുകളൊന്നുംകൂടാതെ അതു നിന്നിരുന്നു എന്നു കാണാവുന്നതാണു. പോൾ. എ. ഡി. 1400-ാമാണ്ടിടയ്ക്കു ക്രിസ്തീയമതയോദ്ധർ ഹാലിക്കാർനാസസ് കൈവശപ്പെടുത്തുകയും മണ്ഡപത്തിന്റെ സ്ഥാനത്തു സെൻറു പീററർദുർഗ്ഗം പണി തുടങ്ങുകയും ചെയ്തു. 15-ാംശതവർഷത്തിൽ പലപ്പോഴായി ഈ മൌസോലിയം നശിപ്പിക്കപ്പെടുകയാണു ചെയ്തതു്. ഏഷ്യാമൈനറിലെ ക്രിസ്തീയമതഭടരെ അവിടെനിന്നും പലായനം ചെയ്യിക്കുവാനായി സുൽത്താൻ സുലൈമാൻ സൈന്യസന്നാഹങ്ങൾ തുടങ്ങിയപ്പോൾ 'ബഡ്രം' നഗരത്തിന്റെ യുദ്ധസംബന്ധമായ പ്രാധാന്യത്തെ വഴിയാംവണ്ണം ഗ്രഹിച്ചിരുന്ന ക്രിസ്തീയയോദ്ധാക്കന്മാരുടെ നായകൻ സെൻറു പീററർബർഗ്ഗിന്റെ കേടുപാടുകൾ പോക്കുവാൻ ആജ്ഞനൽകി. മൌസോലിയത്തിന്റെ താഴത്തെനില പൊളിച്ചു ആ മാർബിൾശിലാസഞ്ചയത്തെ വെറും കുമ്മായമുണ്ടാക്കാനായി അവർ ഉപയോഗിച്ചു. ഇപ്രകാരം 1522-ാമാണ്ടോടുകൂടി മുമ്പിനാലെ

തന്നെ വികലാവസ്ഥയിൽ നിന്നിരുന്ന മൗസോലിയം ഭൂമുഖത്തിൽനിന്നു പരിപൂൎണ്ണമായി തിരോധാനം ചെയ്തു മണ്ഡപത്തിന്റെ അടിത്തറ ഇടിച്ചുനിരത്തിയപ്പോൾ പല മനോഹരസാധനങ്ങളും കണ്ടുകിട്ടുകയുണ്ടായി. ഒരു വലിയ ചതുരശ്രാകാരമായ അറയും, അതിൽ വിവിധവൎണ്ണങ്ങളിലുള്ള മാർബിൾകഷണങ്ങളിൽ അനേകംതരത്തിലുള്ള ശില്പവേലകളും അവർ കണ്ടെത്തി. മൗസോലസിന്റെ ശവശരീരം അടക്കംചെയ്തിരുന്ന പേടകം കണ്ടു എങ്കിലും പിറേറദിവസം ചെന്നു പൂൎണ്ണപരിശോധന നടത്താൻ സാധിക്കുന്നതിനുമുൻപായി ഏതോ കടൽകള്ളന്മാർ കടന്നു കൊള്ള നടത്തിയെന്നാണു വിശ്വസിക്കപ്പെടുന്നതു്. പതിനെട്ടുശതവർഷക്കാലമായി പൂൎണ്ണസുരക്ഷിതനിലയിൽ കഴിഞ്ഞുവന്ന ആ അത്ഭുതകുടീരം ഇപ്രകാരം നാമാവശേഷമാക്കപ്പെട്ടു. കുറേക്കാലംകഴിഞ്ഞു തുൎക്കികൾ ബദ്രം വീണ്ടും കൈവശപ്പെടുത്തിയതോടുകൂടി മൗസോലിയം നിന്നിരുന്ന സ്ഥാനത്തേക്കുറിച്ചുപോലും സ്മരണ അവശേഷിക്കാത്ത രീതിയിൽ അതു കേവലം വിസ്മൃതമായിപ്പോയ.

ചരിത്രാന്വേഷകന്മാരുടെ ഭൂഖനനഫലമായി ലഭിച്ച പ്രസ്തുത സ്മാരകമണ്ഡപത്തിന്റെ അവശിഷ്ടങ്ങൾ പലതും ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നു. മൗസോലസിന്റെ പ്രതിച്ഛായതന്നെയാണു മന്ദിരത്തിന്റെ അഗ്രത്തിലെ രഥത്തിൽ സ്ഥാപിച്ചിരുന്നതെന്നതിനു സംശയമില്ല. ആ രാജാവിന്റെ ചില നാണയങ്ങളിലെ ആകൃതിയിലും രഥത്തിലെ പുരുഷപ്രതിമയുടെ ആകൃതിയും തുല്യമാണു്. എന്നാൽ രഥത്തിലെ സ്ത്രീവിഗ്രഹം ഏതോ ദേവിയുടേതായി സങ്കല്പിക്കപ്പെട്ടിരുന്നതാണെന്നു വിശ്വസിക്കുന്നവരും ഉണ്ടു്. സ്ത്രീവിഗ്രഹത്തിന്റെ മുഖം കേടുപററിയ അവസ്ഥയിലാണു അന്വേഷകന്മാൎക്കു കാണ്മാൻ കഴിഞ്ഞതു്. ഇതാണു മുൻപറഞ്ഞ വിശ്വാസത്തിനു കാരണം. രഥത്തിലെ പുരുഷവിഗ്രഹവും സ്ത്രീവിഗ്രഹവും സാധാരണ മനുഷ്യപരിമാണത്തിൽ മാത്രമാണു പണിയിച്ചിരുന്നതെന്നുള്ളതിൽനിന്നു ഒരു അനുമാനത്തിനു തക്കതായ ഔചിത്യമുണ്ടു്. ഏതൊരു സാധ്വീരത്നം സ്വപ്രിയപുരുഷന്റെ വിയോഗത്താൽ അനുനിമിഷം വർദ്ധമാനമായ വ്യഥയ്ക്കു പാത്രമായിത്തീൎന്നുവോ ആ രാജ്ഞിയുടെ മനോജ്ഞങ്ങളായ ദാമ്പത്യദിനങ്ങളെ അനുസ്മരിപ്പിക്കുമാറു ദമ്പതികളുടെ പ്രതിവിഗ്രഹങ്ങൾതന്നെ മണ്ഡപാഗ്രത്തിൽ നിൎമ്മിച്ചുവയ്ക്കുകയാണു ചെയ്തതെന്നുള്ളതു ഒട്ടും അസംഭാവ്യമല്ല.

ബാഷ്പാഞ്ജലി.

വി. കെ. കുഞ്ഞിശങ്കരൻ നംപ്യാർ.

(കേക.)

കാൎമ്മയക്കുകവേണ്ട വ്യോമമേ സന്ധ്യാരാഗ-
കാഞ്ചനദ്രവംകൊണ്ടിങ്ങിരുട്ടിൽതള്ളിക്കേറാൻ
വാർമഴവില്ലാൽ മനമാനന്ദംകൊള്ളിക്കേണ്ട,
കാർമുകിൽക്കൂട്ടാണതിന്നഴകിന്നൊരുമൂലം.
തൂമിന്നലൊളിയാലെ പുളകംവളൎത്തേണ്ട,
ഭീമമാംസ്തനിതത്താൽ വിറപ്പിക്കയുംവേണ്ട,
ആവതുംപഠിച്ചുഞാൻ ജഗത്തെ ഭവദീയ
മായികവിശേഷങ്ങൾകേവലംശൂന്യംതന്നെ.
വീൎത്തൊരുനെടുവീൎപ്പിൻകൈപ്പിടിക്കുകമൊതു-
ങ്ങാത്തതായെന്തുണ്ടുനിൻഭാണ്ഡത്തിലാരായുകിൽ?
വല്ലപാടുമെന്നാലിജ്ജീവിതമൊട്ടുകുകി-
ലില്ലല്ലോ തെല്ലുപോലുമപ്പുറസ്ഥിതിബോധം.

ശോകപൂരിതമാമി കൈതവപ്രകൃതിതൻ
ഭീകരാകാരംകണ്ടു കണ്ണുനീർതൂകിത്തൂകി
നാഴികയല്ലനാളല്ലേറിയകൊല്ലംപിന്നി-
ട്ടേതൊരുദിക്കുനോക്കിച്ചേതനയിഴയുന്നു?
ശേഷിയില്ലൊരുപൂവിങ്ങിറുത്തുമണക്കാനും
തോഷമോടൊരുരാഗമുരളിമുഴക്കാനും
പൂവാരിപ്രഭാതത്തിൻ പാവനസന്ദേശത്തെ
പൂൎണ്ണമായ് ശ്രവിക്കാനുമെന്നാവിലാത്മാവിന്നും.

കഴിഞ്ഞ ചിലകാലമെൻസ്മൃതിയിങ്കൽകാൎമൂ
വഴിഞ്ഞൊരാനന്ദത്തിൻ നൎത്തനരംഗരമ്യം
പാഴ്പൂഴിച്ചോറുകൊണ്ടുംമഞ്ഞുനീർക്കണംകൊണ്ടും
പൈദാഹമാററിപ്പോന്നേനന്നെന്റെസങ്കല്പത്തിൽ
ചന്ദ്രതാരങ്ങളെന്റെ ചൊല്പടിക്കൊരുക്കിയ
സുന്ദരതരങ്ങളാം കളിക്കോപ്പായിക്കണ്ടു.
പൊട്ടിഞാൻ ചിരിക്കാറുണ്ടൊരുപൂമൊട്ടുമന്ദം
ഞെട്ടിയിൽവിടൎന്നിളംകാററിലാഞ്ഞുലയവേ
വാനിലേക്കുയരാറുണ്ടന്തിയിലാമഞ്ജുള-
ഗാനമപ്പറവകൾപാടിപ്പോംവഴിതേടി.
അന്നുഞാനൊന്നുംചോദിച്ചില്ലല്ലോപഠിച്ചതീ-
മന്നിന്റെമടിത്തട്ടിൽകിടന്നുകളിക്കുമ്പോൾ.

ശർമ്മദായികേ!തവ മോഹനകൈത്താലോലം
നിർമ്മായംകൊതിക്കുന്നേ മൂകനായിവൻനിത്യം
താവകാപദാനങ്ങളേറുപാടുകേയുള്ളൂ
കേവലംചുഴിഞ്ഞവ നോക്കുകില്ലിനിമേലിൽ.

വാമനസമ്മേളനം.

(ഏ. ബി.)

"വലിപ്പക്കുറവെന്നുള്ളതു് നമ്മെസംബന്ധിച്ചിടത്തോളം ഒരു ഒന്നാംക്ലാസ്സ് പണസമ്പാദനമാർഗ്ഗമായിരിക്കെ അതിൻെറ ഗുണങ്ങൾ അനുഭവിക്കുവാൻ നമ്മെക്കാൾ വലിപ്പംകൂടിയവരെ നാം അനുവദിക്കയും തുച്ഛമായ ശമ്പളംവാങ്ങി തൃപ്തിപ്പെടാമെന്നു നാം സമ്മതിക്കയും ചെയ്യുന്നതെന്തിനു്?"

ഈ വെല്ലുവിളിയാണു് രണ്ടടി ഏഴിഞ്ച് തികച്ചും ദൈർഘ്യവും, ഹങ്കറിയിലെ വാമനനേതൃസ്ഥാനവും അവകാശപ്പെടുന്ന ഇമ്രെ പാപ്പ് എന്നയാൾ ഇന്നു പുറപ്പെടുവിക്കുന്നതു്. ഇവരെയെല്ലാവരെയും സംയോജിപ്പിച്ചു് ഒരു ഘടന രൂപവൽക്കരിക്കുന്നതിനുള്ള ഇയ്യാളുടെ ഇതുപര്യന്തമുള്ള പ്രയത്നങ്ങൾ വിജയപ്രദമായിത്തീർന്നിരിക്കുന്നു. ഈ യോജിപ്പിനു ഒരു സാമ്പത്തികാധിഷ്ഠാനം ഉണ്ടെന്നുള്ളതു് പരമാർത്ഥമാണെങ്കിലും അന്യോന്യം ഈ കൂട്ടർക്കു തോന്നാറുള്ള സഹോദരത്വമാണു് ഈ സംഘടനയെ ഫലത്തിക്കൊണ്ടുപോകുവാൻ ശക്തിയായി പ്രവർത്തിക്കുന്നതു്. കായികാഭ്യാസികൾ, നടന്മാർ, വിദൂഷകന്മാർഎന്നിങ്ങനെ ഓരോ തൊഴിലുകളിൽ ഏർപ്പെട്ടാണു് ഇവരിൽ ഭൂരിപക്ഷവും ഉപജീവനം കഴിച്ചുപോരുന്നതു്.

അടുത്ത വേനൽക്കാലത്തു് ബുഡാപെസ്റ്റിൽവച്ചു നടക്കുവാൻ ഭാവിക്കുന്ന അഖിലലോകവാമനയോഗത്തോടുകൂടിത്തന്നെ തങ്ങൾ പരിപൂർണ്ണമായ ഒരു നിലയെ പ്രാപിക്കുമെന്നു മി: പാപ്പ് സമർത്ഥിക്കുന്നതും, അഞ്ചുഭൂഖണ്ഡങ്ങളിൽനിന്നും പതിനായിരത്തിൽ കുറയാതെ അംഗങ്ങൾ സന്നിഹിതരാകുമെന്നു ആശിക്കപ്പെടുന്നതുമായ ഈ നൂതനപ്രസ്ഥാനത്തിൻെറ ഉത്ഭവകാരണം "ലിലിപുഷ്യൻനാടകശാല" എന്നപേരിൽ സ്ഥാപിതമായിരിക്കുന്ന ഒരു സ്ഥാപനമാണെന്നുള്ളതിനു സന്ദേഹമില്ല.

യാത്രചെയ്തു് പലസ്ഥലങ്ങളിലായി പ്രദർശനങ്ങൾ നടത്തുക പതിവുള്ള വാമനവിനോദസംഘങ്ങൾ ഇല്ലാതില്ല. കുറെ വാമനന്മാരെക്കൂടെ ഉൾപ്പെടുത്തിയിട്ടുള്ള വിനോദകമ്പനികൾ ധാരാളമുണ്ടു്. എന്നാൽ ഒരു വിനോദശാല സ്ഥാപിച്ചു് ദിനംപ്രതി പ്രദർശനങ്ങൾ നടത്തിവരുന്ന ഒരു വാമനകമ്പനി ബുഡാപ്പെസ്റ്റിൽമാത്രമേയുള്ളു. വാമനവിനോദങ്ങൾ കാണുകയെന്നതു് എല്ലാവർക്കും രസകരമായ ഒരു വിനോദവുമായിത്തീർന്നിരിക്കുന്നു.

വേറൊരുകാരണത്താലും ഈ നാടകശാല പ്രത്യേകത അർഹിക്കുന്നുണ്ടു്. ഇതു സ്ഥാപിച്ചതു് വാമനന്മാർ; ഇതു നടത്തുന്നതു് വാമനന്മാർ; ഭരണവകുപ്പ്, പണവകുപ്പ്, നിയന്ത്രണവകുപ്പ് ഇവകളുടെയെല്ലാം ചുമതലയും ഒരു വാമനനായകസമിതിക്കുതന്നെ. പരസ്പരസഹായതത്വത്തിന്മേലാണു് ഈ സ്ഥാപനം അടിയുറച്ചിരിക്കുന്നതു്. വാമനന്മാരല്ലാതെ സാധാരണ ദൈർഘ്യമുള്ള ആളുകൾ ഇതിൽ ഉണ്ടെങ്കിൽ അവർ പിയാനോവായനക്കാർ മാത്രമാണു്. കയ്യെത്തി പിയാനോവായിക്കുവാൻ നിർവ്വാഹമുണ്ടായിരുന്നെങ്കിൽ ഈ വകുപ്പിലും നമ്മുടെ വാമനന്മാർതന്നെ ഉദ്യോഗങ്ങൾ വഹിച്ചുകൊള്ളുമായിരുന്നു.

ഈ നാടകശാല ആദ്യം സ്ഥാപിച്ചതു് നമ്മെപ്പോലെതന്നെയുള്ള ഒരു മനുഷ്യനായിരുന്നു. എന്നാൽ ഇയ്യാൾക്കു് ഈ പുറപ്പാടിൽ നഷ്ടമുണ്ടാകയും, ഇതു് ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതനായിത്തീരുകയും ചെയ്തപ്പോൾ ബുഡാപെസ്റ്റിലെ വാമനന്മാർ ഇതു വാങ്ങി നടത്തിത്തുടങ്ങി. അതുമുതൽ ഇതിനു് അഭിവൃദ്ധിയാണു് ഉണ്ടായിട്ടുള്ളതു്. നടന്മാർ, നടികൾ എന്നിങ്ങിനെയുള്ള മുപ്പത്തിഅഞ്ചോളം "കൊച്ചുമനുഷ്യർ" നാലുപേരടങ്ങിയ ഒരു ഭരണസമിതിയെ തിരിഞ്ഞെടുക്കുകയും അവർ ഇതിൻെറ ഭരണം നടത്തിപ്പോരുകയും ചെയ്യുന്നു. ഇതിൽ പങ്കാളികളാകുന്നവരിൽ ഭൂരിപക്ഷവും ബന്ധുക്കളാണു്. ഈ കാരണംകൊണ്ടായിരിക്കണം—ഈ നാടകശാലയിൽ അഭിപ്രായവ്യത്യാസങ്ങൾക്കോ, കലഹങ്ങൾക്കോ സ്ഥാനമില്ലാതെ വന്നിരിക്കുന്നതു്. ഇതിലെ അംഗങ്ങൾ കമ്പനിനിയമങ്ങളെ അക്ഷരംപ്രതി അനുഷ്ഠിച്ചുപോരുന്നു. നാടകശാലയോടു് വളരെ സമീപിച്ചാണു് ഇവരുടെ വീടുകൾ പണിയിച്ചിരിക്കുന്നതു്. അതിലുള്ള സാധനസാമഗ്രികളും ഇവരുടെ ആവശത്തെ മുൻനിർത്തി മാത്രം നിർമ്മിക്കപ്പെട്ടിരിക്കുന്നു. ചെറിയ കട്ടിൽ, ചെറിയ കസാല, ചെറിയ പാത്രങ്ങൾ ഇവകൾ കണ്ടാൽ ചിലപ്പോൾ നാം ചിരിക്കേണ്ടതായി വന്നുകൂടും. എന്നാൽ വാമനന്മാർക്കുള്ള ആവശ്യങ്ങൾക്കു് ഇവ ധാരാളം മതിയാകുന്നു എന്നു മാത്രമല്ല, ഭക്ഷണം തുടങ്ങിയുള്ള ആവശ്യങ്ങൾക്കു ഇവർക്കുള്ള ചിലവും വളരെ ചുരുങ്ങിയിരിക്കുന്നു. സ്വയംഭരണം ലഭിച്ച ഒരുകൂട്ടം കുട്ടികളെന്നേ ഇവരെ കാണുമ്പോൾ നമുക്കു തോന്നുകയുള്ളു.

"ഈ വിധമാണു ഞങ്ങൾ കഴിച്ചുകൂട്ടുന്നതു്" ഇതാണു് ഈ നാടകശാലയുടെ പ്രധാനപ്രവർത്തകനും, അഖിലലോകവാമനനേതാവുമായ ഇരുപത്തിരണ്ടുവയസ്സുപ്രായമുള്ള ഇമ്രെ പാപ്പ് പറയുന്നതു്. "ഞങ്ങൾ തന്നെ—അല്ലാതെ കൂടുതൽ വലിപ്പമുള്ള സാധാരണമനുഷ്യരല്ല ഞങ്ങളുടെ കാര്യങ്ങൾ അന്വേഷിക്കയും, വാമനസമുദായം ഐകമത്യത്തോടുകൂടി വർത്തിക്കയും ചെയ്താൽ ഞങ്ങൾക്കു് ഐശ്വര്യമുണ്ടാകും. ഈ പ്രസ്ഥാനം ഹംഗേറിയായിൽ ഉത്ഭവിച്ചതിനെപ്പററി അത്ഭുതപ്പെടേണ്ടതില്ല. ഒന്നാമതായി ഈ സംരംഭത്തിനുള്ള ആരംഭമുണ്ടായതു് ഈ വിനോദകമ്പനിമൂലമാണു്. വ്യാവസായികമായുള്ള ഞങ്ങളുടെ പുരോഗതിക്കു വേണ്ടതു പ്രവർത്തിക്കുവാൻ ഞങ്ങൾക്കുതന്നെ സാധിക്കുമെന്നും, ഇങ്ങിനെയൊരു പ്രസ്ഥാനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ശക്തി ഞങ്ങൾക്കുണ്ടു് എന്നും ഇതിൻെറ ഇതുവരെയുള്ള ചരിത്രം വേണ്ടവിധം തെളിയിക്കുന്നുണ്ടു്. ലോകമൊട്ടുക്കു് ഇന്നു പ്രദർശനവിനോദവകുപ്പിൽ ഏർപ്പെട്ടിരിക്കുന്ന വാമനന്മാരിൽ ഭൂരിപക്ഷവും ഹംഗേറിയാക്കാരാണെന്നുള്ളതാണു് രണ്ടാമത്തെ കാരണം. ഹിസ്സ് നോടാഡ് എന്നീ സ്ഥലങ്ങളിലുള്ള ചില ഗ്രാമങ്ങളിലെ ജനസംഖ്യയിൽ ഗണ്യമായ ഒരുഭാഗം ഞങ്ങളുടെ കൂട്ടരാണു്. ഇവർ ഒരുകുടുംബത്തിൽനിന്നു വളരെക്കാലംമുമ്പു് ഉത്ഭവിച്ചവരായിരുന്നേക്കാം. പക്ഷെ ഞങ്ങളുടെ ഉത്ഭവകഥ പുരാണചരിത്രത്തിൽ ആണ്ടുകിടക്കയാണു്. പ്രദർശനവിനോദവ്യവസായതല്പരന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഈ ഗ്രാമങ്ങളിൽ എത്തിച്ചേർന്നു് അവരുടെ ആവശ്യത്തിനു വാമനന്മാരെ കൊണ്ടുപോകുന്നു. ഞങ്ങളെക്കാൾ വലിപ്പംകൂടിയ ആളുകളുടെ ഇടയിൽ ഞങ്ങൾക്കും ഒരു സ്ഥാനം വേണമെന്നുള്ള ആഗ്രഹം മേൽപറഞ്ഞ കാരണങ്ങൾകൊണ്ടു് ഈ പ്രദേശത്തുണ്ടായതിൽ അത്ഭുതപ്പെടുവാനില്ല.

"ഞങ്ങൾക്കൊരുസ്ഥാനം" എന്ന വാമനകോലാഹലത്തിൽ ഉൾപ്പെട്ടിരിക്കുന്ന മറെറാരുനേതാവു് ജൂലിയസ്സ് ഗാണ്ടു് എന്ന വാമനനാണു്. ഇയ്യാൾ ഒരു നടനോ, പ്രദർശനക്കാരനോ അല്ല; നാടകവേദിയിൽ പ്രസിദ്ധിനേടിയശേഷം കാലഗതി പ്രാപിച്ച ഒരു വാമനദമ്പതിമാരുടെ പുത്രനായ ജൂലിയസ്സ് അവരുടെ സമ്പാദ്യപ്രകാരമുള്ള കുറെ കെട്ടിടങ്ങൾ വാടകയ്ക്കുകൊടുത്തു് അതിൽനിന്നുള്ള ഗണ്യമായ ആദായം കൊണ്ടു കഴിച്ചുകൂട്ടിവരുന്നു. അഖിലലോകസമ്മേളനമെന്ന അഭിപ്രായം ഇയ്യാളിൽനിന്നാണു് ആദ്യം പുറപ്പെട്ടതു്. ഈ സംരംഭത്തിൽ ചേരുവാനും, സമ്മേളനത്തിൽ പങ്കുകൊള്ളുവാനും തയാറാണെന്നു് 3.0 വാമനന്മാർ ഫ്രാൻസിൽനിന്നും കമ്മററിക്കാരെ അറിയിച്ചിരിക്കുന്നു എന്നു് ഇയ്യാൾ അഭിമാനപൂർവ്വം പറയുന്നു.

മി: ഗാണ്ടു് പറയുന്നതു കേൾക്കുക: "ലോകത്തിൻെറ എല്ലാഭാഗങ്ങളിലുമുള്ള വാമനന്മാരിൽ ഒരു നല്ലഭാഗം ഈ സമ്മേളനത്തിൽ പങ്കുകൊള്ളുന്നതായാൽ അതു് ഞങ്ങളുടെ ഈ സ്ഥലത്തേക്കു യാത്രക്കാരെ ആകർഷിക്കുവാൻ ഒരു ഒന്നാംക്ലാസ്സുമാർഗ്ഗമായിരിക്കയും ഇതുമൂലം ഞങ്ങൾക്കു സാദ്ധ്യപ്രായങ്ങളായ സംഗതികളെ ലോകരെ മനസ്സിലാക്കുവാൻ സാധിക്കയും ചെയ്യും.

"അഖിലലോകസമ്മേളനത്തിൻെറ പ്രധാനോദ്ദേശങ്ങൾ പറയാം. വാമനസമുദായത്തെ ബന്ധിക്കുന്ന ശൃംഖലയെ ശക്തിപ്പെടുത്തുകയെന്നതാണു് ഒന്നാമത്തെ ഉദ്ദേശം. ഞങ്ങളുടെ പാരമ്പര്യം സൂക്ഷിക്കുകയും, പ്രത്യേകാകൃതിമൂലം ഞങ്ങൾക്കുള്ളസൗകര്യങ്ങളെ ഞങ്ങളുടെ സന്താനങ്ങൾ അനുഭവിക്കയും ചെയ്യുന്നതിനായി മററുസമുദായങ്ങളുമായി– വലിപ്പക്കൂടുതലുള്ളവരുമായി—ഉള്ള മിശ്രവിവാഹം നിർത്തൽചെയ്യുന്നതി

ന്ന് ഒരു നിയമം നടപ്പിൽവരുത്തുവാൻ ഗവർമ്മെൻറിനോടപേക്ഷിക്കയെന്നതു് രണ്ടാമത്തെ ഉദ്ദേശം. ഈ ഉദ്ദേശങ്ങൾ സാധിക്കുന്നതിന്നു ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന പ്രത്യേകതകളെ ഞങ്ങൾ ശരിയായി ഉപയോഗിക്കേണ്ടതത്യാവശ്യമാണു്. നാലടിഉയരത്തിൽ കെട്ടിടങ്ങളും, ഞങ്ങളുടെ ആവശ്യമനുസരിച്ച് വലിപ്പക്കുറവായി സാധനസാമഗ്രികളും ഞങ്ങൾക്കായി നിർമ്മിക്കയാണെങ്കിൽ ഞങ്ങളുടെ ധനസ്ഥിതിയിൽ വരാവുന്ന ശുഭകരമായ വ്യത്യാസങ്ങളെപ്പററി ആലോചിച്ചുനോക്കുക. കുട്ടികളെ അരടിക്കററിന്നു അനുവദിക്കുന്നതുപോലെ വലിപ്പമനുസരിച്ച് വാമനന്മാരെയും നാടകശാലകളിലും, തീവണ്ടികളിലും മററും പ്രവേശിക്കുന്നതിന്നനുവദിച്ചാൽ ഞങ്ങൾക്കു ധാരാളം ലാഭത്തിന്നു വഴിയുണ്ടു്. ഞങ്ങളുടേ വസ്ത്രങ്ങൾ ഇന്നു പ്രത്യേകം ഉണ്ടാക്കേണ്ടതായിവരുന്നു. ഞങ്ങളുടെ വലിപ്പത്തിനൊത്ത വസ്ത്രങ്ങൾ ഒരു കച്ചവടക്കാരും വില്പനക്കായി മുൻകൂട്ടി തയാറാക്കിവയ്ക്കാറില്ല. ഇതും പരിഹരിക്കപ്പെടേണ്ട ഒരു സംഗതിയാണു്. സംഗീതം, കായികാഭ്യാസങ്ങൾ, നൃത്തം മുതലായവ പ്രത്യേകമായി അഭ്യസിപ്പിക്കുന്ന വാമനവിദ്യാലയങ്ങൾ ഞങ്ങൾക്കായിതന്നെ ഉണ്ടാകേണ്ടതുണ്ടു്. ഈ അഭ്യസനമാണു് ഞങ്ങളുടെ തൊഴിലിന്നു അത്യാവശ്യം.

ഈ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തുന്നതിന്നു് ഞങ്ങൾക്കു ഗവർമ്മൻറിൻെറ സഹായം അത്യാവശ്യമാണു്. ഞങ്ങളുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ധാരാളം "ചെറുമനുഷ്യർ" വരുന്നപക്ഷം അവരെ സ്വീകരിക്കുന്നതിന്നായി ഭോജനശാലകളിൽ പ്രത്യേകം ഏർപ്പാടുകൾ ചെയ്യേണ്ടതായുണ്ടു്. കൂടുതൽ വിലകൊടുത്തു് കുറച്ചുസാധനങ്ങൾ അവർ ഉപയോഗിച്ച് നഷ്ടം സഹിക്കേണ്ടതായി വരുന്നതു് അനീതിയാണു്. വലിയ കട്ടിലുകളിലും കസാലകളിലും കോവണിവഴി കയറേണ്ടതായിവന്നാൽ അതു ഞങ്ങൾക്കു അസുഖത്തിന്നും അസൗകര്യത്തിന്നും കാരണമായി തീരും. ഒരു ബാലസമ്മേളത്തിന്നു വേണ്ട സജ്ജീകരണങ്ങൾ കൂട്ടുന്നതുപോലെതന്നെ ഹോട്ടലുകാർ ഇതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതത്യാവശ്യമാണു്. സമ്മേളനസൗകര്യത്തിനായി ഒരു പർലമെൻറുമന്ദിരം മനോഹരമായ മാർഗ്ഗററുദ്വീപിൽ സ്ഥാപിച്ചാൽ കൊള്ളാമെന്നു ഞങ്ങൾ ആദ്യം ആലോചിക്കയുണ്ടായി. പക്ഷേ പണത്തിൻെറയും സമയത്തിൻെറയും ദൗർലഭ്യംകൊണ്ടു് അതു അടുത്ത സമ്മേളനാവസരത്തിലേക്കു മാററിവച്ചിരിക്കയാണു്."

ലിലിപുഷ്യൻനാടകശാലയിലെ നടനതാരവും, നടനകലയിൽ ധാരാളം ഖ്യാതി സമ്പാദിച്ച ആളുമായ മിസ്സ് ജൂലിയാജാസ്പർ വാമനാവകാശങ്ങൾക്കായി ശക്തിയായി പ്രചരണവേലചെയ്യുന്ന ഒരു സ്ത്രീരത്നമാണു്. "ഞങ്ങളെക്കാൾ വലിപ്പം കൂടുതലുള്ള ആളുകളിൽനിന്നുണ്ടാകുന്ന ദൂഷണം നിൽക്കുകയും, ഞങ്ങളുടെ വലിപ്പക്കുറവുകൊണ്ടുള്ള ഗുണങ്ങൾ ഞങ്ങൾതന്നെ അനുഭവിക്കാൻ ഇടവരികയും ചെയ്യുന്നപക്ഷം ജീവിതം സുഖമായി ഞങ്ങൾക്കു തോന്നുവാനും ഒരുകൂട്ടം ചെറുപൈതങ്ങളെപ്പോലെ സന്തോഷിച്ച് കഴിച്ചുകൂട്ടുവാനും ഞങ്ങൾക്കു സാധിക്കും."

പ്രണയം, വിവാഹം, എന്നിവിഷയങ്ങളെപ്പററി അവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുവാൻ വിഷമമുള്ളവയല്ല. വാമനാഭിവൃദ്ധിയെ പുലർത്തുന്നതിന്നു പരിശ്രമിക്കുന്ന സന്ദേശവാഹകന്മാർ എല്ലാവരും, വലിപ്പക്കൂടുതലുള്ള ഒരാളോടു് ഒരു വാമനവ്യക്തിക്കു ആകർഷണംതോന്നുന്നതു ആ സമുദായത്തോടുള്ള (വാമന) ഒരപരാധമാണെന്നും, അതു ഇല്ലാതെയാക്കുവാൻ എന്തും പ്രവർത്തിക്കുന്നതിൽ വിരോധമില്ലെന്നും, ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. മിശ്രവിവാഹം ഇവരുടെ ഇടയിൽ വളരെ ചുരുക്കമായേ ഉണ്ടാവാറുള്ളു. എന്നാൽ ചുരുക്കത്തിലുള്ള ഈ സമ്പ്രദായംപോലും നിൽക്കേണ്ടതു് അത്യാവശ്യമാണെന്നാണു ഇവരുടെ വാദം. വാമനസമുദായം ഈ കാരണംകൊണ്ടു മററുസമുദായങ്ങളിൽനിന്നു അകന്നു നിൽക്കേണ്ടതാണെന്നു ഇവർ ഉദ്ഘോഷിക്കുന്നു. "ഇനിയും വലിപ്പംകുറഞ്ഞകുട്ടികൾ കൂടുതൽ ജനിക്കട്ടെ". ഇതാണു് മെസ്സേഴ്സ് പാപ്പ്, ഗാണ്ടു് ഇവരുടെ അഭിപ്രായം! ഇവർ ഇരുവരും അവിവാഹിതരുമാണു്.

"ഞാൻ പോയാൽ.

പി. പി. നമ്പ്യാർ, ബി. എ. (ഓണേഴ്സ്)

(ഗാഥ.)

ഞാൻപോയാലോമനേ! നീലാംബരിയിൽനീ-
യെൻനാമംചൊല്ലി വിലപിക്കല്ലേ."

എൻനെഞ്ചിൻമേലേനീ നട്ടുവളർത്തല്ലേ
സുന്ദരമാകിന റോസയൊന്നും;

എന്നുത്തമാംഗത്തിൻ നേരേനീ നിർത്തല്ലേ-
യെന്നോർമ്മയ്ക്കായി തുളസിയൊന്നും;

എൻെറ മുകളിലായ് പച്ചപ്പുൽ വാഴട്ടെ
എന്നും പനിമഴത്തുള്ളി വീഴ്ത്തി;

ഓർക്കുന്നതാകിലെൻ നാമത്തെയോർക്കുക
അല്ലായ്കിലെന്നെ മറന്നുകൊൾക;

"ഞാൻപോയാലോമനേ! നീലാംബരിയിൽ നി-
യെൻനാമം ചൊല്ലി വിലപിക്കല്ലേ."

വഞ്ചന തൊട്ടുള്ള ദുഷ്കൃതിയൊന്നുമേ-
യെൻചിത്തരംഗമിളക്കുകില്ല;

വൻതാപമൊട്ടു ശമിപ്പിച്ചിടുന്നതാം
പേമാരിയൊന്നും ഞാൻ കാണുകില്ല;

മാനസം ചെററു ഭയത്താലിളക്കുമ-
ക്രൂമൻതൻ കൂജിതം ശ്രാവ്യമല്ല;

മാന്തളിർതിന്നു മദിച്ചൊരിളംകുയിൽ
പഞ്ചമരാഗത്തിൽ പാടിടുന്ന

ഗീതങ്ങളൊന്നുമേ കേൾക്കുകയില്ലഞാ-
നാതങ്കമെല്ലാ മകന്നശേഷം.

നിത്യസുഖത്തിലാമഗ്നനായീശ്വര-
സന്നിധി പൂക്കു വസിച്ചിടും ഞാൻ;

എന്നൊന്നും സന്തോഷം വാഴുമദ്ദേശത്തി-
ലൊന്നില്ലിരുളെന്ന പേരുമായി;

അട്ടിക്കിൽ വാണുഞാനെല്ലാംസ്മരിച്ചിടാം,-
മല്ലായ്കിലെല്ലാം മറന്നുകൊള്ളാം.

"ഞാൻപോയാലോമനേ! നീലാംബരിയിൽ നീ-
യെൻനാമം ചൊല്ലി വിലപിക്കല്ലേ."

ഉദ്യോഗം (Industry)

കണ്ണമ്പുഴ കൃഷ്ണവാര്യർ, സംസ്കൃതവിദ്വാൻ.

ഒരു കച്ചവടക്കാരൻ അയാളുടെ ചരക്കുകൾ ചിലവാക്കി പണമാക്കാൻ എപ്പോഴും പണിയെടുക്കുന്നു; പോർമല്ലനായ ഒരു പോരാളി അടർക്കിടയിൽ വെന്നിക്കൊടി നാട്ടാൻ 'തുരിശം'കൂട്ടുന്നു; മിടുക്കനും കരൾ തെളിച്ചമുള്ളവനുമായ കുട്ടി അറിവുനേടാനും മററുമായി തയാറാവുന്നു; കൊതിച്ചതു കൈക്കലാക്കാൻ നല്ല നെഞ്ഞുറപ്പോടുകൂടി ഞായത്തെത്തുടർന്നു ചെയ്യുന്ന ഓരോ വേലയും ഓരോ "വ്യവസായ"മാകുന്നു

ശരീരം പ്രവൃത്തിക്കായി രചിക്കപ്പെട്ടതാണു്. നമ്മുടെ മാനസീകവും ശാരീരികവുമായ ശക്തിവിശേഷങ്ങളത്രയും വ്യവസായാനുകൂലങ്ങളാകുന്നു. അങ്ങനെയല്ലാത്തപക്ഷം, കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും അനാവശ്യകങ്ങൾതന്നെ. ഉദ്ദേശ്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ടവയെ അതറിഞ്ഞു് ഉപയോഗപ്പെടുത്താതെ ഇരുന്നാൽ, അവ നിരൎത്ഥകങ്ങളായ സൃഷ്ടികളാകുമല്ലോ അതുകൊണ്ടു്, അവ അലസങ്ങളാവാൻ അവസരം അരുളുന്നതു് ആശാസ്യമല്ല. ഇന്ദ്രിയങ്ങളെ മന്ദബലങ്ങളാക്കിയാൽ ജീവിതത്തേ മുന്നോട്ടുനയിക്കുവാൻ സാദ്ധ്യമല്ല. സാദ്ധ്യങ്ങളെ നേടുകയെന്നതാണു് ഇന്ദ്രിയങ്ങളെക്കൊണ്ടുള്ള ഫലം; അവയ്ക്കു പൎയ്യാപ്തമായ പ്രവൃത്തി നാം കൊടുക്കുന്നില്ല എങ്കിൽ, അനന്തങ്ങളും അജയ്യങ്ങളുമായ ആശകളാൽ മനുഷ്യജീവിതം കണ്ണീർത്തുവിത്തന്നെ കുഴിയിൽ പെട്ടുപോവുന്നു. വ്യാവസായികൻ പ്രകൃതിയിലെ ദൃശ്യങ്ങളെ പരിഷ്കരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അയാൾ വേണ്ടപ്പെട്ടവയെ വേണ്ടുന്നായിടങ്ങളിൽ ഉറപ്പിക്കുന്നു; ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവയെ ഉപയോഗപ്പെടുത്തുന്നതിനായി സന്നദ്ധങ്ങളാക്കുകയും ചെയ്യുന്നു.

സാന്മാൎഗ്ഗികമായി, ആഴിയിൽത്തിരയന്നോണം, ചെയ്യപ്പെടുന്ന അനുചിന്തനം മനസ്സിന്റെ നല്ലൊരു വ്യവസായമാണു്. ഓരോ വിഷയത്തിലും സമീചിനമായ ഭാവനയെ ഉത്തേജിപ്പിക്കുന്നതിനുള്ള ശക്തിയെ അതു് ഹൃദയത്തിനു കൊടുക്കുന്നു. ഓരോ കാൎയ്യങ്ങളിലും നിരന്തരമായി വ്യാപരിപ്പിക്കുന്നു എന്നതുകൊണ്ടു്, ഹൃദയം അചിരേണ അതിശയനീയമായ പ്രഭാവത്തെ പ്രാപിക്കുന്നു.

ശാരീരികമായ പരിശ്രമം ഇന്ദ്രിയങ്ങളെ ശുദ്ധങ്ങളും സുഖാത്മകങ്ങളുമാക്കുന്നു. ശരീരത്തിൽ അങ്ങുമിങ്ങും കെട്ടിക്കിടക്കുന്ന അഴുക്കുകളേയും, മാംസപിണ്ഡങ്ങളേയും അകററി, അടഞ്ഞുകിടക്കുന്ന രോമസുഷിരാദികളെ തുറക്കുവാൻ ആ പരിശ്രമം കൂടിയേകഴിയൂ. അതാതംഗങ്ങൾക്കു് ആവശ്യമുള്ള ബലത്തെ സംഭരിക്കുവാനും ശരീരധാരണത്തിനു് വേണ്ടുന്ന ചൂടിനെ എല്ലായിടത്തും സമീകരിച്ചു നിറുത്തുവാനും വ്യവസായം ഒഴിക്കാൻപാടില്ലാത്ത ഒന്നാണു്. ദൈഹികമായ പരിശ്രമം കൂടാതെ ആരോഗ്യപരിപാലനംചെയ്യാനോ; ജീവിക്കാൻതന്നെയോ സാദ്ധ്യമല്ല എപ്പൊഴും നല്ലവണ്ണം ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിലേ മാധുൎയ്യവും നൈൎമ്മല്യവും കലൎന്ന ജലം ലഭിക്കയുള്ളൂ. ദുൎഗ്ഗന്ധപൂൎണ്ണവും രോഗാണുസംകുലിതവുമത്രേ തടാകജലം. കാററു സുഖിക്കാൻ പററിയ സ്ഥലം കല്ലറയല്ല, മൈതാനമാണു് എന്നു് ഏവരും സമ്മതിക്കും. ഇരുമ്പിരുന്നാൽ തുരുമ്പുപിടിക്കും; ചിരകാലം പെട്ടിയിൽ പൂട്ടിവെയ്ക്കപ്പെടുന്ന കനകാഭരണത്തിന്റെ പോലും കാന്തിക്കൊരു മങ്ങലുണ്ടായിപ്പോകുന്നു ഒരു തുടച്ചുമിനുക്കൽകൂടാതെ അതു് ഉപയോഗിക്കാൻ വിലാസിനിമാരൊക്കെ ഒന്നു മടിക്കും. ഉഴുതു് കീറി വിതയ്ക്കപ്പെട്ട ഭൂമിയിൽനിന്നു് വിശിഷ്ടഫലങ്ങളുളവാകുന്നു; തരിശുനിലത്താകട്ടെ, താളും തകരയും തെരുതെരെ വളരുകയായി.

ഇരിക്കുന്നതു് ഇരുന്നു നരകിക്കും; ഇളകുന്നതു് ഇളകിയുറയ്ക്കും. സകല ജീവജാലവും പരിശ്രമംകൊണ്ടു് ആരോഗ്യത്തെ സുരക്ഷിതമാക്കുന്നു. വിധിനിശ്ചയത്തിനു് അനുഗുണമായവിധം താന്താങ്ങളുടെ കൎമ്മങ്ങളിൽ വ്യാപരിക്കുവാൻ സമുല്ലങ്ങളാവുകയും ചെയ്യുന്നു നമ്മുടെ അകത്തും പുറത്തുമുള്ള ശക്തികളെ അനുസ്യൂതമായ അഭ്യാസംകൊണ്ടു് അനുഗുണങ്ങളായ കർമ്മങ്ങളിലേയ്ക്കു് സംക്രമിപ്പിക്കാൻ നമുക്കു സാധിക്കണം; നിരന്തരമായ പരിശ്രമം നമുക്കുണ്ടായിരിക്കണം. അത്രേ വേണ്ടു.

ആലസ്യം, അഥവാ മടി, ലോകത്തെ നിരന്തരദുഃഖത്തിലിട്ടു് നട്ടംതിരിക്കുന്നു. ഒരുവൻ ആയുഷ്കാലത്തിൽ അനുഭവിക്കുന്ന ദുരിതങ്ങളിൽ ഏറിയകൂറും മടിയുടെ സന്താനമാണെന്നു് നിഷ്പ്രയാസം പറയുവാൻ കഴിയും. സിമർമാൻ (Zimmerman) ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്.

"Which is real hereditary sin of humanity?
Do you imagine that I shall say pride or luxury
Or ambition? No! I shall say indolence
He who conquers that, can conquer all."

'ലോകത്തിനു പരമ്പരയായി വന്നുകൂടുന്ന പാപം ഏതാണു? അഹങ്കാരം ദുൎവ്വ്യയസ്വഭാവം അതികൊതി ഇവയിൽ വല്ലതുമാണോ?' ആരെങ്കിലും ഇങ്ങനെയൊന്നു ചോദിക്കട്ടെ; ഞാൻ പറയും, 'മടിയാണു് ആ ദുരിതം' എന്നു്. ആരാണോ ഒന്നാമതായി മടിയെ ജയിക്കുന്നതു് അവൻ ലോകത്തെ ജയിക്കും.

മേൽപറഞ്ഞ വാക്യങ്ങളുടെ ആന്തരാൎത്ഥം വളരെപ്പേരും ആലോചിക്കുന്നില്ല. വംശപാരമ്പൎയ്യമായി വന്നുകൂടുന്ന പാപമാണു് മടി എന്നു് എങ്ങനെ പറയാം? മനുഷ്യസ്വഭാവംതന്നെ മടിയുടെ ബദ്ധശത്രുവാകുന്നു എന്നു പ്രായേണ സംശയിക്കുന്നു. എന്നാലും ലോകത്തിൽ മടിയന്മാർ ഒന്നല്ല, രണ്ടല്ല, ആയിരവുമല്ല എന്നു് എല്ലാവൎക്കും അറിയാവുന്നതുതന്നെ.

പ്രകൃതി, ആലസ്യത്തെ അല്പവും സഹിക്കുന്ന കൂട്ടത്തിലല്ലയെന്നതു്, അതിനെ ഒന്നു പരിശോധിച്ചാൽ ആൎക്കും അറിയാം. എന്നാൽ പിന്നെ ആ പ്രകൃതി എങ്ങനെ ആലസ്യമവലംബിക്കാനാണു്! ഗേഥേ പറയുന്നു: —

"സന്തതവികൃതേ: പ്രകൃതേർ-
ന വിരാമോദൃശ്യതേ ജാതു!
സാകിലനിന്ദതിജഡതാം
ദുരിതപ്രായാം ദുരന്താംച."

വിജ്ഞാനസ്ഫുടിതമായ എല്ലാ ഹൃദയത്തിൽനിന്നും ഇതേ അഭിപ്രായമാണു ലോകത്തിൽ പരന്നിട്ടുള്ളതു്. നമ്മുടെ പരിതഃസ്ഥിതികളും ഇതിനെത്തന്നെ വെളിവാക്കുന്നു. നാമൊരാഴിക്കരയിൽച്ചെന്നിരിക്കുമ്പോൾ, തിരകൾ ചുരുട്ടിക്കൊണ്ടുതന്നേ ഇരിക്കുന്ന കടലിന്റെ മിനുക്കെടാത്ത ചെസ്സുനകളേയോ, എത്ര വെട്ടിക്കിളച്ചുകളഞ്ഞാലും പിന്നെയുംപിന്നെയും തലയുയൎത്തിവരുന്ന മുത്തങ്ങാപ്പുല്ലിന്റെ നെറിയുററ ഉണൎച്ചയേയോ മററോ കാണുമ്പോൾ നേരറിയും, "എപ്പോഴും മാറിമാറി നിറം പകൎന്നുകൊള്ളുന്ന 'പ്രകൃതി' ഇടവിടാതെ ജോലിചെയ്തുകൊണ്ടുതന്നേ ഇരിക്കയാണു്"എന്നു്.

'അംശാദിത്യൻ' അംശങ്ങളിലെങ്ങും സ്ഥലംപിടിച്ചിട്ടുള്ള പ്രകൃതിദേവി സൃഷ്ടിസംഹാരാദികാൎയ്യങ്ങളിൽ എന്നും ജാഗരൂകയായിത്തന്നേ വൎത്തിക്കുന്നു. ഒരു നദി പറഞ്ഞുംകൊണ്ടു പോകയാണു: —
"വരട്ടെ മാനവൻ, വരാതിരിക്കട്ടെ
ശരിക്കുഞാൻ യാത്രതുടൎന്നിടും ദൃഢം"

പ്രകൃതി മററുള്ളോൎക്കുവേണ്ടി എന്നും പണിയെടുക്കുന്നു; മനുഷ്യനോ, മിണ്ടാതിരുന്നു് മനപ്പാൽ നുകരുന്നു. പരിഷ്കാരത്തിന്റെ പിടിച്ചുകയററം പ്രായേണ ചെറുപ്പക്കാരെ 'അനങ്ങാപ്രാണി'കളാക്കിയിട്ടുണ്ടു്. എന്റെ 'മുത്തശ്ശി' പറയാറുണ്ടായിരുന്നു,
"അനങ്ങിയാലാമയമൊന്നിനൊന്നു
കനക്കുമാറുള്ളൊരു നിന്റെദേഹം
കാററുവെന്നാൽമതി പഞ്ഞിപോലെ
പറന്നുപോവാ;നിതുതന്നെ ലോകം"
"ആരോഗ്യനാശത്തിനു ഹേതു കാല-
വ്യത്യാസമാവാം ചിലനേര;മെന്നാൽ
മിക്കപ്പൊഴും തന്നുടെ വൃത്തിയത്രേ
തൻദേഹസൌഖ്യത്തിനു മുഖ്യഹേതു"

ചിലർ പൂൎവ്വസ്വഭാവത്തിനെക്കണ്ടും, മററു ചിലർ വിധിവാമത്തെപ്പഴിച്ചും വേറൊരു കൂട്ടർ കാലസ്ഥിതിയെ വിനിന്ദിച്ചും തങ്ങളുടെ ആലസ്യത്തെ മൂടിവെയ്ക്കുന്നു; അഥവാ അവരാരും തങ്ങളെ വഴിപിഴപ്പിക്കുന്നതു മൂത്ത മടിയാണെന്നറിയുന്നില്ല. തൊഴിലെടുക്കാത്തവരുടെ ഇടയിൽ, തൊഴിലില്ലായ്മക്കമ്മട്ടി കമ്മട്ടം കാട്ടിപ്പിരിയുകയല്ലാതെ എന്തുചെയ്യാനാണു്.!!

കാലമറിഞ്ഞു വേലയെടുക്കുന്ന ചൊറുചൊറുപ്പുള്ള മിടുമിടുക്കന്മാരാണു ലോകച

രിത്രത്തെ പ്രശസ്തതരമാക്കുന്നവർ. മടിയനായ പണക്കാരൻ, താൻകുടിക്കുന്ന ബെസ്റ്റ്കാഫി പാവങ്ങളുടെ വിയർപ്പുതുള്ളികളാണെന്ന് എന്നറിയും; താൻ വമിക്കുന്ന ചുരുട്ടപ്പുക സാധുക്കളുടെ ജാഠരാഗ്നി കരിഞ്ഞുപൊങ്ങുന്നതാണെന്ന് എന്ന് മനസ്സിലാക്കും; താൻ ശാപ്പെടുന്ന ചതുർവ്വിധവിഭവങ്ങൾ പട്ടിണിപ്പരിഷയുടെ പചിക്കപ്പെട്ട മജ്ജാസ്ഥിമേദസ്സുകളാണെന്ന് എന്നറിവാൻതുടങ്ങും, അന്ന് മാത്രം നമുക്ക് മനുഷ്യചരിത്രത്തിൻെറ ഒരു സജീവരൂപം കാണാം. അന്നു ലോകത്തിൻെറ ഒരു സുവർണ്ണകാല്യവേല നമുക്ക് കാണാം; അന്നു തന്നേ നമുക്ക് ലോകത്തിൻെറ ഒരു സുവർണ്ണജാതകം എഴുതാം. രണ്ടത്തൊന്നു പണക്കാരുടെ സന്തോഷച്ചിരി, രണ്ടുകോടിപ്പാവങ്ങളുടെ നിലവിളിയുടെ ഫലമാണെന്ന് വന്നാൽ, ആ ലോകസ്ഥിതി എത്രമേൽ നികൃഷ്ടവും ബീഭത്സവുമായിരിക്കും?

അലസതയാകുന്ന "പിള്ളതീനി" യുടെ അരുമസ്സന്താനങ്ങളാണ് അനന്തങ്ങളായ രോഗാണുക്കൾ.

> "അനുദ്യോഗം മഹാരോഗോ
> നരം രഹസി ഹന്തി വൈ,
> ആപാതതഃ സുഖാകാരോ
> മഹാദുഃഖാകരോഹിസഃ"

എല്ലുമുറിയെപ്പണിചെയ്യാതെ പല്ലുഞെരിയെത്തിന്നുന്നപച്ചപ്പാപി 'പിച്ച'യ്ക്കും പിച്ചയാണെന്ന് പിച്ചക്കൂടാതെതന്നെ പറയാം. തനിക്കോ മറ്റൊരുത്തനോ വേണ്ടി ഒന്നും ചെയ്യാനാവാത്ത ഒരുവൻെറ പിറവി പറവയുടെതിനേക്കാൾ പരമകഷ്ടംതന്നെ. മറ്റൊരാൾ ഉരുളയുരുട്ടി വായിൽത്തന്നാൽ പിന്നെയും "അതു പാകപ്പെട്ടത്താൻ പല്ലും നാക്കും നോക്കിക്കൊള്ളും; അല്ലെങ്കിൽ അതിറങ്ങേണ്ടാ" എന്നു കരുതുന്ന കുഴിമടിയന്മാർ ഇന്നൊട്ടും അപൂർവ്വമല്ല. ഒരു വാത്സല്യമുള്ള പിതാവു് തൻെറ അരുമമകനോട് ഒരിക്കൽ പറഞ്ഞു.

> "മന്യേഹമനിശം വത്സ,
> ജഡതാംജീവഘാതിനിം;
> വർദ്ധിതേ പീന്ദ്രിയഗ്രാമേ
> തയാജീവോ നിപാത്യതേ."

തൊഴിലൊന്നുമെടുക്കാത്തവൻെറ സങ്കല്പസൃഷ്ടികളാണ് ലോകത്തിലേ മിക്ക ആപത്തുകളും. കുത്തും വെട്ടും, കൊല്ലും കൊലയുമെല്ലാം അവൻെറ പ്രവൃത്തികളാകുന്നു. വ്യായാമരാഹിത്യം ഹൃദയശരീരങ്ങളെ അതിദുർബ്ബലങ്ങളാക്കുന്നു. സ്വസ്ഥൻെറ ജീവിതം നിഷ്പ്രയോജനവും ആപൽബഹുലവും, ആയുസ്സ് അത്യല്പവുമായിത്തീരുന്നു. ഒരുവനു ജീവിതത്തിൽ സമ്പാദിക്കുവാൻ കഴിയുന്ന ദുഷ്കൃത്യങ്ങളിൽ അതിപ്രധാനമായതു് ആലസ്യവും തൽഫലങ്ങളുമാണ്. ദുർജ്ജനങ്ങളുടെ പ്രാണപ്രേയസിയായ ജഡത, സകലദുരിതങ്ങളുടേയും ജനനിയാണ്; തൻെറ മക്കളാൽ പോഷിപ്പിക്കപ്പെടുന്ന അവൾ ആദ്യം തൻെറ ഭർത്താവിനെ കൊല്ലുന്നു; പതിയുടെ നാശത്തോടുകൂടി അവളും സ്വയം നാശമണയുന്നു.

മേല്പറഞ്ഞതിൽനിന്ന് വിശ്രമം അനാവശ്യകമാണെന്ന് അർത്ഥമാക്കാൻ പാടില്ല. നിദ്ര, വിശ്രമത്തിൻെറ പതിയും, ഉണർച്ചയുടെ മാതാവുമാകുന്നു. എങ്കിലും അതിനെ ഒരു നിശ്ചിതപരിധിയിലേ നിറുത്തുവാൻ പാടുള്ളു. ഒരു വിദഗ്ദ്ധപണ്ഡിതനു ആറും, വനിതാജനത്തിനു ഏഴും, ബുദ്ധിശൂന്യനായ മനുഷ്യനു് എട്ടും മണിക്കൂറുകൾ വീതം ഉറങ്ങാമെന്നാണ് പാശ്ചാത്യകവികളിൽ പലരും പറഞ്ഞിട്ടുള്ളതു്. ജീവിതയാപനത്തിൽ ഇന്നു് കാണപ്പെടുന്ന തിക്കും തിരക്കും നിമിത്തം പരിക്ഷീണിതരാകുന്നവർക്ക് ഉറക്കം ഒരു നല്ല തണലാണെന്നതിനു് സംശയമില്ല. എന്നാലും അതിനിദ്ര അനാശാസ്യമാണ്.

'ആലസ്യ' അണുപോലുമില്ലാത്ത ഒരു കുട്ടി എപ്പോഴും ഉത്സാഹശീലനായിത്തന്നെ കാണപ്പെടുന്നു. കളിക്കുമ്പോൾ ആ കുഞ്ഞിനുള്ള ആനന്ദം കുറച്ചൊന്നുമല്ല അതാതിന്ദ്രിയങ്ങൾക്ക് വിഷയമാകുന്ന വ്യാപാരങ്ങളെ അനുകരിക്കുന്നതിൽ, കുഞ്ഞു് എപ്പോഴും ഉണർന്നിരിക്കും. കാൽ തല്ലിയും കയ്യടിച്ചും നിരന്തരമായ വ്യാപാരത്തോടു് പരിചയപ്പെടുന്ന ബാലൻെറ അവയവങ്ങൾ ധവളപക്ഷചന്ദ്രൻെറ കലകളെന്നവണ്ണം അനുദിനംവിരിഞ്ഞു് വളർന്നുവരുന്നു. ബാലന്മാർ സ്വസ്ഥമായി അധികംനേരം കിടക്കുവാൻ താല്പര്യപ്പെടുന്നില്ല. സൂര്യനുദിച്ചാൽ കുഞ്ഞുങ്ങളുടെ കൺപീലികൾ വിടരുകയായി. കിടപ്പ് മിക്കവാറും ഒരു 'സൊല്ല'യെന്നാണ് അവരുടെ ഭാവം. വയസ്സന്മാർ ദീർഘനിദ്രയെ ഭയന്നു് എത്രദൂരം അകലുവാൻ അതിപരിശ്രമം ചെയ്യുമോ, അത്രദൂരം അതുശ്രമം നിദ്രയെ വിട്ടുമാറാൻ കുഞ്ഞുങ്ങൾ തരിക്കുന്നു "ഹന്ത! നൽസ്വർഗ്ഗംതാൻബാല്യകാലം" എന്നുപറഞ്ഞ കേരളമഹാകവി ലോകപരമാർത്ഥവേദിയാണ്. കുട്ടിക്കാലം അനിമിഷാവസ്ഥയുടേയും അത്യാനന്ദത്തിൻേറയും ലീലാരംഗമാകുന്നു ബാലനും വൃദ്ധനും ഈശ്വരസാമീപ്യം അധികമുള്ളവരത്രേ! കുട്ടികൾ വളരുംതോറും അവരെ ഐഹികക്ലേശങ്ങൾ അലട്ടുന്നു. പാശ്ചാത്യഭവഭൂതിയെന്നു് പറയപ്പെടാവുന്ന വേർഡ്സ്വർത്ത്മഹാകവി പറഞ്ഞിട്ടുണ്ടു്:—

> "Heaven lies about us in our infancy;
> Shades of the prison-house begin to
> close upon the growing boy."

> "ശൈശവേവസതിസർവ്വതോപിനഃ
> പാലനൈകനിരതോജഗൽപതിഃ;
> സംസൃതിവ്യസനബന്ധലഗ്നഷാൽ
> ബാലകോപിഭവിതാശനൈശ്ശനൈഃ"

ശാഠ്യംപിടിച്ചാലും കുഞ്ഞുങ്ങളെ നിലത്തുകിടന്നു് പരിചയിപ്പിക്കാനുത്സാഹിക്കുന്ന "അമ്മമാരുടെ" തുമ്പില്ലായ്മയെ എത്ര നിന്ദിച്ചാലും മതിവരാൻ തരമല്ല. 'അമ്മമാരുടെ' ഈ നിർബന്ധബുദ്ധിയാണ് കുട്ടികളിൽ ആലസ്യബീജത്തെ അങ്കുരിപ്പിക്കുന്നതെന്നു് പറഞ്ഞേ പറ്റൂ.

മടി മനുഷ്യൻെറ ശരീരത്തിൽ വീടുകെട്ടിപ്പാർക്കുന്ന ഒരു വലിയ ശത്രുവാകുന്നു. ഉത്സാഹത്തെപ്പോലെ ഒരു ഉറ്റബന്ധു വേറെയില്ല. എന്തെന്നാൽ, ആ ചങ്ങാതിനമ്മുടെ ഒരുമിച്ചുണ്ടായാൽ തളച്ചു് നമ്മേ തീണ്ടുകയേ ഇല്ല.

പൌരുഷമെന്നപേർക്കൂടി പര്യായരൂപത്തിലുപയോഗിക്കാവുന്ന ഉദ്യമം സ്വാധീനത്തിലായവനു് ദൈവം വിദൂരത്തിലല്ല. താൻപാതി, രണ്ടാമത്തു് ദൈവംപാതി, ഈ 'പാതികൾ' പരസ്പരം കലർന്നു് ഒന്നായിത്തന്നെ ഇരിക്കയാണ്. മുജ്ജന്മസംസ്കാരങ്ങളാൽ ലബ്ധമായ കർമ്മശക്തിയെദൈവമെന്നു് പറയുന്നു; ആ പൂർവ്വജന്മസമ്പത്തിനെ പരിശ്രമംകൊണ്ടു ക്ഷണേന കരസ്ഥമാക്കാം ഉദ്യമത്തിൻെറ അടുക്കൽതന്നെയാണു ദൈവം കുടിയരുളുന്നതു്. സകലജനത്താലും വാഴ്ത്തപ്പെടുന്നതും, കരുമനകളെല്ലാം അകററിക്കളയുന്നതും, ആനന്ദപ്പൂന്തേൻ ചൊരിയുന്നതും, പലതരത്തിലുമുള്ള തടസ്സങ്ങളെ ഒന്നോടെ വെട്ടിത്തുലയ്ക്കുന്നതുമായ ഉദ്യോഗംതന്നേ ദൈവം. Lord Clorendon എന്ന പാശ്ചാത്യകവി പറഞ്ഞിട്ടുണ്ടു്:—

> "വിദ്യാ ന സാസ്തിജഗതീധികിലാനവദ്യാ
> യോദ്യോഗിനാഭവതിസാധയിതുംനയോഗ്യാ
> ഉദ്യോഗഏവ സകലലോകതികലാതിശായി
> സദ്യോദദാതിഛ ചിമാന്യപദംജനാനാം."

പാശ്ചാത്യപണ്ഡിതർ പറയുന്ന തത്വജ്ഞോപലം (Philosopher's Stone) ഈ പരിശ്രമംതന്നെയാണ്. ഏതു ലോഹങ്ങളും മററും സ്വർണ്ണമാവുന്നതും, ദാരിദ്ര്യം ഭയന്നോടുന്നതും, മംഗലദേവത അടുക്കൽ വന്നുപുഞ്ചിരിപൊഴിക്കുന്നതുംഉത്സാഹഫലത്താലാണ്. ഉത്സാഹിയെ ലക്ഷ്മീദേവിയും മന്ദനെ മൂധേവിയും വരിക്കുന്നു. അതാണ് പരമാർത്ഥം. അതറിഞ്ഞാൽ സർവ്വം ശുഭം.

ചിത്രം വരയ്ക്കാം

വി. എസ്സ്. എസ്സ്. ട്ടകണിയാർ,
(മഞ്ജരി.)

വയ്ക്കട്ടെടുത്താൻകവിഎന്തോകുറിക്കുവാൻ,
"എന്നെവരയ്ക്കുകെ"ന്നോതി വാനം.
താമരപ്പൂക്കളെ,മാമ്പലും, പൊയ്കയും
സാമോദം കൺമുമ്പിലെത്തിനോക്കി;
കാടും, മലകളും, കാർമുകിലും വന്നു
കണ്ണും, കരളും കവർന്നില്ലേക;
ആടുംമയിലുകൾ ആദരവോടോതി-
"ഭൃതാനുകമ്പ"യെ ചിത്രമാക്കാൻ!
കോൾമയിക്കൊള്ളിക്കും തെന്നൽവരും,രമ്യ-
കോടിമയിൽവരു,മന്നാംവരും;
ചേണററസന്ധ്യയിൽ വാനംമനോഹര-
'മാണിക്യകല്ലുകൾ' കാട്ടിത്തരും;
വേലയെടുത്തു കുഴങ്ങുന്ന പാവത്തിൻ-
തോളണിവേർപ്പിനെ ചിത്രമാക്കാൻ,
കോലങ്ങൾയാവും തുരുതുരെപ്പാഞ്ഞെത്തി-
കോലാഹലംകൂട്ടന്നെന്തുചെയ്യാം?
പ്രാകൃതികാനന്ദം സംപൂർണ്ണമായ്ത്തിങ്ങു-
മാകൃതി കണ്ടെത്താൻ സാധിച്ചെന്നാൽ,
ചിത്രീകരിച്ചിടാമക്കാഴ്ച;കണ്ടെന്നാൽ-
ചിത്രാഭമായേക്കും പക്ഷേലോകം.

ബുദ്ധമതതത്വങ്ങൾ.

കെ. പി. ഗോപാലമേനോൻ.

ഒന്നാമദ്ധ്യായം

ബുദ്ധന്റെജനനം.

"യദായദാഹിധർമ്മസ്യ
ഗ്ലാനിർഭവതിഭാരത!
അഭ്യുത്ഥാനമധർമ്മസ്യ,
തദാത്മാനം സൃജാമ്യഹം"

ഗീത അദ്ധ്യായം ൪ ശ്ലോകം ൭.

ഇക്ഷ്വാകുരാജവംശത്തിൽ ചേർന്നു്, ബുദ്ധൻ എന്നു പരമ്പരയാ വിളിക്കപ്പെട്ടുവരുന്ന കപിലവസ്തുവിലെ രാജാക്കന്മാരിൽ, സകലജനങ്ങളുടേയും സ്നേഹബഹുമാനവിഷയമായി ശുദ്ധോദനൻ എന്ന രാജാവും പ്രാണപ്രേയസിയായ മായാദേവിയും, രാജ്യത്തിനും പ്രജകൾക്കും വേണ്ട ഗുണങ്ങൾചെയ്തു്, ജീവിച്ചുവന്നു. പരിശുദ്ധമായ ജീവിതത്തിലും പരഗുണകാംക്ഷയിലും, ഈ വധൂവരന്മാർ അദ്വിതീയരായിരുന്നു.

ഈശ്വരാനുഗ്രഹത്താൽ മായാദേവി ഗർഭംധരിക്കുകയും, നാട്ടുനടപ്പനുസരിച്ചു് പ്രസവം തന്റെ സ്വഭവനത്തിൽ, തന്റെ മാതാപിതാക്കന്മാർ ഇരിക്കുന്ന സ്ഥലത്തു്, നടത്തണമെന്നു്, ഈ രാജ്ഞിക്കു താല്പര്യം ഉണ്ടാകയും ചെയ്തു. ഭർത്താവിനെ പിരിഞ്ഞു കുറെമാസങ്ങളെങ്കിലും കഴിക്കുന്നതിൽ മായാദേവിക്കു വ്യസനം ഉണ്ടായിരുന്നു എങ്കിലും, ആചാരത്തെ ധിക്കരിക്കരുതെന്നുള്ള നിഷ്ഠയാൽ, സ്വഭവനത്തിലേക്കു പോകുവാൻ അനുവദിക്കണമെന്നു പ്രിയഭർത്താവിനോടു പറയുകയും, അദ്ദേഹം സ്വാഭാവികമായി ഉണ്ടായ വ്യസനത്തെ മനസ്സിൽ അടക്കി, പൂർണ്ണാനുവാദം കൊടുക്കുകയുംചെയ്തു. എങ്കിലും കഴിയുന്നിടത്തോളം ഭർത്താവും ഒന്നിച്ചുതന്നെ താമസിച്ചു്, പ്രസവകാലം വളരെ അടുത്തപ്പോൾ മാത്രമേ മായാദേവി സ്വഭവനത്തിലേക്കു പുറപ്പെട്ടുള്ളു.

നന്നായി അലങ്കരിച്ചു സൌകര്യപ്പെടുത്തിയിട്ടുള്ള ഒരു പല്ലക്കിൽ, ദേവി യാത്ര ചെയ്കവെ, "ലംബിനി" എന്ന ഉദ്യാനത്തിൽ ചെന്നുചേരുകയും, അവിടെവച്ചു്, പ്രസവവേദന ആരംഭിക്കയാൽ ദേവി പല്ലക്കിൽനിന്നും താഴെ ഇറങ്ങി ഒരു വലിയ അരയാൽമരത്തിന്റെ നിഴലിൽ ഇരിക്കുകയുംചെയ്തു. അവിടെവച്ചു് അളവററ തേജസ്സോടും സർവ്വാംഗപുഷ്ടിയോടും കൂടിയ ഒരു പുത്രൻ ജാതനാകുകയുംചെയ്തു.

ഈ സമയത്തു ഭൂലോകമെല്ലാം വളരെ ശോഭിക്കുകയും, കരുടന്മാർക്കു കാഴ്ചയുണ്ടാകുകയും, ചെകിടന്മാർ വിശേഷമായ സംഗീതം കേൾക്കുകയും, ഊമയായിരുന്നവർ പെട്ടെന്നു സംസാരിക്കുകയും —എന്നുവേണ്ടാ, പലവിധമായ അത്ഭുതസംഭവങ്ങളും—ഉണ്ടായിപോൽ.

നാഗവംശത്തിൽ ചേർന്ന രാജാക്കന്മാർ പുറപ്പെട്ടു്, ഈ മഹാസംഭവത്തിൽ തങ്ങൾക്കുള്ള സന്തോഷത്തെ കാണിക്കുന്നതിനായി മഹാരാജാവിന്റെ അരമനയ്ക്കുവന്നു് അദ്ദേഹത്തിനു പുഷ്പാഭിഷേകം ചെയ്കയും, ഈ അവതാരപുരുഷന്റെ പിതാവായിത്തീർന്നതിൽ അദ്ദേഹത്തെ അനുമോദിച്ചു് സ്തോത്രംചെയ്തു സാഷ്ടാംഗനമസ്കാരംചെയ്കയുംചെയ്തു.

യാതൊന്നും മനസ്സിലാകാതേയും പുതുതായ സംഭവങ്ങളെ കണ്ടും കേട്ടും സന്തോഷസന്താപങ്ങളിൽ മുഴുകിയും, മഹാരാജാവു നിശ്ചലനായിരുന്നുപോയി.

മഹാറാണി മായാദേവിയോ—, ഈ വിശേഷകാഴ്ചകളേയും തന്റെ പ്രിയപുത്രന്റെ ജനനത്തിൽ ഉണ്ടായ ഭൂകമ്പത്തേയും കണ്ടു് കാര്യകാരണങ്ങൾ മനസ്സിലാകാതെ, വളരെ ഭയന്നു്, ജഗദീശനെ സ്തോത്രംചെയ്തും പൂജിച്ചും കാലംകഴിച്ചുവന്നു. താൻ ഇരുന്ന പല്ലക്കിനു സമീപം ഒരു വൃദ്ധസ്ത്രീനിന്നു്, തന്റെ കുമാരനു ദീർഘായുസ്സും ഐശ്വര്യവും ആശംസിച്ചുകൊണ്ടിരിക്കുന്നതിന്റെ അർത്ഥംകൂടി, മായാദേവിക്കു മനസ്സിലായില്ല.

മഹാരാജാവിന്റെ കൊട്ടാരത്തിനടുത്തുള്ള ഒരുദ്യാനത്തെ 'അസിത' എന്നു ജനങ്ങൾ വിളിച്ചുവന്നു. ഈ സ്ഥലത്തു് ഒരു ബ്രാഹ്മണൻ ലോകബന്ധങ്ങളെവിട്ടു സന്യാസവൃത്തിയിലിരുന്നിരുന്നു. വേദപുരാണങ്ങളിലും, തക്കശാസ്ത്രത്തിലും ഇദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യംപോലെതന്നെ, ജ്യോതിഷത്തിലും അദ്വിതീയമായ പാണ്ഡിത്യമുണ്ടായിരുന്നു. തൽക്കാലം ഉണ്ടായിക്കൊണ്ടിരുന്ന അസാധാരണസംഭവങ്ങളുടെ അർത്ഥം, ഇദ്ദേഹത്തിൽനിന്നും മനസ്സിലാക്കാമെന്നു വിചാരിച്ചു, മഹാരാജാവു് ഇദ്ദേഹത്തിനു് ആളയക്കുകയും, ഈ യോഗീശ്വരൻ വന്നു ഭൂജാതനായ കുമാരനെ കാണുകയും ഉണ്ടായി. താൻ സന്യാസം കൈക്കൊണ്ടു വസിച്ചിരുന്ന വനോദ്യാനത്തിന്റെ പേരായ "അസിതയിൽ"നിന്നും ഈ യോഗീശ്വരനെ ജനങ്ങൾ "അസിതൻ"എന്നു വിളിച്ചുവന്നു.

അസിതൻ, രാജകുമാരന്റെ മുഖത്തുനോക്കിയ ഉടനെ പൊട്ടിക്കരയുന്നതും, നെട്ടുവീർപ്പിടുന്നതും കണ്ടു്, മഹാരാജാവു് അന്ധാളിച്ചു് "എന്റെ പ്രിയപുത്രനെ നോക്കി അങ്ങു കരയുന്നതിനു കാരണം എന്തു? എന്നു ചോദിച്ചു. കരച്ചിൽ മാററി ഗൽഗദസ്വരത്തോടുകൂടി, അസിതൻ, മഹാരാജാവിനെ നോക്കി "അല്ലയോ മഹാരാജാവേ! ഇക്ഷ്വാകുവംശശിരോമണീ! നിന്നെപ്പോലെ മഹാഭാഗ്യവാൻ ആരെങ്കിലും ഉണ്ടോ. നിനക്കു ലഭിച്ചിരിക്കുന്ന ഈ പുത്രൻ, മനുഷ്യനല്ല. സാക്ഷാൽ പരബ്രഹ്മാവതാരമാണു്. ബ്രഹ്മത്തിൽ ലയിക്കാൻ സന്യസിച്ചുവന്ന ഞാൻ, അതുവിട്ടു്, ഈ അവതാരപുരുഷനെ വന്ദിക്കുവാൻ തുടങ്ങിയിരിക്കുന്നു. സകലദേവന്മാരും ഇനിമേൽ നിന്റെ പുത്രൻ എന്നു പറയുന്ന, ഈ മഹാശക്തിയെ സ്തോത്രംചെയ്യാൻ വന്നുചേരുമെന്നുള്ളതിനു സംശയമില്ല. മഹാരാജാവേ! അങ്ങേക്കു ഒരു സംശയവും വിചാരവും, വേണ്ടാ. ഈ കുമാരന്റെ ജനനത്തിലും, അതിനടുത്തും ഉണ്ടായ അത്ഭുതകാഴ്ചകളും, ഭൂകമ്പവും, അതിശയങ്ങളും, ഇവനാൽ സർവ്വലോകത്തിനും മോക്ഷമുണ്ടാകുമെന്നുള്ളതിനു അടയാളങ്ങളാണു്. ഈ കുമാരനാൽ, ഭൂലോകത്തിൽ വന്നുകൂടുന്ന നിർവ്വാണം കാണ്മാൻ, എന്റെ വാർദ്ധക്യാധിക്യത്താൽ എനിക്കു സാധിക്കയില്ലല്ലൊ, എന്നു വിചാരിച്ചു് ഞാൻ കരഞ്ഞുപോയതാണു്. എന്നാൽ സകലജീവജാലങ്ങൾക്കും മോക്ഷത്തെ കൊടുക്കാനാണു് ഈ ജനനം, എന്നുള്ളതിൽ സംശയമേയില്ല. ഈ കുമാരൻ സർവ്വലോകഭാരവും കയ്യേൽക്കുമെന്നുള്ളതും നിശ്ചയംതന്നെ ഉടഞ്ഞുപോയ കപ്പലിനെ സ്വീകരിക്കുന്ന സമുദ്രതീരത്തിനുതുല്യം തത്വപ്രചരണം ഇവനാൽ ഉണ്ടാകും. ഇവന്റെ ദൈവവിചാരമായ നിശ്ചലതടാകത്തിൽ മായാനിമഗ്നരായ മനുഷ്യപക്ഷികൾ ദാഹംതീർത്തു കൈവല്യംഅടയും. സംസാരസാഗരത്തിൽ മുങ്ങികിടക്കുന്നവർക്കു്, ഇവന്റെ തത്വപ്രചരണത്താൽ, മോക്ഷമുണ്ടാകും. അദ്വൈതം, അജ്ഞാനം, എന്ന സ്വയംകൃതദോഷത്താൽ, ബുദ്ധിമുട്ടുന്നവരെല്ലാം, ഇവനിലുള്ള വിശ്വാസത്തിനാൽ രക്ഷപെടും. സാധുക്കളേയും, നിസ്സഹായികളേയും, നികൃഷ്ടരേയും, വിമോചനം നൽകി അനുഗ്രഹിപ്പാനായി, നിന്റെ പുത്രസ്ഥാനത്തിൽ പരബ്രഹ്മശക്തി, അവതാരം ചെയ്തിരിക്കുന്നു. നിന്നേപ്പോലെ ഭാഗ്യവാൻ ആരെങ്കിലും ഉണ്ടോ?"

എന്നിങ്ങനെയെല്ലാം അസിതൻ വിവരിച്ചുപറയുന്നതുകേട്ടു് രാജാവും രാജ്ഞിയും അത്ഭുതപ്പെടുകയും, എല്ലാം ദൈവത്തിൽ സങ്കല്പിച്ചു പ്രിയപുത്രനു് 'സിദ്ധാർത്ഥൻ'എന്നു പേരിട്ടു വിളിച്ചുവരികയും ചെയ്തു.

ഒരുദിവസം മായാദേവി തന്റെ പ്രിയ സോദരിയായ പ്രജാപതിയെ വിളിച്ചു്, "അല്ലയോ സോദരി! ഇഹലോകത്തിൽ മഹാബുദ്ധനെ പ്രസവിച്ച എനിക്കു്, ഇനി പ്രസവം ഉണ്ടാകയില്ല. ജീവിതവും അധികദിവസത്തേക്കു ഇല്ല. എന്റെ പ്രിയപുത്രൻ, ഭർത്താവു, രാജ്യം എന്നിവകളേ വിട്ടു്, ഞാൻ പോകേണ്ടകാലം അടുത്തിരിക്കുന്നു. എനിക്കുശേഷം നീ എന്റെ പുത്രന്റെ അമ്മയായിരിക്കണം." എന്നു പറയുന്നതുകേട്ടു പ്രജാപതി ദുഃഖിച്ചുവീണു എങ്കിലും, വിശേഷജ്ഞാനത്താൽ തന്റെ പ്രിയസോദരി ആജ്ഞാപിച്ചതുപോലെ, ചെയ്യാമെന്നു വാഗ്ദാനംചെയ്കയും ചെയ്തു.

അധികദിവസങ്ങൾക്കു മുമ്പു മായാദേവി മരിക്കുകയും ബാലസിദ്ധാർത്ഥനെ പ്രജാപതീദേവി വളർത്തിക്കൊണ്ടുവരികയുംചെയ്തു.

(തുടരും.)

ജീവചരിത്രം.

ബാബു രാജേന്ദ്രപ്രസാദ്.

എൻ. എൻ. നായർ, രാ. ഭാ. വിശാരദ്.

രാഷ്ട്രപതി ബീഹാർ ബാബുരാജേന്ദ്രപ്രസാദിനെ ദേശവാസികൾ കാൺഗ്രസ്സദ്ധ്യക്ഷനായി തിരഞ്ഞെടുത്തിരിക്കുകയാണല്ലൊ! അതുകൊണ്ടു ഈ അവസരത്തിൽ ഒരു സംക്ഷിപ്തമായ ജീവചരിത്രംമുഖേന ജനസഞ്ചയത്തെ അദ്ദേഹത്തിന്റെ ഒതുങ്ങിയജീവിതത്തേയും ഉറച്ച ആദർശപൂർണ്ണമായ ജീവിതക്രമത്തേയും അറിയിക്കുന്നതു അനുചിതമായിരിക്കയില്ല.

ബാബുരാജേന്ദ്രപ്രസാദ് 1884-ാമാണ്ടു ഡിസംബർമാസം 3-ാം നു- ബീഹാറിലെ ജീരാദേയിഗ്രാമത്തിൽ ശ്രീവാസ്തവ്യകായസ്ഥകുലത്തിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പൂർവ്വികന്മാരിൽ പലരും പല രാജ്യങ്ങളിലേയും ദിവാൻപദം അലങ്കരിച്ചു പ്രശസ്തിനേടിയിട്ടുള്ളവരാണു്. രാജേന്ദ്രബാബുവിന്റെ പിതാമഹന്റെ ഭ്രാതാവ് ചൌധരിലാൽ 'ഹഥുവാ' രാജ്യത്തിലെ ദിവാനായിരുന്നു. രാജേന്ദ്രബാബുവിന്റെ പിതാവു മഹാദേവസഹായ് സൽസ്വഭാവിയും പരോപകാരതല്പരനും ഒരു നല്ല വൈദ്യനുമായിരുന്നു. സാധുജനങ്ങളെ അദ്ദേഹം ഫീസ്സുകൂടാതെതന്നെ ചികിത്സിച്ചുവന്നിരുന്നു. രാജേന്ദ്രബാബുവിന്റെ മാതാവും സൽഗുണസമ്പന്നയും നിഷ്കപടയുമായിരുന്നു: അതുകൊണ്ടു ബാബുരാജേന്ദ്രപ്രസാദിനു് ലോകസേവാപരവും ത്യാഗമയവുമായ ജീവിതം നയിക്കുന്നതിനുള്ള അനുപമഗുണം പൈതൃകസ്വത്തായിത്തന്നെ സ്വായത്തമായിട്ടുണ്ടു്.

ബാബു രാജേന്ദ്രപ്രസാദ് ആറേഴുവയസ്സു പ്രായമായപ്പോൾമുതൽ ഗ്രാമത്തിലെ ഒരു മൗൽവിസാഹബിന്റെ അടുക്കൽ ശിക്ഷണമാരംഭിച്ചു. അപ്രകാരം കുറെ ഫാർസി പഠിച്ചതിനുശേഷം 1893-ൽ ഛപ്രാ ജില്ലാസ്ക്കൂളിൽചേൎന്നു. അദ്ദേഹമവിടെ എട്ടാംക്ലാസ്സിൽ ഒരുകൊല്ലം അദ്ധ്യയനം ചെയ്തു. അടുത്തവൎഷം അദ്ദേഹത്തിനു ഡബിൾ പ്രമോഷൻ ലഭിച്ചു. രാജേന്ദ്രബാബുവിന്റെ ജ്യേഷ്ഠസഹോദരൻ മഹേന്ദ്രപ്രസാദ് (ദിവംഗതൻ) അവിടെ അന്നു പഠിക്കുന്നുണ്ടായിരുന്നു. 1895-ൽ മഹേന്ദ്രബാബു ഇൻട്രൻസ്സു പാസായി പാററ്നാക്കുപോയപ്പോൾ രാജേന്ദ്രപ്രസാദും പാററ്നായിൽചെന്നു പഠിത്തമാരംഭിച്ചു ജ്യേഷ്ഠൻ എഫ്. എ. പാസ്സായി, കൽക്കട്ടെക്കു പഠിക്കുവാൻപോയപ്പോൾ രാജേന്ദ്രബാബു ഹഥുവാ ഹൈസ്ക്കൂളിൽ ചെന്നു ചേൎന്നു. പഠിക്കുന്നതിനു അവിടെ സുഖം തോന്നായ്കയാൽ അദ്ദേഹം വീണ്ടും ഛപ്രാ ജില്ലാഹൈസ്ക്കൂളിലേക്കു തിരിച്ചുപോന്നു. അദ്ദേഹം അവിടെ പഠിച്ചു ഇൻട്രൻസ്സു പാസ്സാവുകയും പരീക്ഷയിൽ കൽക്കട്ടാ വിശ്വവിദ്യാലയത്തിലെ സർവ്വപ്രഥമസ്ഥാനം സമ്പ്രാപ്തമാക്കുകയുംചെയ്തു

ഇതിനുശേഷം അദ്ദേഹം കൽക്കട്ടായിലെ പ്രസിഡൻസികാളേജിൽ എഫ്. എ-യ്ക്കു പഠിക്കുവാനാരംഭിച്ചു. അക്കാലത്തു എഫ്. എ. വിദ്യാൎത്ഥികൾക്കു ശാസ്ത്രവിജ്ഞാനീയവും പഠിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ജഗദീശചന്ദ്രബോസ്സിന്റെയും ഡാക്ടർ പീ.സിറായിയുടേയും ശിഷ്യത്വം സ്വീകരിച്ചിട്ടുണ്ടു്. രാജേന്ദ്രബാബു 1904-ൽ എഫ. എ-ക്കും



1906-ൽ ബി. എ. ക്കും ഒന്നാമനായി പാസ്സായി. ബി. എ ക്കു ചരിത്രത്തിനും ഇംഗ്ലീഷിനും ആണേർസെടുത്തു പ്രശസ്തമാംവണ്ണം വിജയംസമ്പാദിച്ചു. എം. എ-ക്കു പഠിക്കുന്നതിനു പേരുകൊടുത്തിരുന്നു എങ്കിലും ലണ്ടനിൽപോയി ബാരിസ്ററർ പരീക്ഷക്കു പഠിച്ചാൽകൊള്ളാമെന്നു അദ്ദേഹത്തിനു അതിയായ ആഗ്രഹമുണ്ടായിരുന്നു. ലണ്ടനിലേക്കു പോകുന്നതിനുള്ള ചിലവു കുടുംബത്തിൽനിന്നും വാങ്ങുന്നതിനു അദ്ദേഹമാഗ്രഹിച്ചില്ല തന്റെ മിത്രങ്ങളുടെ സഹായത്തോടുകൂടി പോകുന്നതിനു വേണ്ട സകല ഒരുക്കങ്ങളുംചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തെ ലണ്ടനിലേക്കയയ്ക്കുന്ന കാൎയ്യത്തിൽ വിരോധമുള്ളവരായിരുന്നു. ഇതിനിടക്കു അദ്ദേഹത്തിന്റെ പിതാവു രോഗബാധിതനായി 1907-ൽ പിതാവു പരലോകപ്രാപ്തനാകുകയും ചെയ്തു. പിന്നീടു തന്റെ ദുഃഖിതയായ മാതാവിനേയുംമററും വിട്ടു വിദേശത്തേക്കു പോകുകഎന്നതു വിഷമമായിത്തീൎന്നു. അതുകൊണ്ടു എം. എ-ക്കുതന്നെ പഠിക്കുവാനാരംഭിച്ചു. എന്നാൽ ഇതിനിടക്കു അദ്ദേഹം സാൎവ്വജനികകാൎയ്യങ്ങളിൽ ഭാഗഭാക്കായികൊണ്ടിരുന്നതുകൊണ്ടു അദ്ദേഹത്തിനു എം. എ. പരീക്ഷക്കു രണ്ടാംശ്രേണിയിൽ അഞ്ചാമനായിമാത്രമെ വിജയിയാകുവാൻ കഴിഞ്ഞൊള്ളു.

എം. എ. പരീക്ഷ പാസ്സായതിനുശേഷം രാജേന്ദ്രബാബുവിനെ മുജഫർപുരം കാളേജിലെ ഇംഗ്ലീഷുപ്രഫസരായിട്ടാണു നിയമിച്ചതെങ്കിലും ആവശ്യമനുസരിച്ചു അദ്ദേഹം ചരിത്രവും അൎത്ഥശാസ്ത്രവും മററും യോഗ്യതാപൂൎവ്വം പഠിപ്പിച്ചുവന്നിരുന്നു. എന്നാൽ ഒരു വൎഷംതികച്ചു അദ്ദേഹമവിടെ ജോലിനോക്കിയില്ല അതിനുമുമ്പായിതന്നെ 'ലാ'പഠിക്കുന്നതിനു കൽക്കട്ടായിലേക്കു പ്രയാണംചെയ്തു കൽക്കട്ടാ സിററികാളേജിലും കുറെനാൾ പ്രഫസരായിരുന്നു ഇതിഹാസവും അൎത്ഥശാസ്ത്രവും പഠിപ്പിച്ചിരുന്നു. 1911-ൽ വക്കാലത്തുപരീക്ഷക്കു പാസ്സായതിനുശേഷം കൽക്കട്ടാ ഹൈക്കോർട്ടിൽ സന്നതെടുത്തു. ആ സമയം അദ്ദേഹം ലാക്കാളേജിലെ പ്രഫസരുമായിരുന്നു. രാജേന്ദ്രബാബു കൽക്കട്ടാഹൈക്കോർട്ടിൽ 1916-വരെ വ്യവഹരിച്ചു. ഇതിനിടയിൽ 1915-ൽ അദ്ദേഹം എം. എൽ. പരീക്ഷക്കുചേൎന്നു പരീക്ഷയിൽ ഒന്നാമനായി വിജയിയായി. പരീക്ഷക്കു അദ്ദേഹത്തിനു ലഭിച്ചടത്തോളം മാൎക്കു ആ സമയംവരെ ആൎക്കുംതന്നെ കിട്ടിയിരുന്നില്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണു്. 1916-ൽ പാററ്നായിൽ ഹൈക്കോടതി സ്ഥാപിച്ചപ്പോൾ അദ്ദേഹം പാററ്നായിൽപോയി വക്കീലായി വ്യവഹരിക്കുവാനാരംഭിച്ചു. അവിടേയും അദ്ദേഹത്തിന്റെ അഭിഭാഷകത്വം പ്രശോഭിച്ചു. പാററ്നായിലെ ബാരിസ്റ്റരന്മാരെല്ലാവരും അദ്ദേഹത്തിന്റെ ലാനിശ്ചയത്തെസംബന്ധിച്ചു മുക്തകണ്ഠം പുകഴ്ത്തിയിരുന്നു. വക്കീൽവൃത്തിയിൽ അദ്ദേഹത്തിനു ഒരു വമ്പിച്ച തുക പ്രതിമാസം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ജീവിക്കുന്നതുപോലെ സാധാരണനിലയിൽതന്നെയാണു അക്കാലത്തും അദ്ദേഹം കഴിച്ചുകൂട്ടിയിരുന്നതു്. അദ്ദേഹത്തിന്റെ വരവിന്റെ വലിയൊരംശം സാധുവിദ്യാൎത്ഥികളുടെ സഹായത്തിലേക്കായും മററും വിനിയോഗിച്ചിരുന്നു. 1920-ൽ അഭിഭാഷകവൃത്തി അവസാനിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ സമ്പാദ്യമായി 12-രൂപായിൽ കൂടുതലുണ്ടായിരുന്നില്ല. ഇതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ധൎമ്മച്ചിലവിനെസംബന്ധിച്ചു നമുക്കൂഹിക്കാവുന്നതാണു്

ബാബു രാജേന്ദ്രപ്രസാദ് ബാല്യംമുതൽക്കുതന്നെ സൽഗുണസമ്പന്നനും പൊതുക്കാൎയ്യപ്രസക്തനുമായിരുന്നു. കൽക്കട്ടായിൽ പഠിക്കുമ്പോൾ തന്നെ "സർവ്വൻസ്സ് ഓഫ് ഇൻഡ്യാ സൊസൈററി"യിൽ ചേൎന്നു ലോകസേവചെയ്യുന്നതിനാഗ്രഹിച്ചു. പക്ഷെ അദ്ദേഹത്തിന്റെ ജ്യേഷ്ഠനിപ്രകാരം ചെയ്യുന്നതിൽ ഇഷ്ടമുണ്ടായിരുന്നില്ല. ഇതു സംബന്ധിച്ചു അന്നു സഹോദരന്മാർ തമ്മിൽനടത്തിയ പത്രപംക്തികളിൽനിന്നും ബാബു രാജേന്ദ്രപ്രസാദിന്റെ ത്യാഗബുദ്ധിയും ലോകസേവാപരമായ ഭാവനയും സ്പഷ്ടമാകുന്നുണ്ടു. ഗാന്ധിജിയുടെ ഇന്നത്തെ ചർക്കാപ്രചരണസമൎത്ഥകരിൽ ബാബു രാ

ജേന്ദ്രപ്രസാദ് സർവ്വപ്രഥമനാണെന്നുതന്നെ പറയുന്നതിൽ അത്യുക്തിയുണ്ടെന്നു തോന്നുന്നില്ല 1899 മുതൽതന്നെ രാജേന്ദ്രപ്രസാദ് സ്വദേശിവ്രതധാരിയാണു്. കൽക്കട്ടയിൽ സ്വദേശിപ്രചരണവേല നടന്നപ്പോഠം അദ്ദേഹവും ക്രിയാത്മകരൂപത്തിൽ ഭാഗഭാക്കായിരുന്നു.

1917-ൽ മഹാത്മാഗാന്ധിജി കല്ക്കട്ടയിൽക്കൂടി ചമ്പാരണത്തിലേക്കു പോകുംവഴി പാററ്നായിൽ എത്തിച്ചേർന്നപ്പോഠം ബാബു രാജേന്ദ്രപ്രസാദിൻെറ ഭവനത്തിലാണു താമസിച്ചതു്. 1918-ൽ ഗാന്ധിജി ചമ്പാരണത്തിലെ അത്യാചാരങ്ങളേയും അക്രമങ്ങളേയും അമർച്ചവരുത്തുന്നതിനു ശ്രമിച്ചു. അന്നു അദ്ദേഹത്തെ സഹായിക്കുന്നതിനു അനേകം വക്കീലന്മാർ ജോലിഉപേക്ഷിച്ചു സഹകരിക്കുകയുണ്ടായി. ആക്കൂട്ടത്തിൽ ബാബു രാജേന്ദ്രപ്രസാദും ബാബു വ്രജകിശോരപ്രസാദും പ്രത്യേകം പ്രസ്താവാർഹരാണു്.

രാഷ്ട്രീയസേവയോടുകൂടി തന്നെ സാഹിത്യസേവയും രാജേന്ദ്രപ്രസാദു ചെയ്തുവന്നിരുന്നു. പല സാഹിത്യസമ്മേളനങ്ങളിലും അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചിട്ടുണ്ടു.

രാജേന്ദ്രബാബു പാററ്നായൂണിവേർസിററിസെനററിലെ ഒരു മെമ്പറായിരുന്നിട്ടുണ്ടു്. 1920-ൽ 'അസഹയോഗ'ആന്ദോളനത്തിനിടക്കു അദ്ദേഹം ബീഹാർ വിദ്യാപീഠംസ്ഥാപിച്ചു. ഈ വിദ്യാപീഠത്തിൻെറ അധീനതയിൽ അനേകം പ്രൈമറിസ്ക്കൂളുകളും ഹൈസ്ക്കൂളുകളും ഒരു കാളേജുമുണ്ടു്. വിദ്യാപീഠബിൽഡിംഗു കഴിഞ്ഞ സത്യഗ്രഹ ആന്ദോളനത്തിനിടക്കു സർക്കാർ ജപ്തിചെയ്തിരുന്നു. എന്നാൽ ഇപ്പോഠം അതു തിരിച്ചുവിട്ടുകൊടുക്കയും ചെയ്തിരിക്കുന്നു. വിദ്യാപീഠത്തിൻെറ ചാൻസലർ ബാബുരാജേന്ദ്രപ്രസാദുതന്നെയാണു്. മഹാവിദ്യാലയത്തിൻെറ പ്രധാന ആചാര്യനും അദ്ദേഹംതന്നെയായിരുന്നു. മഹാവിദ്യാലയത്തിൽ രാജനീതിയും അർത്ഥശാസ്ത്രവുമാണു അദ്ദേഹം പഠിപ്പിച്ചിരുന്നതു.

1922-ൽ ഗയായിൽകാൺഗ്രസ്സ സമ്മേളനം നടന്നപ്പോഠം സ്വാഗതമന്ത്രി രാജേന്ദ്രബാബുതന്നെയായിരുന്നു. ഗയാ കാൺഗ്രസ്സിനുശേഷം ബാബുരാജേന്ദ്രപ്രസാദിനെ കാൺഗ്രസ്സജനറൽസിക്രട്ടറിയായി തിരഞ്ഞെടുത്തു. കാൺഗ്രസ്സിലന്നു സ്വരാജ്യപാർട്ടി എന്നൊരു പ്രത്യേകസംഘം കൂടിയുണ്ടായിരുന്നെങ്കിലും ബാബു രാജേന്ദ്രപ്രസാദു അപരിവർത്തനവാദിയും ഗാന്ധിജിയുടെ കാര്യക്രമസമർത്ഥകസംഘത്തിൻെറ നേതാവുമായിരുന്നു എന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണു്. 1930-ൽ സത്യഗ്രഹആന്ദോളനം ആരംഭിച്ചപ്പോഠം ബീഹാറിലും പ്രവർത്തനം തുടങ്ങി. ഈ ആന്ദോളനത്തിനിടയ്ക്കു അദ്ദേഹത്തിനു ലാഠിപ്രയോഗംകൊണ്ടും മററും പലപ്രകാരത്തിലും വലിയ പരുക്കുകഠം പററുവാനിടയായിട്ടുണ്ടു്. ഇതിനിടക്കു അദ്ദേഹം 3 പ്രാവശ്യം ജയിലിലും പോയി. ബാബു രാജേന്ദ്രപ്രസാദു മൂന്നുതവണ കാൺഗ്രസ്സ ഡിക്ടേററുമായിട്ടുണ്ടു്. 1932-ൽ പുരിയിൽവച്ചുകൂടുവാൻനിശ്ചയിച്ചിരുന്ന കാൺഗ്രസ്സസമ്മേളനത്തിനു ബാബു രാജേന്ദ്രപ്രസാദിനെയാണു് അദ്ധ്യക്ഷനായി തിരഞ്ഞെടുത്തതു്. എന്നാൽ ഗാന്ധിജി ലണ്ടനിൽനിന്നും മടങ്ങി വന്നതിനുശേഷം സത്യഗ്രഹസംഗ്രാമം നടന്നതുകൊണ്ടു ആ സമ്മേളനം നടത്തുവാൻ കഴിഞ്ഞില്ല. കഴിഞ്ഞ ജനുവരിമാസം ബീഹാറിൽ ഭൂകമ്പമുണ്ടായപ്പോഠം ബാബു രാജേന്ദ്രപ്രസാദു ബന്ധനത്തിൽ മെഡിക്കൽകാളേജിൽ രോഗബാധിതനായിരിക്കുകയായിരുന്നു. ശിക്ഷാകാലാവധി പൂർത്തിയാകുന്നതിനു മുമ്പുതന്നെ മെഡിക്കൽബോർഡിൻെറ ശുപാർശപ്രകാരം അദ്ദേഹത്തെ മോചിപ്പിച്ചു. മുക്തനായപ്പോഠം തൻെറ ആരോഗ്യത്തെപ്പററി ലേശവും വകവെക്കാതെ പീഡിതരുടെ ദുഃഖനിവാരണത്തിനായി പ്രയത്നിക്കുകയാണു് ചെയ്തതു്. ഇപ്പോഠം ബാംബെയിൽവച്ചു കൂടുവാൻപോകുന്ന സമ്മേളനത്തിനദ്ധ്യക്ഷനായി അദ്ദേഹത്തെ തിരഞ്ഞെടുത്തു യോഗ്യതാപൂർവ്വം ആദരിക്കുകയും ചെയ്തിരിക്കുന്നു.



വിയന്നായ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലെ ബർഗോമാസ്റ്റർ മുതലായി മൂന്നുപേരെ കൊലപ്പെടുത്തിയതിനെ തുടന്ന് ഇനിയും നാസികളുടെ ശല്യം ഉണ്ടാകുമോ എന്നു ആസ്ത്രിയൻ ഗവർമ്മെൻറു ഭയപ്പെടുന്നു.

*   *   *

മാലദ്വീപിലെ സംഭവങ്ങൾ വെറും ആഭ്യന്തരകാൎയ്യമാകയാലും അവിടെ സമാധാനത്തിനു ഭംഗമൊന്നുമില്ലാത്തതിനാലും സിലോൺഗവൺമെൻറു തൽക്കാലം ഇടപെട്ടു ഒന്നും പ്രവൎത്തിക്കേണ്ടതില്ലെന്നു തീരുമാനിച്ചിരിക്കുന്നു.

*   *   *   *

ലണ്ടൻ വിവാഹമോചനക്കോടതി ഒന്നരമിനിററുസമയംകൊണ്ടു നൂററിപ്പതിനഞ്ചു വിവാഹമോചനങ്ങൾ നടത്തിയിരിക്കുന്നു. കോടതിഅദ്ധ്യക്ഷൻ വന്നിരുന്ന ഉടനെ ഒരു ക്ലാൎക്ക കേസുകളുടെ ഒരു ലിസ്റ്റ് വായിക്കയും ഒന്നരമിനിററു സമയത്തിനുള്ളിൽ 230-സ്ത്രീപുരുഷന്മാർ വിവാഹമുക്തരായി വീണ്ടും വിവാഹത്തിനു സ്വതന്ത്രരായിത്തീരുകയും ചെയ്തു.

*   *   *

ഹിണ്ടൻബർഗിനെ വിജയത്തിലേക്കു നയിച്ച അദ്ദേഹത്തിൻെറ വെള്ളക്കുതിരയെ സകലവിധ സുഖാഡംബരങ്ങളോടുകൂടി സൈലീഷ്യായിലുള്ളനീഡർലെസ്ചൻ എസ്റ്റേററിൽ ബഹുമാന്യാതിഥിയായി താമസിപ്പിച്ചിരിക്കയായിരു. ഹിണ്ടൻബർഗ് മരിച്ചു ഏതാനും ദിവസത്തിനകം ആ വിശ്വസ്തമൃഗം പരലോകത്തിലേക്കു യജമാനനെ അനുഗമിച്ചിരിക്കുന്നു.

*   *   *

കൃത്രിമപ്പല്ലുകളുടെയും അത്തരം പല്ലുകളെ വച്ചുറപ്പിക്കുന്ന പ്ലേററുകളുടെയും ആവശ്യം ഇല്ലാത്തവണ്ണം ഒരു ബ്രിട്ടീഷ് ഡാക്ടർ ഒരുതരം പുതിയ പല്ല് കണ്ടുപിടിച്ചിരിക്കുന്നത്രെ. ഈ പുതിയപല്ല് ഉറപ്പിക്കാൻ പ്ലേററിൻെറ ആവശ്യമില്ല. ഓരോ പല്ല് പ്രത്യേകം പ്രത്യേകം മോണയിൽ വച്ചുപിടിപ്പിക്കാമെന്നുള്ളതാണ് ഈ പുതിയ പല്ലിൻെറ വിശേഷം. ഏതു വയസ്സനും എത്ര കട്ടത്തസാധനങ്ങളും കടിച്ചു പൊട്ടിക്കാൻ ശക്തിയുള്ള പല്ലുവെക്കാമെന്നുവന്നുകൂടിയിരിക്കുന്നു. എന്തൊരനുഗ്രഹം!

*   *   *



ആഫ്രിക്കായിലെ 'ഗോൾഡ്കോസ്റ്റി'ലെ രാജാവ് 'നാനാസർ ഒഫോറി ആററാ' ഇംഗ്ലണ്ടുസന്ദൎശനം കഴിഞ്ഞു സ്വദേശത്തേക്കു മടങ്ങുന്ന അവസരത്തിൽ യൂസ്റ്റൺ സ്റ്റേഷനിൽ വച്ചെടുത്ത ഫോട്ടോ

*   *   *

വിപ്ലവത്തിന് എതിരായി ലഘുലേഖകൾ പുറപ്പെടുവിച്ചതിനും ഒരു വിദേശീയ ശക്തിയുടെ ഏജൻറായി ശമ്പളംവാങ്ങി പ്രവൎത്തിച്ചുകൊണ്ടിരുന്നതിനുമായി മൂന്നു റഷ്യൻവേലക്കാരെ വെടിവച്ചുകൊല്ലാൻ വിധിച്ചിരിക്കുന്നു.

*   *   *

ബാൽമോറൽ കൊട്ടാരത്തിൽ.



ഇപ്പോൾ "കെൻറിലെ ഡ്യൂക്ക്" ആക്കപ്പെട്ടിരിക്കുന്ന ജാൎജ്ജ് രാജകുമാരനും അദ്ദേഹം വിവാഹം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്ന മരീനാരാജകുമാരിയും, ചക്രവൎത്തി, ചക്രവൎത്തിനി എന്നിവരുമായി ബൽമോറൽകൊട്ടാരത്തിൽ വച്ചെടുത്ത ഒരു ചിത്രം. നടുവിൽ ജാൎജ്ജുരാജകുമാരനും മരീനാരാജകുമാരിയും. അവരുടെവലതുവശം ചക്രവൎത്തിയും നിക്കോളാസ രാജകുമാരൻെറ പത്നിയും ചിത്രത്തിൽ വലത്തേഅററം മേരിരാജ്ഞിയും നിക്കോളാസ് രാജകുമാരനും. രാജകുമാരൻ സ്കാട്ടുലൻഡുകാരുടെ വേഷത്തിലാണ്.



മരീനാരാജകുമാരി പാരിസ്സിലെ 'രൂഡിലാപേയിക്സ്' എന്ന പരിഷ്കൃതവസ്ത്രാലയത്തിൽ 'ഹാററു' കൾ തിരഞ്ഞെടുക്കുന്നു.

ആസ്ത്രേലിയായിൽ വിക്ടോറിയാസംസ്ഥാനത്തിലെ ഗവണ്മെൻറ് ഇംഗ്ലീഷ്മാതൃകയിലുള്ള ഒരു ചെറുകുടിൽ വിലയ്ക്കുവാങ്ങി ഇംഗ്ലണ്ടിൽനിന്നു ആസ്ത്രേലിയായിൽ കൊണ്ടുവന്നിരിക്കുന്നു. പ്രശസ്തഭൂമുഖാന്വേഷിയായിരുന്ന ക്യാപ്റ്റൻ കുക്ക് ജനിച്ചുവളർന്ന കുടിലാണത്രെ ഇതു്. ക്യാപ്റ്റൻ കുക്ക് ഈ കുടിലിൽ പാർത്തിട്ടുണ്ടോ എന്നു ഇന്നു് വളരെ സംശയമായിരിക്കുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ അതിൽ പാർത്തിരുന്നു എന്നതു നിശ്ചയം തന്നെ. ഈ കുടിലിനെ ഗ്ലൂസ്റ്റർപ്രഭു സന്ദർശിക്കുന്നതാണു.

* * *

കുറേദിവസങ്ങളോളം പനിയുടെ സുഖക്കേടുകൊണ്ടു ശയ്യയെ അവലംബിച്ചിരുന്ന ആറുവയസ്സുപ്രായമുള്ള ഒരു ബാലൻ—ബുഡാപെസ്റ്റിലെ ഒരു കച്ചവടക്കാരൻെറ പുത്രൻ—പനി ഭേദപ്പെട്ടതോടുകൂടി അതിബുദ്ധിമാനായി തീർന്നിരിക്കുന്നു. രോഗത്തിനുമുമ്പു് ഈ കുട്ടി പള്ളിക്കൂടത്തിൽ പോയിരുന്നില്ല. പനിയുടെ കാഠിന്യംകൊണ്ടു "പിച്ചും പേയും" പറഞ്ഞ അവസരത്തിൽ പ്രയാസംകൂടിയ പല മനഃകണക്കുകളും അവയ്ക്കു് ശരിയായ ഉത്തരങ്ങളും വളരെവേഗത്തിൽ പറഞ്ഞുവത്രെ. രോഗം ഭേദമായശേഷവും ഈ വരപ്രസാദം ഇവനിൽനിന്നു മാഞ്ഞുപോയിട്ടില്ല. യുവാക്കന്മാർപോലും പ്രയാസമുള്ളതായി കണക്കാക്കുന്ന കണക്കുകളും ഈ ബാലൻ ഒന്നു രണ്ടു നിമിഷങ്ങളുംകൊണ്ടു ചെയ്തുതീർക്കുന്നു.

* * *

ജർമ്മൻമന്ത്രിമാർ മേലാൽ റീച്ച്സ്റ്റാഗിനോടു് ഉത്തരവാദികളായിരിക്കുന്നതല്ല. അവർ ഹിററ്ലറിനോടുമാത്രം ഉത്തരവാദപ്രതിജ്ഞ ചെയ്യുത്തക്ക ഒരു നിയമം താമസിയാതെ ഉണ്ടാകുന്നതാണു്. ജർമ്മനിയുടെ പുനരുദ്ധാരണത്തിനു ഏകമാർഗ്ഗം ഒരൊററ മനുഷ്യൻെറ കൈയിൽ സകല അധികാരങ്ങളും കേന്ദ്രീകരിക്കുകയാണെന്നു് സ്റ്റേററു് സിക്രട്ടറിയായ ഹെർലാമേഴ്സ് പറയുന്നു. ഹെർ ഹിററ്ലർ ജീവപര്യന്തം പ്രസിഡൻറും ചാൻസലറും ആയിരിക്കുന്നതാണു്. മേലാൽ ഈ രണ്ടു ഉദ്യോഗങ്ങളും തമ്മിൽ വേർപെടുത്താൻ സാധിക്കയില്ല. സ്റേററിൻെറ തലവൻ എന്നനിലയിൽ ഹിററ്ലർ റിച്ച്സ്റ്റാഗിനെ നയിക്കേണ്ടതിനാൽ അദ്ദേഹം അതിനോടു ഉത്തരവാദം ചെയ്യേണ്ടതില്ല.

* * *



ആസ്ത്രേലിയായിലെ ശതവർഷാഘോഷംപ്രമാണിച്ചു ചക്രവർത്തി തിരുമനസ്സിലെ പുത്രനായ ഡ്യൂക്ക് ആഫ് ഗ്ലൂസ്റ്റർ ആസ്ത്രേലിയായ്ക്കു കപ്പൽകയറുന്ന അവസരത്തിൽ മാർസെയിൽസിൽവച്ചു ഉദ്യോഗസ്ഥന്മാർ യാത്രയയയ്ക്കുന്നു. U. P. S.

* * * *

ഒരു പോസ്ററുകാർഡിൽ എത്ര വാക്കുകൾ എഴുതാമെന്നുള്ള പരീക്ഷണങ്ങൾ ഇനിയും തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. രാജക്കോട്ടയിലെ വാട്സൺ കാർഷ്ണബംഗാവിൽ പതിനായിരം വാക്കുകൾ എഴുതിയിട്ടുള്ള ഒരു കാർഡ് ഉണ്ടു്. ഇതിൽ കൂടുതൽവാക്കുകൾ എഴുതുവാൻ സാധിക്കുമോ എന്നു ഒരു കിർക്കിലേഖകൻ അന്വേഷിക്കുന്നു. 700 വാക്കുകൾ അടങ്ങിയ ഒരു കാർഡ് തങ്ങൾക്കു കിട്ടിയെന്നും അതു് ഈ സമരത്തിൽ ഒരു റിക്കാർഡാണെന്നും അമേരിക്കർ അഭിമാനിക്കയുണ്ടായി. എന്നാൽ ഇതിൽ പത്തിരട്ടിയിൽ കൂടുതലുള്ള രാജക്കോട്ടുകാർഡ് ഈ സമരത്തിൽ വിജയം ഇന്ത്യാക്കാർക്കു നൾകുന്നു. ഈ സമരം എപ്പോൾ എവിടെവച്ചു അവസാനിക്കുമെന്നു തീർത്തുപറയുവാൻ പ്രയാസമാണു്. കാർഡിനും കടലാസ്സിനും ഇന്നുള്ള വില വളരെ കുറവായിരിക്കെ ഇത്രയധികം ബുദ്ധിമുട്ടു ഈ സംഗതിയിൽ അനുഭവിക്കുന്നതു ബുദ്ധിപൂർവ്വമാണോ എന്നും തീരുമാനിക്കുവാൻ പ്രയാസം തന്നെ.



പ്രിൻസ് ജാർജ്ജു് (ഡ്യൂക്ക് ആഫ് കെൻറു്), മരിനാരാജകുമാരി എന്നീ പ്രതിശ്രുതദമ്പതികളുടെ വിവാഹനിശ്ചയം പ്രഖ്യാപിതമായ ദിവസം സാൽസ്ബർഗ്ഗിൽ അവർ മോട്ടോറിൽ സവാരിചെയ്യുന്നതു്.

മലയാളരാജ്യം

1110 തുലാം 6-ാംനു- തിങ്കളാഴ്ച.

ഇന്ത്യയുടെ ഭാവിഭാഗധേയത്തെ സാരമായി സ്പർശിക്കുന്ന ഒരു പ്രസ്താവനയാണു ഗാന്ധിജി ഇപ്പോൾ വീണ്ടും പുറപ്പെടുവിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ മുൻപിലത്തെ സ്റ്റേറ്റുമെന്റിൽ നിർദ്ദേശിച്ച ചില വ്യവസ്ഥകളോടു കാൺഗ്രസ്സിന്റെ ഹൃദയപൂർവ്വമായ സഹകരണമുണ്ടാകുകയില്ലെന്നദ്ദേഹം അറിയുന്നു. എന്നാൽ താൽക്കാലികമായുണ്ടാകുന്ന വികാരക്ഷോഭങ്ങളെ തൃപ്തിപ്പെടുത്തുവാൻ ഉണ്ടാകുന്ന ഭൂരിപക്ഷം അദ്ദേഹത്തെ സംതൃപ്തനാക്കുന്നതല്ല. അതിനാലാണു ബാംബെസമ്മേളനത്തിനുശേഷം താൻ കാൺഗ്രസ്സിൽനിന്നും പിൻമാറുന്നതാണെന്നു ഗാന്ധിജി അറിയിക്കുന്നതു്. അദ്ദേഹത്തിന്റെ ഹൃദയഗതി കൂടുതൽ അടുത്തുനിന്നറിയുവാൻ സൌകര്യം ലഭിച്ചിട്ടുള്ള വല്ലഭായി, രാജേന്ദ്രബാബു, ആൻസാരി; ഖാൻസഹോദരന്മാർതുടങ്ങിയ നേതാക്കന്മാരും ഗാന്ധിജിയുടെ ഈ നിർദ്ദേശത്തോടു യോജിക്കുന്നുവെന്നു കാണുന്നു. ഇതിൽനിന്നും, ഈ ഒരു പദ്ധതിയെ അവലംബിക്കുന്നതുകൊണ്ടാണു രാഷ്ട്രത്തിനു ഗാന്ധിജിയിൽനിന്നും കൂടുതൽ സേവനം ലഭിക്കുവാൻ ഇടയുള്ളതെന്നു അവർ വിശ്വസിക്കുന്നതായി മനസ്സിലാക്കാവുന്നതാണു്. ഇന്നു ഗാന്ധിജിയുടെ സിദ്ധാന്തത്തോടുതന്നെ എതിരുള്ള ഒരു സജീവമായ അന്തരീക്ഷം ഇന്ത്യയിൽ കാണുവാൻ കഴിയും. ഈ സജീവമായ അന്തരീക്ഷം സൃഷ്ടിച്ചതും, ഗാന്ധിജിയുടെ സിദ്ധാന്തങ്ങളെ എതിർക്കുന്നവരിൽതന്നേയും ഒരു രാഷ്ട്രീയബോധം ആദ്യംഉളവാക്കിയതും ആ മഹനീയനേതൃത്വം കൊണ്ടാണെന്നുള്ളതിനെ ആര്തന്നെ നിഷേധിക്കുവാൻ സാധിക്കും? ഗാന്ധിജി കാൺഗ്രസ്സിൽനിന്നും പിന്മാറുന്നുവെന്നതിന്റെ അർത്ഥം, അദ്ദേഹത്തിന്റെ സേവനം രാഷ്ട്രത്തിനു നഷ്ടമാകുന്നു എന്നല്ല. കാൺഗ്രസ്സിൽനിന്നും പിന്മാറുന്നതുകൊണ്ടാണു അദ്ദേഹത്തിനു രാഷ്ട്രത്തെ കൂടുതൽ കാര്യക്ഷമമായി സേവിക്കുവാൻ സാധിക്കുന്നതെന്ന ദൃഢബോധംകൊണ്ടാണു അദ്ദേഹം അങ്ങനെ ചെയ്യുന്നതു്. കാൺഗ്രസ്സ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ കാൺഗ്രസ്സിന്റെ ഭരണഘടനയിൽ സാരമായ ചില വ്യത്യാസങ്ങൾ വരുത്തണമെന്നു ഗാന്ധിജി നിർദ്ദേശിക്കുന്നു. കാൺഗ്രസ്സ് ഇന്നു നിയന്ത്രണാധീനമല്ലാത്ത ഒരു വലിയ കൂട്ടമായിട്ടാണു ഇരിക്കുന്നതെന്നും, ആ ദുസ്ഥിതി അവസാനിപ്പിക്കുവാൻ പ്രതിനിധികളുടെ സംഖ്യ ആയിരമായി കുറയ്ക്കേണ്ടതു ആവശ്യമാണെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. ഇപ്പോൾ ഓരോ പ്രവിശ്യയിലേയുംജനസംഖ്യയെ ആസ്പദമാക്കിയാണല്ലോ പ്രതിനിധികളുടെസംഖ്യ ഓരോപ്രവിശ്യക്കും ഇത്രവീതമെന്നു് നിശ്ചയിക്കുന്നതു്. എന്നാൽ ഈ വ്യവസ്ഥയെയുംഭേദഗതിചെയ്യണമെന്നാണു ഗാന്ധിജി പറയുന്നതു്. ഓരോ പ്രവിശ്യയിലുംഉള്ള കാൺഗ്രസ്സ്മെമ്പറന്മാരുടെ സംഖ്യയെ ആസ്പദമാക്കിവേണം ഓരോ പ്രവിശ്യയ്ക്കും ഉണ്ടായിരിക്കേണ്ട പ്രതിനിധികളുടെ സംഖ്യ നിശ്ചയിക്കേണ്ടതു് എന്നാകുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആയിരം കോൺഗ്രസ്സ്മെമ്പറന്മാർക്കു ഓരോ പ്രതിനിധിയെ വീതം തിരഞ്ഞെടുക്കാമെന്നു വ്യവസ്ഥചെയ്യണമെന്നും നിർദ്ദേശിക്കുന്നു. കാൺഗ്രസ്സ് തിരഞ്ഞെടുപ്പുകളിൽ കാണുന്ന പല അഴിമതികളെയും ഇല്ലായ്മചെയ്യുന്നതിനുതകുന്ന പല നിർദ്ദേശങ്ങളും അദ്ദേഹം പുറപ്പെടുവിച്ചു കാണുന്നു. തിരഞ്ഞെടുപ്പു നടക്കുമ്പോൾ മെമ്പറന്മാരെ അതിനായിമാത്രം ചേർക്കുന്ന പതിവു അസാധാരണമല്ല. ഇതിനെ നിരുത്തൽചെയ്യുന്നതിനായി തിരഞ്ഞെടുപ്പു നടക്കുന്നതിനു ആറുമാസംമുൻപു് മെമ്പറന്മാരായി ചേരുന്നവർക്കുമാത്രമേ കാൺഗ്രസ്സ്പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ വോട്ടുചെയ്യാവു എന്നു വ്യവസ്ഥ ചെയ്യണമെന്നും അദ്ദേഹം പറയുന്നു. അതുപോലെതന്നെ ഈ പ്രതിനിധികളെതന്നെ അഖിലേന്ത്യാ കാൺഗ്രസ്സ്കമ്മിററിയായി പരിവർത്തനം ചെയ്യാമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നുണ്ടു്. ഇങ്ങനെ കാൺഗ്രസ്സിന്റെ ഭരണഘടനയെയും, പൊതുവെയുള്ള പ്രാതിനിധ്യതത്വങ്ങളെയും സാരമായി ബാധിക്കുന്ന ഭേദഗതികളാണു് അദ്ദേഹം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു്. ആ ഭേദഗതികൾ പൊതുവെ സ്വീകാര്യമാണെന്നു പല കാൺഗ്രസ്സ്നേതാക്കന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നു എന്നാൽ സ്പിന്നിംഗ് ഫ്രാഞ്ചൈസിന്റെ കാര്യത്തിൽമാത്രമാണു പലർക്കും അഭിപ്രായവ്യത്യാസമുള്ളതു്. മഹാത്മജിയുടെ സ്റ്റേറ്റുമെന്റിൽ കാണുന്ന മറെറാരു പ്രധാനസംഗതി, ഗ്രാമീണപുനരുദ്ധാരണത്തിനായിഅദ്ദേഹം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളാകുന്നു. യഥാർത്ഥസ്വദേശിയുടെ ഉദ്ധരണത്തിനു ഈ പദ്ധതി അത്യാവശ്യകമാണെന്നുള്ളതിൽ രണ്ടഭിപ്രായമുണ്ടാകുവാൻ വകയില്ല. ഓരോഗ്രാമങ്ങളിലും അധഃപതിച്ചിട്ടുള്ള വ്യവസായങ്ങളെ ഉദ്ധരിച്ചു ഗാന്ധിജി നിർദ്ദേശിക്കുന്നതുപോലെ സംഘടനയോടെ സൃഷ്ടിപരമായ സേവനമനുഷ്ഠിക്കുന്ന ഒരുസ്ഥാപനം സംജാതമാകുന്നതു്, ഇന്ത്യയ്ക്കു ഒരു വലിയ സമ്പാദ്യമായിരിക്കും. അഖിലേന്ത്യാസ്പിന്നേഴ്സ് അസോസിയേഷനെപ്പോലെ ഗ്രാമോദ്ധാരണത്തിനായും ഒരു പ്രത്യേകസംഘടന ഉണ്ടായിരിക്കണമെന്നാണു മഹാത്മജി അഭിപ്രായപ്പെടുന്നതു്. അഖിലേന്ത്യാസ്പിന്നേഴ്സ് അസോസിയേഷൻഗ്രാമോദ്ധാരണത്തിൽ എത്രമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്നു അദ്ദേഹം കണക്കുകൾ ഉദ്ധരിച്ചു തെളിയിക്കുന്നു. അതുപോലെയുള്ള മറെറാരു സ്ഥാപനം ഇന്ത്യയുടെ സ്വദേശിപ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുകയും ഗ്രാമീണരുടെ ജീവിതത്തെ ഉദ്ധരിക്കുകയും ചെയ്യുന്നതാണു്.

* * * *

സകല അധികാരങ്ങളും തന്നിൽതന്നെ നിക്ഷിപ്തമായിരിക്കുന്നു എന്നാണു് ഹിററ്ലർ ഈയിടെ ചെയ്തിരിക്കുന്ന ഒരു പ്രഖ്യാപനത്തിന്റെ അർത്ഥം. ഇതുവരെ ജർമ്മൻമന്ത്രിസഭയിലെ അംഗങ്ങൾക്കു ജർമ്മൻസാമ്രാജ്യനിയമസഭയായ റീച്ച്സ്റ്റാഗിനോടു ഉത്തരവാദിത്വമുണ്ടായിരുന്നു. ഇനിമേൽ മന്ത്രിസഭാംഗങ്ങൾ തന്നോടുമാത്രം ഉത്തരവാദികളായിരിക്കുന്നതാണെന്നാണു് ഹിററ്ലർ നിശ്ചയിച്ചിരിക്കുന്നതു്. ഭിന്നപ്രമാണങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളുള്ള ഒരു രാജ്യത്തുമാത്രമാണു പാർലമെന്ററി രീതിയിലുള്ള ഉത്തരവാദഭരണത്തിനു പ്രസക്തിയുള്ളതു്. നാസിവിപ്ലവത്തെത്തുടർന്നു ജർമ്മനിയിൽ രാഷ്ട്രീയകക്ഷികൾ അന്തർദ്ധാനം ചെയ്യാൻതുടങ്ങി. നാസികളുടെ ഉദ്ദേശത്തിനും നയത്തിനും അനുകൂലികളല്ലാതുള്ള സകലകക്ഷികളും അമർത്തപ്പെട്ടു. ഇന്നു നാസികൾ എന്നു പറഞ്ഞാൽ ജർമ്മൻകാരുടെ ഒരു പര്യായം മാത്രമായിത്തീർന്നിട്ടുണ്ടു്. ഇങ്ങനെ കക്ഷിഭിന്നതകൂടാതെ ജർമ്മൻകാർ മുഴുവൻ ഒരേകക്ഷിയായിത്തീർന്നിരിക്കുന്നതിനാൽ പാർലമെന്ററി ഭരണസമ്പ്രദായത്തിനും ഉത്തരവാദഭരണത്തിനും വാസ്തവത്തിൽ ജർമ്മനിയിൽ പ്രസക്തിയില്ലാതായിത്തീർന്നിരിക്കയാണു്. അധികാരകേന്ദ്രസ്ഥാനമായിത്തീർന്നിരിക്കുന്ന ഹിററ്ലറിന്റെ ശാസനകളാണു ഇന്നു ജർമ്മനിയിൽ നിയമം. ആ നിലക്കു സകലരും അദ്ദേഹത്തോടാണു ഉത്തരവാദം ചെയ്യേണ്ടിയിരിക്കുന്നതു്. അതിനാലത്രെ മന്ത്രിമാരെല്ലാം തന്നോടുത്തരവാദിത്വമുള്ളവരായിരിക്കണമെന്നു അദ്ദേഹം ശാസിച്ചിരിക്കുന്നതു്. രാഷ്ട്രീയകാര്യങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യമില്ലാത്തപ്പോൾ യഥാർത്ഥഉത്തരവാദിത്വമില്ലല്ലോ. അതുകൊണ്ടു ജർമ്മനിയുടെ ഭരണഘടനയിൽ റീച്ച്സ്റ്റാഗിനു ഇനി ഒരു സ്ഥാനമില്ലാതെയാണു് വന്നുകൂടിയിരിക്കുന്നതു്. റീച്ച്സ്റ്റാഗു ഇനി ഇതേനിലയിൽ തുടർന്നുപോകുമെന്നുതന്നെ വിചാരിക്കാൻ തരമില്ലാതാണിരിക്കുന്നതു്. തുടർന്നുകൊണ്ടുപോകുന്നെങ്കിൽതന്നെ അതു വെറും ഒരു വാദപ്രതിവാദസംഘത്തേക്കാൾ കൂടുതലായി യാതൊരു പ്രാധാന്യവും അർഹിക്കുന്നില്ല. അതു പ്രായേണ അന്തർദ്ധാനം ചെയ്യുമെന്നു പ്രവചിക്കുന്നതിൽതന്നെ വലിയ അപാകതയുണ്ടെന്നു തോന്നുന്നില്ല. യൂറോപ്പിലെ ഇന്നത്തെ രാഷ്ട്രീയപരിതഃസ്ഥിതികളിൽ ജർമ്മൻകാർ ഏകനായകന്റെ നേതൃത്വത്തിൽ ഏകോദ്ദേശത്തോടെ സംഘടിച്ചുനിന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ ജർമ്മനിക്കു രക്ഷയുള്ളു എന്നും ഇന്നത്തെ നിലയിൽ ജർമ്മൻകാരെ അങ്ങനെ സംഘടിപ്പിക്കുന്നതിനുള്ള ശേഷി ഹിററ്ലർക്കുമാത്രമേയുള്ളു എന്നും കണ്ടതുകൊണ്ടാണു അദ്ദേഹം ജർമ്മനിയിൽ മകുടാധികാരം പ്രാപിച്ചിരിക്കുന്നതു്. പരിതാവസ്ഥകളുടെ പ്രേരണയും ഹിററ്ലറിന്റെ വ്യക്തിമാഹാത്മ്യവുമാണു അദ്ദേഹത്തെ ഇന്നു സർവ്വാധിപതിയാക്കിത്തീർത്തിരിക്കുന്നതു്. മന്ത്രിമാർ തന്നോടുത്തരവാദം ചെയ്തു ഭരണംനടത്തണമെന്നുള്ള അദ്ദേഹത്തിന്റെ ശാസനത്തോടുകൂടി അദ്ദേഹത്തിന്റെ സർവ്വാധിപത്യം പൂർത്തിയായിത്തീർന്നിട്ടുണ്ടു്. ചാൻസലർ, സർവ്വസൈന്യാധിപൻ, പ്രസിഡണ്ടു എന്നീ നിലകളിലുള്ള അധികാരങ്ങൾ തന്നിൽ ലയിച്ചിരിക്കുന്ന ഹിററ്ലർ യഥാർത്ഥത്തിൽ ഒരു കൈസറിനെപ്പോലും അധികാരശക്തിയിൽ അതിശയിക്കുന്നുണ്ടു.


* *

"ഗാർഡ് അഫ് ആണർ" പരിശോധിക്കുന്നു.



ജാൎജ്ജ ചക്രവൎത്തി തിരുമനസ്സുകൊണ്ടു വിശ്രമാൎത്ഥം ബാൽമോറൽ കൊട്ടാരത്തിലേയ്ക്കു് എഴുന്നള്ളിയ അവസരത്തിൽ ബല്ലാററർസ്റ്റേഷനിൽവച്ചു് "ആർജിൽ ആൻഡ് സതർലൻഡ് ഹൈലൻഡേഴസ്" എന്ന സൈന്യവിഭാഗത്തിന്റെ "ഗാർഡ് അഫ് ആണർ" പരിശോധിക്കുന്നു തിരുമനസ്സുകൊണ്ടും, വലതുവശത്തു നില്ക്കുന്ന മേജർ മാക്മില്ലനും സ്കാട്ടു ്ഭടുകാരുടെ വേഷത്തിൽ ആണു് കാണപ്പെടുന്നതു്.

U. P. S.



വെസ്റ്റ്കോസ്റ്റ് ഇലക്ട്രിക്കൽസപ്ലൈ കോർപ്പറേഷൻ ഡയറക്ടറന്മാർ ബോബിലി രാജാ അവൎകൾക്കു് 'ഡിന്നർ' നല്കിയ അവസരത്തിലെടുത്ത ചിത്രം.


P. N. A.

മെൽബോ



മെൽബോൺ (ആസ്ത്രേലിയ
കുന്നതിനായി ഗ്ലൂ റിലെ
മെൽബോൺ നഗര
എന്ന വീഥിയാണു്

൧൧-ാമത്തെ വയസ്സിൽ രാജാവു്.



യൂഗോസ്ലാവിയായിലെ രാജാവായിത്തീന്നിരിക്കുന്ന ബാലനായ പീററർ
ഒരു പാവയുമായി കളിക്കുന്നതു്.

—Universal.

...ബൊൺ നഗരം.



...ശതവത്സരാഘോഷത്തിൽ സംബന്ധി
...ല ഡ്യൂക്ക പുറപ്പെട്ടിരിക്കയാണല്ലോ.
...ഗരത്തിലെ കൊല്ലിൻസ്സ്ട്രീററു്
...് ഈ ചിത്രത്തിൽ കാണുന്നതു്.

N. I. A.



മദ്രാസ്സ് ഗവമ്മെൻറിൻെറ ചീഫ് മിനിസ്റ്ററായ ബോബിലിരാജാ
അവ'ക്കുംക്കു കോഴിക്കോട്ടു നഗരസഭയിൽനിന്നു മംഗള
പത്രം നൽകിയ അവസരത്തിൽ.

P. N A.

ഗാന്ധിജിയുടെ വിശദവും ദീർഘവുമായ പ്രസ്താവന.

വാർദ്ധായിൽനിന്നു ഗാന്ധിജി വിശദവും ദീർഘവുമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. കാൺഗ്രസ്സിൽനിന്നും താൻ ഉദ്ദേശിക്കുന്ന പിൻമാററം ഒരു ഭീഷണിയോ അന്ത്യശാസനമോ അല്ലെന്നു അദ്ദേഹം വിശദമാക്കുന്നു. നിയമസഭാവർജ്ജനം ഒരു സ്ഥിരനടപടിയായി ഉദ്ദേശിക്കപ്പെട്ടിരുന്നതല്ലെന്നും ഇന്നത്തെ തിരഞ്ഞെടുപ്പുമത്സരം മനുഷ്യർതമ്മിലുള്ള മത്സരമല്ല, മനുഷ്യർ പ്രാതിനിധ്യം വഹിക്കുന്ന രാഷ്ട്രീയതത്വങ്ങൾ തമ്മിലുള്ള ഒരു പോരാട്ടമാണെന്നും വ്യക്തമാക്കിക്കൊണ്ടു കാൺഗ്രസ്സിൻെറ പ്രവർത്തനത്തിനു താൻ സമർപ്പിക്കുന്ന നിർദ്ദേശങ്ങളെ അദ്ദേഹം വിശദീകരിക്കുന്നു. ഗ്രാമങ്ങളിലെ വ്യവസായങ്ങളുടെ പരിരക്ഷണത്തിനു ഒരു സംഘം രൂപവൽക്കരിക്കണമെന്നുള്ളതാണു് അടുത്ത മുഖ്യപ്രശ്നം. അതിൻെറ പിന്നിൽ നിൽക്കുന്ന മനോഭാവം പരിപൂർണ്ണസ്വദേശിയാകുന്നു എന്നു അദ്ദേഹം സ്ഥാപിക്കുന്നു. അദ്ദേഹം തുടരുന്നു: —

ഗ്രാമീണവ്യവസായങ്ങളിൽ നശിച്ചുപോയതു ഏതെല്ലാം, അവ നശിക്കാനുള്ള കാരണമെന്തു് എന്നു കാൺഗ്രസ്സ് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഗ്രാമങ്ങളെ പാപ്പരാക്കിത്തീർത്തതിൻെറ ഉത്തരവാദിത്വം ഗവമ്മെൻറും നഗരങ്ങളും ഒരുപോലെ വഹിക്കേണ്ടിയിരിക്കുന്നു. ഗ്രാമീണവ്യവസായങ്ങളെ പുനരുദ്ധാരണം ചെയ്യുന്നതിനു ഇനിയും കാലം വൈകിപ്പോയിട്ടില്ല. അപ്രകാരം ചെയ്താൽ വലിയ മൂലധനനിക്ഷേപം ഒന്നുംകൂടാതെതന്നെ അനേകലക്ഷം രൂപാ ഗ്രാമീണജനങ്ങളുടെ കീശയിൽ ഇടുന്നതിനു നമുക്കു സാധിക്കാതിരിക്കയില്ല.

ചില കണക്കുകൾ.

അഖിലേന്ത്യാ നൂൽനൂൽപുസംഘം അയ്യായിരം ഗ്രാമങ്ങളിലായി 220000 നൂൽനൂൽപുകാരെയും 20000 പഞ്ഞികടയുന്നവരെയും പുലർത്തുന്നു. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഈ സ്ഥാപനംമൂലം രണ്ടേകാൽകോടി രൂപാ ഗ്രാമീണരുടെയിടയിൽ വിതരണംചെയ്തിട്ടുണ്ടു്. അതായതു അത്രകണ്ടു ധനം ഈ സംഘത്തിൻെറ പ്രവർത്തനംമൂലം രാജ്യത്തുണ്ടായി.

ഈ രണ്ടേകാൽ കോടിയിൽ മുക്കാൽ കോടി നൂൽനൂൽപുകാർക്കും 95 ലക്ഷം പരുത്തികൃഷിക്കാർക്കും ലഭിച്ചിട്ടുണ്ടു്. അതായതു പരുത്തികൃഷിക്കാരനും പഞ്ഞികടഞ്ഞെടുക്കുന്നവനും നൂൽനൂൽപുകാരനും വർഷത്തിൽ ശരാശരിയുള്ളആദായം പന്ത്രണ്ടു രൂപാവീതം വർദ്ധിച്ചിട്ടുണ്ടു്.

ഇതു വെറും യക്ഷികഥയൊന്നുമല്ല. പരീക്ഷിച്ചറിയാവുന്ന കണക്കുകളാകുന്നു.

ഈ കണക്കുകൾ ഗ്രാമീണജീവിതത്തിൻെറ മർമ്മത്തെ സ്പർശിക്കുന്നു. ഗ്രാമീണമനോഭാവം പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ലാത്തവർക്കു അഖിലേന്ത്യാ നൂൽനൂൽപുസംഘമോ അതിൻെറ പ്രവർത്തനമോ ആകർഷകമായിത്തോന്നിയെന്നു വരുന്നതല്ല. എങ്കിലും ഞാൻ നിർദ്ദേശിക്കുന്ന പുതിയ സംഘത്തിൽ ഉന്നതവിധത്തിലുമുള്ള ബുദ്ധിശക്തിക്കു വ്യാപരിക്കാൻ വേണ്ടുവോളംസൗകര്യമുണ്ടു്.

അല്പം ശാസ്ത്രീയഗവേഷണവും സംഘടനാസാമർത്ഥ്യവും ഉണ്ടെങ്കിൽ നിർദ്ദിഷ്ടമായിരിക്കുന്ന പുതിയ സംഘടന, ജനസാമാന്യത്തിൻെറ പിൻതുണയുണ്ടെങ്കിൽ വിപുലമായ സാദ്ധ്യതയും പ്രയോജനവും ഉള്ള ഒന്നായിത്തീരുമെന്നുള്ളതിൽ സംശയമില്ല.

ഇത്തരം ഒരു സംഘടന വിജയപ്രദമായി പ്രവർത്തിക്കണമെങ്കിൽ അതിൻെറ കർത്തവ്യങ്ങളെപ്പററി അറിവും അതിൻെറ ഉദ്ദേശത്തിൽ വിശ്വാസവും ഗ്രാമീണജീവിതത്തോടു താല്പര്യവും ഉള്ള പ്രവർത്തകന്മാർ അത്യാവശ്യമാകുന്നു. അഖിലേന്ത്യാ നൂൽനൂൽപുസംഘത്തെപ്പോലെ അതു ഒരു സ്വതന്ത്രസ്ഥാപനമായിരിക്കണം. കാൺഗ്രസ്സിനെപ്പോലുള്ള ഒരു ജനകീയരാഷ്ട്രീയസ്ഥാപനം ഇടപെടുന്നപക്ഷം തൊഴിൽവിദഗ്ദ്ധന്മാരുടെ ജോലി ഭംഗംകൂടാതെ നടക്കയില്ല. അതുകൊണ്ടു ഒരു അഖിലേന്ത്യാ ഗ്രാമവ്യവസായസംഘത്തെ സൃഷ്ടിക്കുന്ന ഒരു പ്രമേയം അംഗീകൃതമാകണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു.

സ്വീകരണസംഘത്തെപ്പററി പറഞ്ഞ കൂട്ടത്തിൽ ഞാൻ പരാമർശിച്ച പ്രദർശനം ഈ അഖിലേന്ത്യാ ഗ്രാമവ്യവസായസംഘപ്രവർത്തനത്തിൻെറ ഫലമായിരിക്കണം. ഗ്രാമീണവ്യവസായങ്ങളുടെ പ്രാധാന്യവും പ്രയോജനവും സാധ്യതകളും ഇത്തരം പ്രദർശനങ്ങളിൽനിന്നു തെളിഞ്ഞു കാണാവുന്നതാണു്.

ഉയന്നവരെന്നു പറയപ്പെടുന്നവർ താണവരെന്നു പറയപ്പെടുന്നവരിൽനിന്നു ഭിന്നരല്ലെന്നു മനസ്സിലാക്കി അവരുടെ ബുദ്ധിയുടേയും ധനത്തിൻേറയും പ്രയോജനം താണവർക്കും പ്രദാനം ചെയ്യുന്നപക്ഷം ഇന്ത്യ തേനും പാലും ഒഴുകുന്ന രാജ്യമായിത്തീരുകയും ഗവമ്മെൻറിനോടോ മുതലാളിമാരോടോനിശിതമായ പോരാട്ടംകൂടാതെ ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യം കരഗതമായിത്തീരുകയും ചെയ്യും സിവിലാജ്ഞാലംഘനത്തിൻെറ ആവശ്യംകൂടാതെതന്നെ രാഷ്ട്രീയസ്വാതന്ത്ര്യം സ്വാഭാവികമായി ഉണ്ടാകയും ചെയ്യും.


താണവരെന്നു തെററായി വിളിക്കപ്പെടുന്ന സാധുലക്ഷങ്ങളുമായി ഉയന്നകൂട്ടർ അഭേദമായി വർത്തിക്കാതെ ഇന്ത്യയുടെ സ്വാതന്ത്ര്യംകൊതിക്കുന്നതു വെറും വ്യാമോഹം മാത്രമെന്നാണു് എൻെറ വിശ്വാസം. ഈ പ്രമേയങ്ങളെ അതേമനോഭാവത്തിൽ പരിശോധിക്കണമെന്നാണു എൻെറ ആഗ്രഹവും.

വിഷയവിവരം

മുഖചിത്രം:

ഒരു ശാസ്ത്രീയപര്യടനസംഘക്കാർ ആസ്ട്രേലിയായ്ക്കുസമീപമുള്ള 'ഗ്രേററുബാരിയർറീഫി'നുസമീപം മീൻപിടുത്തത്തിനിറങ്ങിയപ്പോൾ 'മാക്കെറൽ' എന്ന പേരായ ഭീമമത്സ്യങ്ങളെ പിടിക്കാൻസാധിച്ചു. ഇവ ആകൃതിയിൽ വളരെ വലിപ്പവും വലിയസമരപ്രിയവും ഉള്ള ഒരുതരം അപൂർവമത്സ്യങ്ങളാണു്.

N. I. A.



ഭാരതം.

എഫ്. ആർ. സി. എസ്സ്. പ്രാരംഭപരീക്ഷ ഇന്ത്യയിൽവച്ചു നടത്തുന്നതിന്ന റായൽകാളെജ് ആഫ് സർജൻസ് തീരുമാനിച്ചിരിക്കുന്നു.

*　*　*

ഫരീദകോട്ടയിലെ മഹാരാജാവിനെ അവിടത്തെ ഭരണാധികാരിയായി സിംഹാസനാരോഹണം ചെയ്യിച്ചിരിക്കുന്നു.

*　*　*

മദ്രാസ്സിലെ പുതിയ ഗവർണ്ണരായി നിയമിക്കപ്പെട്ട ഇർസ്കിൻപ്രഭു ഡിസമ്പർ 15-ാംതീയതി രാവിലെ മദ്രാസ്സിൽ എത്തുന്നു. അദ്ദേഹത്തെ ചാർജ്ജേല്പിച്ചശേഷം സർ ജാർജ്ജ് സ്റ്റാൻലി മദ്രാസ് വിടുന്നതാണ്.

*　*　*

ഒരുകൊല്ലത്തിൽകൂടുതൽ തടവുശിക്ഷ വിധിക്കപ്പെട്ടവരെ തിരഞ്ഞെടുപ്പിൽ അയോഗ്യരായി ഗണിക്കുന്നു എന്നുള്ളതിനെ ഒരൊററ കുററത്തിന് ഒരുകൊല്ലത്തിലധികം ശിക്ഷ വിധിക്കപ്പെട്ടവർ എന്നു വ്യാഖ്യാനിക്കണമെന്നു ഗവമ്മെൻറ റിട്ടേണിംഗ് ആഫീസർമാരെ അറിയിച്ചിരിക്കുന്നു.

*　*　*

പരേതനായ മി: ആർ. ബി. ഗോഖലേ.



ഇദ്ദേഹത്തിൻെറ ഛായാപടം ബോംബെ ഗവർണ്ണർ ഹിന്തുവിധവാമന്ദിരത്തിലെ ന്യൂ അസംബ്ളി ഹാളിൽവച്ചു ഈയിടെ അനാഛാദനം ചെയ്കയുണ്ടായി. ലോകസേവയിലും സമുദായ പരിഷ്കാരത്തിലും പരേതൻെറ പ്രവത്തനങ്ങൾ സുപ്രസിദ്ധങ്ങളാണ്. ഹിന്തുവിധവാമന്ദിരം സ്ഥിതിചെയ്യുന്ന ഏഴേക്കർഭൂമി ഈ ഉദാരശീലൻെറ ദാനമാണ്.

*　*　*

ഇന്നത്തെ ജ്യോതിശ്ശാസ്ത്രവിജ്ഞാനത്തെ ആസ്പദമാക്കി ഇന്ത്യൻപഞ്ചാംഗങ്ങൾ അഭിവൃദ്ധിപ്പെടുത്തേണ്ടതിൻെറ അത്യാവശ്യകതയെപ്പററി രണ്ടാമതു കർണ്ണാടകജ്യോതിശ്ശാസ്ത്രസമ്മേളനം ഉൽഘാടനംചെയ്ത മൈസൂർയുവരാജാ പ്രസംഗിക്കുകയുണ്ടായി. ജ്യോതിശ്ശാസ്ത്രസംബന്ധമായ ഗവേഷണങ്ങൾക്കും ഒരു അത്യഭിനവരീതിയിലുള്ള ജ്യോതിർ നിരീക്ഷണാലയം മൈസൂറിൽവേണ്ടതാണെന്നു അദ്ധ്യക്ഷനായ സർ രമേശൻ അഭിപ്രായപ്പെട്ടു.

*　*　*

ബാംബെയിൽ സർ കോവാസ്ജി ജിഹാംഗീർ (ലിബറൽ) മി ജംനദാസ്മേത്ത, (ഡെമോക്രാററിക്ക്സ്വരാജ്യപാർട്ടി) ഡാക്ടർ ദേശമുക് (കാൺഗ്രസ്) മി. കെ. എം മുൻഷി (കാൺഗ്രസ്) എന്നിവരുടെ നാമിനേഷൻപേപ്പറുകൾ സ്വീകരിച്ചിരിക്കുന്നു മി. മുൻഷിയുടെ നാമിനേഷൻ സ്വീകരിച്ചതിനാൽ ഡാക്ടർ ബറുച്ചാ തൻെറ നാമിനേഷൻ പിൻവലിച്ചിരിക്കുന്നു മുകളിൽ പറഞ്ഞ നാലു സ്ഥാനാർത്ഥികളുംതമ്മിൽ തീക്ഷ്ണമായ മത്സരമുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

*　*　*

ബാംബേമുസ്ലിം തൊഴിലില്ലായ്മസംഘത്തിലെഅംഗങ്ങൾ കാൺഗ്രസ്സ്സമ്മേളനം തുടങ്ങുന്ന ദിവസംകാൺഗ്രസ്സ്നഗറിൽ ചില പ്രകടനങ്ങൾ നടത്താനുദ്ദേശിക്കുന്നതായറിയുന്നു. പ്രാദേശികകാൺഗ്രസ്സ്അധികൃതന്മാരെപ്പററിഇവർക്കുള്ള ചില പരാതികൾക്കു തീരുമാനം അവർ ആവശ്യപ്പെടുന്നു. കാൺഗ്രസ്സ്നഗർ ആക്രമിച്ചു പിടിച്ചടക്കുമെന്നു ഇവരും കമ്മ്യൂണിസ്റ്റുകാരും പ്രയോഗിക്കുന്ന ഭീഷണിമൂലം കാൺഗ്രസ്സ് അധികൃതന്മാർ അസ്വസ്ഥരായിത്തീർന്നിട്ടുണ്ട്. ലഹളകളുണ്ടാകാതിരിക്കത്തക്കവണ്ണംഇവരെ ഈ സാഹസത്തിൽനിന്നു പിൻതിരിക്കാൻ ശ്രമംചെയ്തുവരുന്നു.

*　*　*

ഇന്ത്യയിലുള്ള ക്രിസ്ത്യൻകാളേജുകളിലെല്ലാംകൂടി ആണ്ടുതോറും ഇരുപത്താറായിരംപേർ വിദ്യാഭ്യാസംചെയ്തുവരുന്നു. മേയ്കൊണ്ടവസാനിച്ച ഇക്കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ കത്തോലിക്കാകാളേജുകളിലും പ്രോട്ടസ്റ്റൻറുകാളേജുകളിലും പതിമൂവായിരം വിദ്യാർത്ഥികൾവീതം പഠിക്കുന്നുണ്ടായിരുന്നു ബി. ഏ. ക്കും എം. ഏ. ക്കും പഠിപ്പിക്കുന്ന ൬൦ ക്രിസ്ത്യൻ ആർട്ട്സ്കാളെജുകൾ ഇന്ത്യയിലുള്ളതിൽ 38-എണ്ണം പ്രോട്ടസ്റ്റൻറുകാരുടെയും 22-എണ്ണം കത്തോലിക്കരുടേതുമാകുന്നു ഇവയിൽ ആറു പ്രോട്ടസ്റ്റൻറുകാളെജുകളും അഞ്ചു കത്തോലിക്കാകാളേജുകളും സ്ത്രീകൾക്കായിമാത്രമുള്ളതാണ്.

*　*　*

മദ്രാസ്കാർപ്പറേഷൻകൗൺസിലരായിരുന്ന മി. വ്യാസപരാവുവിൻെറ ഛായാപടം സർ ഷൺമുഖംചെട്ടി റിപ്പൺബിൽഡിംഗ്സിൽവെച്ചു അനാച്ഛാദനംചെയ്തിരിക്കുന്നു പട്ടണത്തിലെപൗരജീവിതത്തിൻെറ സൗകര്യത്തിനു അല്പമെങ്കിലും സംഭാവനചെയ്യുന്നവനാണ് ദേശീയജീവിതത്തിനുവേണ്ടി സേവനമനുഷ്ഠിക്കുന്നവൻ എന്നാകുന്നു സർ ഷൺമുഖം പ്രസ്താവിച്ചതു്. മേയറാണു സമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ചതു്. നിയമസഭകളിലെയുംമററും പ്രവത്തനം വിദൂരമായിട്ടുമാത്രമെ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുകയുള്ളുവെന്നും, എന്നാൽ മുൻസിപ്പൽഭരണം പൗരജീവിതത്തെ നേരെ ബാധിക്കുന്നതാണെന്നുംകൂടി സർ ഷൺമുഖം പ്രസ്താവിക്കുകയുണ്ടായി.



കുമാരി പത്മാവതി.

കൂർഗിൽ (കുടകുരാജ്യത്തിൽ)നിന്നും ജ്ഞാനസമ്പാദനത്തിനായി യൂറോപ്പിലേക്കു തിരിച്ചിരിക്കുന്ന ആദ്യത്തെ കൂർഗ്ഗുവനിത. ഇവർ ഹിന്ദിയിൽ ഏററവും ഉയന്ന പരീക്ഷയിൽ വിജയം നേടിയിട്ടുണ്ടു്. ഗ്രാമീണപുനസ്സംഘടനം, ഗ്രാമീണാരോഗ്യപാലനം എന്നീ വിഷയങ്ങളിൽ ഉപരിജ്ഞാനം സമ്പാദിക്കുവാനാണ് ഇവരുടെ യാത്ര.

U. P. S.

അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിനുള്ള ഉപായങ്ങളെപ്പറ്റി റിപ്പോർട്ടുചെയ്യാൻ നിയുക്തമായിരുന്ന ബാംബേമുൻസിപ്പാലിറ്റിയുടെ കമ്മിറ്റി അവരുടെ റിപ്പോർട്ടിൽ പറയുന്നതു ബാംബേനഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമായി ഉടമസ്ഥനില്ലാത്ത മുപ്പതിനായിരം പട്ടികൾ ഉണ്ടെന്നാണ്. ഇത്തരം പട്ടികളെ നശിപ്പിക്കാനായി 1915-ൽ മുൻസിപ്പാലിറ്റി പന്തീരായിരം ക്രൂപാ ചെലവാക്കി പതിനായിരം പട്ടികളെവീതം ആണ്ടുതോറും നശിപ്പിച്ചിട്ടും പട്ടികൾക്കു യാതൊരു കുറവുമില്ല. 40-മനുഷ്യർക്കു ഒരു തെണ്ടിപ്പട്ടിവീതമാണു ബാംബയിൽ ഉള്ളതു്. പട്ടികളെ നശിപ്പിക്കാനുള്ള ശ്രമത്തിൽ പൗരന്മാരുടെ സഹകരണംഇല്ലെന്നു മാത്രമല്ല മതപരമായ കാരണങ്ങളാൽ രൂക്ഷമായഎതിർപ്പും ഉണ്ടാകുന്നുണ്ടു്. ബാംബേയിൽ പട്ടികടിച്ച ആയിരംപേരെവീതം ഹാഫ്കയിൻഇൻസ്റ്റിറ്റ്യൂട്ടിൽ ആണ്ടുതോറും ചികിത്സിച്ചുവരുന്നു.

* * *

ഒരു വനിതാപോലീസ്സ്‌വകുപ്പ് ഇൻഡ്യയിൽ ഉണ്ടാകുന്നതു് ഒരു നല്ല കാര്യമായിരിക്കും എന്നുള്ളതിനെപ്പറ്റി ഒരു സന്ദർശനവേളയിൽ ബാംബേപോലീസ്സ്കമ്മീഷണർ പറഞ്ഞ അഭിപ്രായം ശ്രദ്ധേയമാണു്. പൗരസ്ത്യസമ്പ്രദായങ്ങളെയും ഇൻഡ്യൻസ്ഥിതിഗതികളെയുംപറ്റിയുള്ള അജ്ഞതയുടെ കൂടുതലാണു് ഇങ്ങനെയൊരു അഭിപ്രായത്തിനു് കാരണമായിത്തീർന്നതെന്നാണു് അദ്ദേഹം പറയുന്നതു്. പാശ്ചാത്യസ്ഥിതിഗതികളെ മാത്രം മനസ്സിലാക്കി അതിനനുസരിച്ചു് ഇൻഡ്യ പരിഷ്കരിക്കുവാൻ ഭാവിച്ചാൽ ഈവിധം വികല്പങ്ങൾ ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ലെന്നും, പരിതഃസ്ഥിതികളെപ്പറ്റി ആലോചിക്കാതെ ആംഗ്ലേയാദർശങ്ങളെ ഇൻഡ്യൻപ്രശ്നങ്ങളിലേക്കു കടത്തിവിടുന്നതു് അബദ്ധമാണെന്നും, സ്ത്രീപോലീസുവകുപ്പു ഇൻഡ്യയിൽ ഉണ്ടായാൽ അതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നതു തന്നെ സംശയമാണെന്നതന്നെയല്ല, അതുമൂലം പല ഭവിഷ്യത്തുകൾക്കും കാരണമായിത്തീരുമെന്നും വനിതാപോലീസ്സുസൈന്യത്തെ സൂക്ഷിക്കുവാൻ മറ്റൊരു പുരുഷപോലീസ്സുസൈന്യംകൂടി ആവശ്യമായി വരുമെന്നുമാണു് ഇദ്ദേഹം അഭിപ്രായപ്പെടുന്നതു്.

കേരളം.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ തിരുനാൾവാരത്തിൽ നവംബർ 5-ാംതീയതി മുതൽ 15-ാംതീയതിവരെ തിരുവനന്തപുരത്തുവച്ചു ഒരു സമസ്തേന്ത്യാ കുടിൽവ്യവസായപ്രദർശനം നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

* * * *

ഇക്കൊല്ലത്തെ കലാമഹോത്സവം, ഹരികഥാകാലക്ഷേപം, ഉപരിസംഗീതസദസ്സുകൾ, ലഘുസംഗീതസദസ്സുകൾ, നൃത്താഭിനയാദികൾ, കഥകളി, പ്രഹസനാഭിനയം തുടങ്ങിയ വലിയ ചടങ്ങുകളോടുകൂടി കലാകുശലനായശ്രീ. മള്ളൂർഗോവിന്ദപ്പിള്ള അവർകളുടെ സജീവനേതൃത്വത്തിൽ വിജയപൂർവം കഴിഞ്ഞുകൂടിയിരിക്കുന്നു.

* * *

അയർലണ്ടു്, ബോൾഷ്ട്രീമാർ, ഇറ്റലി തുടങ്ങിയ വിദേശരാജ്യങ്ങളിലേക്കു തിരുവിതാംകൂറിൽനിന്നും മോണോസൈറ്റ്, ഇല്മിനേറ്റ് എന്നീ മണലുകൾ (സ്വർണ്ണമണ്ണും കരിമണ്ണും) ധാരാളമായി കയറ്റുമതിചെയ്തുതുടങ്ങിയിരിക്കുന്നു. അധികമായി കയറ്റിഅയയ്ക്കുന്നതു കരിമണലാണു്. അതു നീണ്ടകര സമുദ്രതീരത്തുനിന്നും ശേഖരിച്ചു കൊല്ലം കൊച്ചുപിലാംമൂട്ടുതുറമുഖത്തുനിന്നു സ്റ്റീമർവഴി പൊയ്ക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതു്.

* * *

എസ്സ്. എൻ. ഡി. പി യോഗത്തിന്റെ31-ാമതു വാർഷികസമ്മേളനം ഇക്കഴിഞ്ഞ കന്നി 28-ം 29-ം 30-ം തീയതികളിലായി കൊല്ലം കന്റോൺമെന്റുമൈതാനത്തിൽ സിംഹളനഗരി എന്ന നാമധേയത്തിൽ സജ്ജീകരിച്ചിരുന്ന സിംഹളനഗരിയിൽവച്ചു കോഴിക്കോട്ടു മുൻസിപ്പൽചെയർമാനും റിട്ടയാർഡുഡെപ്യൂട്ടികലക്ടരുമായ മി. ഏ. കരുണാകരന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞുകൂടിയിരിക്കുന്ന യോഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യസമ്മേളനം, യൂത്ത് ലീഗ്, സ്ത്രീസമ്മേളനം, സാഹിത്യസമ്മേളനം ഇവയും നടത്തപ്പെട്ടു. ആരോഗ്യസമ്മേളനത്തിൽ പ്രൊഫസർ കുന്തക്കാരൻരാഘവനും, വനിതാസമ്മേളനത്തിൽ ശ്രീമതി കെ ശാരദാപൊന്നൻ ബി. ഏ. എം. എസ്സ്. സി-യും, സാഹിത്യസമ്മേളനത്തിൽ ശ്രീമാൻ പള്ളത്തുരാമനും യുവജനസമ്മേളനത്തിൽ മി. എ. സ്. രാമനാഥനുമാണു് ആദ്ധ്യക്ഷംവഹിച്ചതു്.

* * *

മഹാകവി രവീന്ദ്രനാഥടാഗോർ അടുത്തുതന്നെ മഹാകവി വള്ളത്തോളിന്റെ അതിഥിയായി കേരളകലാമണ്ഡലം സന്ദർശിക്കുന്നതാണെന്നു് അറിയുന്നു.



'വെള്ളം കോരി പാത്രങ്ങളിൽ നിറയ്ക്കുക എന്ന എന്റെ ദിനചര്യയിൽപെട്ട ജോലി ഞാൻ നിർവിഘ്നം നടത്തുന്നു'.

Royal Studio, Ernakulam.

പൊണ്ണക്കാര്യം.

(എൻ. എൻ അമനകര)

പൊണ്ണക്കാര്യം എന്നുപറഞ്ഞാൽ വലിയ ഒരു സംഗതി അല്ലെങ്കിൽ പൊണ്ണന്മാരുടെ---അഥവാ-വലിയവരെ പരാമർശിക്കുന്ന സംഗതി എന്നാണല്ലോ സാഹിത്യരീതിയിൽ കല്പിക്കേണ്ട അർത്ഥം. എന്നാൽ ഇതിൽനിന്നും തുലോം വ്യത്യസ്തമായ ഒരു രീതിയിലാണ് ഞാൻ ഇതിനെ വിവക്ഷിക്കുന്നതു്. തന്നാൽ അപ്രായോഗികമായ സംഗതികൾ താൻ ചെയ്തുതായി നടിക്കുന്ന ചില കൂട്ടരുണ്ട്. നടിക്കുക മാത്രമാണെങ്കിൽ തരക്കേടില്ലായിരുന്നു. സ്വപ്നത്തിൽപോലും അറിയാത്ത സംഗതികൾ ഉച്ചൈസ്തരം ഘോഷിച്ചു മനഃപൂർവ്വം ഒരു പരമ "ബോറൻ" ആയിത്തീരുന്നതു് ഈ സാധുക്കൾ അറിയുന്നില്ല. ഈമാതിരിയുള്ള നിരർത്ഥപ്രലപനങ്ങൾക്കാണു പൊണ്ണക്കാര്യം എന്നു പറയുന്നതു്.

ഇത്തരം പൊണ്ണന്മാരെ "സർവ്വവ്യാപികൾ"പോലെ മിക്കവാറും സ്ഥലങ്ങളിൽകണ്ടേക്കും. ഇവരുടെ നാട്യവും പറച്ചിലും പരിശോധിക്കുന്നതായാൽ ഇവർതന്നെയാണു സാക്ഷാൽ ലോകചക്രനിയന്ത്രകന്മാരെന്നു് നമുക്കു് തോന്നിപ്പോകും. രസികശിരോമണികളായ ഈ ഹരിശ്ചന്ദ്രന്മാർ കള്ളമേ പറയുകയുള്ളു എന്നു വല്ല സത്യവും ചെയ്തിട്ടുണ്ടോ എന്നു നാം ചിലപ്പോൾസംശയിച്ചേക്കും എന്നാൽ ഇവരുടെ ഈ 'സൊള്ളലു'കൊണ്ടു അന്യർക്കോ അഥവാ അവർക്കുതന്നെയോ എന്തെങ്കിലും ഗുണം ഉണ്ടാകുന്നതു് വളരെ ദുർല്ലഭമാണുതാനും. പിന്നെ ഇവർ ഈ പൊണ്ണക്കാര്യപ്രസ്ഥാനം ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നതു് എന്തിനാണെന്നു ഒരു നിശ്ചയവുമില്ല. പൊടിപ്പും തൊങ്ങലുംവെച്ചു് ആത്മപ്രശംസാരൂപത്തിൽ തകർക്കുന്ന വെടികൾ കേട്ടാൽ കേൾവിക്കാർ തീർച്ചയായും ഒന്നു സ്ഥാളിച്ചുപോകും. ആൾ ആകപ്പാടെ ഒരു കൊച്ചുമിടുക്കൻതന്നെ എന്നൊരു സർട്ടിഫിക്കേററും ഇയ്യാൾ കൂടെക്കൂടെ സമ്പാദിച്ചേക്കും. വാസ്തവത്തിൽ ഈ സാക്ഷിപത്രത്തിനു് അർഹനാകത്തക്ക യോഗ്യത അയാൾക്കുണ്ടായിരിക്കയുമില്ല നട്ടാൽകുരുക്കാത്ത കള്ളങ്ങൾ തട്ടിവിടുമ്പോൾ നിശ്ചയമായും അയാളുടെ ഹൃദയം വളരെ ഉച്ചത്തിൽ തുടിച്ചുകൊണ്ടിരിക്കും. എന്നാൽ ഈ തുടിപ്പും ഇച്ഛാനുസരണം നിയന്ത്രിക്കാൻ അയാൾ ഏതുവിധത്തിലെങ്കിലും അഭ്യസിക്കും. മിക്കവരും തന്റെ "ബഡായി"യിൽ അകപ്പെട്ടു എന്നുള്ള ഒരു കൃതാർത്ഥതയുടെ ഫലമായി ഒരു മന്ദഹാസത്തോടുകൂടി ഈ കൃത്യാന്തരബാഹുല്യക്കാരൻ ധൃതിയായി രംഗത്തിൽനിന്നും വലിയുന്നു.

ഈ പുരുഷവ്യാഘ്രങ്ങളുടെ സംസാരവിഷയംകൂടി നമുക്കു അല്പമൊന്നു പരിശോധിക്കാം. തന്റെ പൊതുക്കാര്യങ്ങളിലുള്ള പ്രസക്തിയും ഉദ്യോഗമണ്ഡലങ്ങളിൽ തനിക്കുള്ള സ്വാധീനവും പൊടിപൂരമായി വർണ്ണിക്കും "നിരാഹാരപ്രസ്ഥാനത്തിനെതിരായി പലതും സ്തുത്യർഹമായി ഞാൻ പ്രവർത്തിച്ചിട്ടുണ്ടു്. ബീഹാർ ഫണ്ടിനു ഇത്രയും വലിയൊരു തുക പിരിഞ്ഞുകിട്ടിയതു് എന്റെ നിരന്തരപരിശ്രമം ഒന്നുകൊണ്ടുമാത്രമാണു്. ഞാൻ മുൻകൂട്ടി ചെന്നിരുന്നില്ലെങ്കിൽ പള്ളിക്കെട്ടുമഹോത്സവം നിശ്ചയമായും വളരെ അലങ്കോലപ്പെട്ടുമായിരുന്നു" എന്നുംമററും "വിട്ടുവാ" പറയുന്നതിനിടയ്ക്കു് സാഹിത്യപരിഷത്തിൽ തന്റെ ഗംഭീരപ്രസംഗത്തെ ഐകകണ്ഠ്യേന അഭിനന്ദിച്ചതും കൂസൽകൂടാതെ വിളിച്ചുപറയും.

പുരുഷന്മാരുടെ പൊണ്ണക്കാര്യങ്ങളാണു് മേൽപറഞ്ഞതു്. ഞാൻ എന്ന പദപ്രയോഗംകൂടെക്കൂടെ ആവർത്തിക്കുന്നതാണു് ഈ അഭിനവബൃഹസ്പതികളുടെ വേറൊരു ദുശ്ശീലം. ഇപ്രകാരമുള്ള ഒരു വെറും "ബോറിങ്ങി"ന്റെ ഒരു സാമ്പിൾകൂടി ഉദ്ധരിക്കുന്നതു് അസ്ഥാനത്തിലാവുകയില്ലല്ലോ. "അന്നത്തെ സാഹിത്യസമാജത്തിന്റെ ജനയിതാവു് വാസ്തവത്തിൽ ഞാനായിരുന്നു. പല വാദപ്രതിവാദങ്ങളും നടന്നു. മി. ആർ. വളരെ ശക്തിയായി പ്രസംഗിച്ചു. അതു കേട്ടിട്ടു് എനിക്കു തീരെ സഹിച്ചില്ല. ആ പ്രസംഗം അവസാനിച്ചു ഉടൻതന്നെ ഞാൻ എഴുന്നേററു് മി. ആർ-ന്റെ പായിന്റു സകലതും ഖണ്ഡിച്ചു. എന്റെ ആ എതിർപ്പു എല്ലാവരും ബലേവച്ചു" പരമാർത്ഥത്തിൽ പ്രസിഡണ്ടിനുതന്നെയുംകേൾക്കാൻ പണിപ്പെടേണ്ടിവന്ന ഈ വങ്കന്റെ ഒന്നുരണ്ടു അന്യോന്യബന്ധമില്ലാത്ത അസ്പഷ്ടവാചകങ്ങൾ സദസ്യർ കൂക്കുവിളിയോടുകൂടിയാണു് സ്വാഗതം ചെയ്തിട്ടുള്ളതു്.

ഈ വങ്കന്മാരായ പൊണ്ണപ്രഭുക്കൾക്കു് പ്രധാനമായി വേറൊരു ദൂഷ്യംകൂട ഉണ്ടു്. പരപുച്ഛം. അന്യരിലും അവരുടെ പ്രവൃത്തികളിലും വ്യക്തിപരമായുള്ള ആക്ഷേപം. ഈ സമ്പ്രദായം വാസ്തവത്തിൽ ശിക്ഷാർഹമാകുകതന്നെവേണം. തങ്ങൾ പ്രവർത്തിക്കുന്നതും പറയുന്നതും സർവ്വത്ര സ്വീകാര്യമായിരിക്കണമെന്നുള്ള ഒരു ദുർവ്വാശി ഇക്കൂട്ടരിൽ ദർശിക്കാം. തനിക്കു എവിടേയും ഒരു "വകവെപ്പു" ഉണ്ടായിരിക്കണമെന്നുള്ള ദുർമ്മോഹം ഇവരിൽ ആപാദചൂഡം പ്രതിഫലിച്ചുകാണും. സംഗീതം സാഹിത്യം, വേദാന്തം മുതലായ വിഷയങ്ങളെ സഗർവ്വം വിമർശിക്കുന്നതുകേട്ടാൽ ഇയ്യാൾഒരു "സ്പെഷ്യലിസ്ററു" ആയിരിക്കുമോ എന്നുകൂടിതോന്നും. എന്നാൽ ഈ കലകളുടെ കണികപോലും കണ്ടിട്ടില്ലാത്ത കള്ളനായിരിക്കും ഇയ്യാൾ.

മഹാത്മജി,മോട്ടിലാൽനെഹ്റുമുതലായ രാഷ്ട്രീയനേതാക്കന്മാരുടെപോലും പോരായ്മകൾ പറയാനുള്ള പാടവം പണ്ടേ ഇവർക്കു സിദ്ധിച്ചിട്ടുണ്ടു്. ഈ സർവ്വജ്ഞന്മാരായ പരോപദ്രവികളുടെ ഗൂഢനേത്രങ്ങളുടെ ശക്തിയും വ്യാപ്തിയും ഭയങ്കരംതന്നെയാണു്. അവർ കാണാത്തതും അറിയാത്തതുമായ വാർത്തകൾ "റായിട്ടർ"വാർത്തകളിൽപോലും കാണുകയില്ല "അതു ഞാൻ എന്നെഅറിഞ്ഞതാണു്" എന്നുള്ള ഉത്തരം ഏതുകാര്യം പറഞ്ഞാലും ഇവർപുറപ്പെടുവിക്കും കാൺഗ്രസ്സിലും കൌൺസിലും എന്നുവേണ്ട കമ്പോളത്തിലും കാപ്പിക്കടയിലും കേറിയിറങ്ങി; കടൽക്കരയിലും കാഴ്ചബംഗ്ലാവിലുംകൂടി കറങ്ങിത്തിരിയുന്നു.

സ്ത്രീകളാണെങ്കിൽ വേറൊരു രീതിയിലാണു്. അവരുടെ വീക്ഷണപരിധി കുറച്ചുകൂടി പരിമിതമായിരിക്കും വിവാഹിതകൾ മിക്കവാറും അവരുടെ ഭർത്താക്കന്മാരെ പുകഴ്ത്തുന്നതിനു ചതുരകളായിരിക്കും. അവരുടെ ചില വീരപ്രവൃത്തികളും വാക്സാമർത്ഥ്യപ്രകടനങ്ങളും കൊണ്ടുപിടിക്കും. "അദ്ദേഹം കഴിഞ്ഞമാസത്തിൽ തിരുവനന്തപുരംവരെ പോയിരുന്നു അന്നു ചീഫ് സെക്രട്ടറിയുടെകൂടെആയിരുന്നു താമസം. അവർ ചെറുപ്പംമുതല്ക്കേ പത്ഥ്യത്തിലാണു്. അവരൊന്നിച്ചു കടൽപ്പുറത്തുംമററും പോകയുണ്ടായി. ഞങ്ങളെക്കുറിച്ചു ചോദിച്ചുന്നാപറഞ്ഞതു്" അവളുടെ ആ പത്ഥ്യക്കാരൻഭർത്താവു തിരുവനന്തപുരം കാണുകപോലും ചെയ്യാത്ത ഒരു വെറും മലനാടനായിരിക്കും. അയാൾ ആ പട്ടണത്തെപ്പററിയോ ഉദ്യോഗസ്ഥന്മാരുടെ പേരോ കേട്ടാൽ വിയർക്കുന്ന ഒരു കിഴങ്ങമ്പിള്ള ആണെങ്കിലും ഭാര്യ പറയുമ്പോൾ ഒരു ആരാധ്യപുരുഷനായിത്തീരുന്നു. ഇതിനെയുംകൂടെ ൻ കലാമണ്ഡലം ഭാഗ്യക്കുറിക്കു രണ്ടേരണ്ടു ദിവസംകൊണ്ടു "പത്തുമുന്നൂറു" രസിതുബുക്കുകൾ നിലയുള്ള സ്ഥാനങ്ങളിൽ നിഷ്പ്രയാസം ഏല്പിച്ചു കല്പിതകഥ വിസ്തരിക്കുമ്പോഴത്തെ അവളുടെ മുഖഭാവം വീണ്ടും കാണാൻകൊതിയാകും. ആകപ്പാടെ ഭർത്താവു അദ്ദിക്കിലെ ഒരു കിരീടമില്ലാത്ത രാജാവാണെന്നുവരേയും അവൾ പറയും. വാസ്തവത്തിൽ ഈ കോലാഹലങ്ങൾക്കൊന്നിൻ തന്നെ കെല്പില്ലാത്ത ഒരു "ഇസ്പേഡ് ഏഴ്"ആയിരിക്കും സ്ത്രീയുടെ പ്രാണപ്രിയൻ. ഈ വിരുതൻ പലദിക്കിലുംചെച്ചു 'മത്തങ്ങപറിക്കാറു'ള്ളതു ആരെങ്കിലും തട്ടിവിടുന്നപക്ഷം ഇവരുടെജിഹ്വ പെട്ടെന്നു നിശ്ചലമായിത്തിരുന്നതാണു്.

വേറൊരുതരക്കാർ തങ്ങളുടെ സന്താനങ്ങളുടെ ഗുണഗണങ്ങളെ വർണ്ണിക്കുന്നു. 'കുഞ്ഞൻകുട്ടി ഇയ്യാണ്ടു ഫോർത്തുഫാറത്തിലാണു്. വല്ലാത്ത വികൃതി. വഴക്കുണ്ടാക്കാത്തദിവസം ചുരുക്കം. എങ്കിലും പഠിക്കാൻ മിടുക്കനാണു്" എന്നുപറഞ്ഞു കുട്ടിയുടെ മുൻചൊന്നദോഷത്തെ ലഘൂകരിക്കാൻ ശ്രമിക്കുന്നു. "നല്ലബുദ്ധിയാ ഒരുതവണ കേട്ടാൽമതി. പിന്നെ മറക്കൂല്യാ" ഇത്രയുംകൊണ്ടു തൃപ്തിപ്പെടുന്ന ലക്ഷണമല്ല കാണുന്നതു്. അതുംകൂടി കേൾക്കുമ്പോൾ നമുക്കുതന്നെ ഇവരെപ്പററി ഒരു പുച്ഛംതോ

ന്നം. "ഇതേവരെ ഒരുക്ലാസ്സിലും തോററിട്ടില്ല. എല്ലാത്തിലും ഒന്നാമനുമാണ്." ഈ സമയം അവളുടെ മുഖം രക്തശ്ശൂന്യമായിത്തീരുന്നതിൻെറ രഹസ്യം അവിടങ്ങളിൽ മിക്കവക്കും അറിയാം. രണ്ടുവർഷംമുമ്പു ഒരു സഹപാഠിയുടെ പിച്ചാത്തി "പിക്ക് പോക്കററു്" ചെയ്തതിനു കിട്ടിയശിക്ഷയുടെ ഓർമ്മയായിരിക്കും ആ സാധ്വിയെ കുറെ നേരത്തേക്കു് ചിന്താധീനയാക്കിയതു്. ഇപ്രകാരം തങ്ങളുടെ കുട്ടികളെ വൃഥാ പുകഴ്ത്തുന്നതിനിടയിൽ കിഴക്കേതിലെ രാമകൃഷ്ണൻെറയുംമററും കുററവും കുറവുംകൂടി പറഞ്ഞു കൃഷ്ണൻകുട്ടിയുടെ മിടുക്കിൻെറ മാററു ഒരു ഡിഗ്രികൂടികൂട്ടുകയും ചെയ്യും. യഥാ മാതാ; തഥാസുതാഃ എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഈ വകക്കാരുടെ സന്താനങ്ങളും വൃഥാ പൊങ്ങന്മാരായി തീരുന്നതാണ്. അതു അത്ഭുതവുമല്ലല്ലോ. ഈ മാറാവ്യാധി വിട്ടുമാറുന്നതിനു ഈ പൊണ്ണക്കാര്യപ്രണയികളുടെ ജീവിതശേഷം ഊളമ്പാറെ ആക്കുകയല്ലേ വേണ്ടതെന്നുപോലും തോന്നുന്നു. അതിനുള്ള അധികാരം ഇല്ലാത്തതു് ആരുടെ ഭാഗ്യമോ എന്തോ?

മാധുരി.

(കടവൂർ കുഞ്ഞുകൃഷ്ണപിള്ള)

വിലരിയാംപുഞ്ചിരിച്ചെന്നെനോക്കി
കഥയറിയാതെഞാനമ്പരന്നു.
അമലാംഗിമാധുരിതൻമനോജ്ഞ
മൃദുഹാസമപ്പോഴും ഞാൻനുകന്നു.
പരിഹാസമെന്നുള്ള പാഠമല്ലോ
പറവകളെന്നിൽ പകന്നതപ്പോൾ.
അതുകേട്ടഞെട്ടി യതിൻപൊരുളെ-
ത്തിരയുവാൻ ബദ്ധനായുള്ളൊരെന്നിൽ
അതിശുഭദായിനി അപ്പൊഴുതും
കുളർമധുഗീതി ചൊരിഞ്ഞുതന്നു.
സുരഭിലസൂനങ്ങളെൻ വിവണ്ണ-
വദനത്തെക്കണ്ടു നെടുവീപ്പിട്ടു,
അതുനേരമെൻെറയാപ്പുണ്യരൂപം
തഴുകിയസൌഖ്യംഞാനാസ്വദിച്ചു.
അവശനാമെൻെറയവസ്ഥകണ്ടു
തലതാഴ്ത്തിനിന്നു ലതാവലികൾ
അവയിൽനിന്നിററിററുവീണബാഷ്പ-
കണമമ്പുപോലെന്നിൽ പാഞ്ഞുകേറി.
അലസാക്ഷി മാധുരിതൻമുഖേന്ദു
പൊഴിയുന്നപുഞ്ചിരിപ്പൂനിലാവിൽ
അലമാടിയാടിക്കളിച്ചസൌഖ്യം
മുഴുവൻഞാനപ്പോളനുഭവിച്ചു.
ഹൃദയംതികച്ചും വിശുദ്ധസ്നേഹ-
നിലയിൽവരിച്ചു ഭജിച്ചുപോരും
ഒരുരൂപമുള്ളിൽ വിളങ്ങുംകാലം
ദുരിതം അതേ,വെറുംപേരുമാത്രം.
... ...
മധുരമനോഹരമാംവസന്ത-
ഭൃതിയിൽ കണികണ്ട മാധുരീ, നീ
തവഭക്തനായിട്ടഴിഞ്ഞെതിരിഞ്ഞ
മൃദുലകടാക്ഷംഞാനേററുവാങ്ങി
വിനയത്തികവോടെവച്ചുസൂക്ഷി-
ച്ചമലെ, ഭജിക്കുന്നു ഭക്തിപൂവ്വം.
... ...
അനുദിനമന്നേ ാന്ന്യം ശബ്ദഹീനം
സുമുഖി, നാം കൈമാററംചെയ്തഗീതം-
പരിപൂണ്ണഭാവനാഭംഗനേടും
മഹിതമുഹൂർത്തംഞാൻ കാത്തിരിപ്പൂ.

ലക്ഷ്യം

കെ. പാറുക്കുട്ടിവാര്യസ്യാർ

(പാന.)

വള്ളുനേരവും ജോലിത്തിരക്കിനാ-
ലാതുരയായുഴലുന്നകാൺകയാൽ,

വെണ്മതൂവുംമണലിലിരുന്നെന്നെ-
കണ്മണിനീ കളിപ്പാൻവിളിക്കയോ?

ഇല്ലവകാശമായതിനിന്നിമേ-
ലല്ലൽതാങ്ങുവാനല്ലയോപോന്നുഞാൻ!

ഹന്ത! ഞാൻപകൽചെയ്തകർമ്മങ്ങളാൽ-
താന്തയായതുകണ്ടു സഹിയാഞ്ഞോ

മ്ലാനഭാവംകലൎന്ന പൂണന്നനീ-
പൂനിലാവിൽ കളിക്കാൻവിളിപ്പതും?

ഇല്ലവകാശമായതിനിന്നിമേ-
ലല്ലിലുംപൊൻപൊടിതിരയട്ടെഞാൻ

ഓമനേ! മഹാഗംഭീരമണ്ണവം
ക്ഷോഭമാന്നെൻെറമുമ്പിലിരമ്പുന്നു!

ഉഗ്രമായകൊടുങ്കാററുചൂഴവു.
മാക്രമിക്കുന്നു കാരുണ്യമെന്നിയേ?

കാറടിഞ്ഞുകയറുന്നു, വാനിടം-
കീറിവീഴുന്നു മിന്നൽപിണറുകൾ!

ഇക്കട്ടംകോളിലീവഞ്ചിമുങ്ങാതെ-
യക്കരെത്തന്നെ ചെന്നടുത്തിടുവാനു

പാനിവത്തുഞാൻകെട്ടട്ടെ, കൈകളിൽ
മേനികൂട്ടുമടന്നെമ്പെടുക്കട്ടെ!

സുസ്ഥിരമാകുമധ്രുവതാരത്തെ-
ലക്ഷ്യമാക്കിത്തുഴഞ്ഞുപോകട്ടെഞാൻ.



മഹാമഹിമശ്രീ കൊച്ചി ഇളയമഹാരാജാ തിരുമനസ്സിലെ കനിഷ്ഠപുത്രി ശ്രീമതി രാധയുടെ ജന്മനക്ഷത്രം പ്രമാണിച്ചു നടത്തിയ ഉദ്യാനവിരുന്നിൽ ഒരു രംഗം. ആദ്യവരിയിൽ (കസേരയിൽ) ഇടത്തുനിന്നും രണ്ടാമത്തെ കസേരയിൽ ഇരിക്കുന്നതാണ് ശ്രീമതി രാധ.

Photo K. M. Menon, through Eriyat Bros.

ചെറുകഥാപംക്തി.

പശ്ചാത്താപം.

ആററുകാൽ കെ. ആർ. ശങ്കരൻനായർ.

അവരുടെ പരിചയം ദൃഢീഭവിച്ചതു് നിരന്തരമുള്ള അഭിമുഖദർശനം നിമിത്തമാണു്. ക്ലാസിൽ ശശാങ്കൻനായരുടെ ഇരിപ്പിടം അവൾക്കേററവും അടുത്തായിരുന്നു. യാതൊരുദ്ദേശവുംകൂടാതെ അവൾ ചിലപ്പോൾ തിരിഞ്ഞുനോക്കുന്നതു് അയാളുടെ മുഖത്തേക്കായിരിക്കും. അവൾക്കു് ആ നോട്ടത്തിനു ലഭിക്കുന്ന സമ്മാനം ഒരു സുന്ദരമന്ദഹാസമാണു്. അമ്മിണിഅമ്മയുടെ ഓരോ വീക്ഷണവും, പുഞ്ചിരിയും അയാളുടെ ഹൃദയസാഗരത്തിലെ അലകളെ ക്രമാതീതമായി ക്ഷോഭിപ്പിച്ചിരുന്നു. തന്റെ മനസ്സിൽ ഇത്ര മഹത്തായ വികാരങ്ങളെ ഉളവാക്കുന്ന ആ മഹാമനസ്വിനിയെക്കുറിച്ചുള്ള ഏകചിന്തയെ ശശാങ്കൻനായരെ സദാ ബാധിച്ചിരുന്നൊള്ളൂ. അവളുടെ സുമധുരമായ നാമധേയം ആ സാധു എത്ര ആവൃത്തി ഉരുവിട്ടിരുന്നു! അമ്മിണി!! ഹാ! ആ അക്ഷരത്രയത്തെക്കാൾ കാമ്യമായി അയാൾക്കു യാതൊന്നുമില്ല. പ്രൊഫസറുടെ ശുഷ്കപ്രസംഗത്തെക്കാൾ അവളുടെ ഓരോ ചേഷ്ടകളും ഗ്രഹിക്കുന്നതിനാണു് നായരുടെ ദശ്ധഹൃദയം ആഗ്രഹിച്ചിരുന്നതു്.

ഇങ്ങിനെ ദിനങ്ങളും, വാരങ്ങളും പലതുകഴിഞ്ഞു. അമ്മിണിഅമ്മയുടേയും ശശാങ്കൻനായരുടേയും മൈത്രി അല്ല, ഹൃദയമമത്വം പരമകാഷ്ഠയെപ്രാപിച്ചു. അയാളെ കാണുമ്പോൾ അവൾ അറിയാതെവൈവർണ്ണ്യം കലരുകയും വദനം സ്വേദക്ലിന്നമാകയുംചെയ്യും......... 'ബ്രാഡ്‌ലിയുടെ ഷേക്സ്പീരിയൻ ട്രാജഡി' 'വാൾട്ടർറാലിയുടെ മിൽട്ടൺ' എന്നീ പുസ്തകങ്ങൾ അവളുടെ ആവശ്യാനുസരണം നൽകുന്നതിനെന്ന വ്യാജേന അയാൾ അമ്മിണിയെ സന്ദർശിച്ചുവന്നു. ക്രമേണ അവരുടെ മിത്രഭാവം മാറി കുറെക്കൂടി വിശിഷ്ടതരമായ ഒരു ബന്ധം തൽസ്ഥാനം സ്വീകരിച്ചു. അവളുടെ വ്രീളാനമ്രമായ കമ്രാസ്യവും, മൃദുസ്മേരങ്ങളും, മദോജ്ജ്വലനയനകാന്തിയും, ഇടവിടാതെ ശശാങ്കൻനായരുടെ മുമ്പിൽ നടനംചെയ്തു. അമ്മിണിഅമ്മയുടെ സന്നിധാനം മർത്ത്യാതീതമായ ആനന്ദവല്ലിക്കും നിതാന്തസൗഖ്യത്തിനും നിദാനമായി അയാൾ കരുതി

അമ്മിണിയും കേവലം ഒരു സ്ത്രീയല്ലേ? അവൾ മൃദുലവികാരങ്ങൾക്കു് അടിമയായിത്തീർന്നു. ശശാങ്കൻനായരോടു് അനിതരസാധാരണമായ ഒരു വാത്സല്യം അവളുടെ സരളചിത്തത്തിൽ അങ്കുരിച്ചു. അതു പ്രണയപ്രാഭവമാണെന്നു അവൾക്കു ഗ്രഹിക്കാൻ അധികം താമസം വേണ്ടിവന്നില്ല.

ഒരനധ്യയനദിവസം അവൾ പാർക്കിൽ വച്ചു് ശശാങ്കൻനായരെ സന്ദർശിക്കുന്നതിനു അനുമതിനൾകി.

ഉദ്ദിഷ്ടസ്ഥാനത്തു ആദ്യമെത്തിയതു് അമ്മിണിഅമ്മയായിരുന്നു. അയാളെക്കണ്ടയുടൻ അവൾ പറഞ്ഞു:--"എനിക്കു് ഒരു സംഗതി അറിയിക്കാനുണ്ടു്. ഞാൻ അവിവാഹിതയായ ഒരു കുലാംഗനയെന്നു കരുതിവേണം എന്നോടു സംസാരിക്കേണ്ടതു്."

പെട്ടെന്നൊരു വിറയൽ അവളെ ബാധിച്ചു കുങ്കുമാഭകലർന്ന കവിൾത്തടവും അരുണിമപൂണ്ട അധരപുടവും നിറംപകർന്നു. അവൾ തുടർന്നു:--"മനസ്സിലായോ? നമ്മുടെ അഭിമാനം സംരക്ഷിക്കേണ്ടതു് നമ്മുടെയിരുവരുടേയുംകർത്തവ്യമാണു്."

പൂർവാധികം അവളുടെ വദനംവിളറി. സന്തോഷവും, നിരാശയും ശശാങ്കൻനായരെ ഇതികർത്തവ്യതാമൂഢനാക്കി എന്നാൽ എത്ര ശ്രമിച്ചിട്ടും ഉള്ളിലടക്കാൻ നിവൃത്തിയില്ലാത്ത പ്രണയവൈവശ്യത്തോടെ അയാൾ അവളെ സമീപിച്ചു അമ്മിണിഅമ്മയുടെ കരവല്ലിസ്പർശം അയാളുടെ തപ്തഹൃദയത്തിനു് തെല്ലൊരാശ്വാസം പ്രദാനംചെയ്തു. സർവജനമനോഹാരകമായ ആ തടിനീതീരത്തിൽവച്ചു് പരസ്പരസ്നേഹാവലംബികളായ രണ്ടു വസന്തകോകിലങ്ങൾ ആനന്ദനിർവൃതിയടഞ്ഞു. സായന്തനസമീരണൻ അവരെ കുളിർപ്പിച്ചു. അവരുടെ ശൂന്യഹൃദയങ്ങളെ ആഹ്ലാദപരിപൂർണ്ണമാക്കിയും, കർണ്ണികാരാദി പുഷ്പിതവൃക്ഷശിഖരങ്ങളെ കിരണകന്ദളങ്ങളാൽ രമ്യമാക്കിയുംകൊണ്ടു് ആദിത്യബിംബം ആഴിപ്പരപ്പിലാണ്ടു. "ഹസ്തേനഹസ്തതലമാത്ത സുഖം ഗൃഹീത്വാ" എന്നമട്ടിൽ ശശാങ്കൻനായരും അമ്മിണിഅമ്മയും സരസ്സിന്റെ തീരംവഴിനടന്നു ചെറുമത്സ്യപോതങ്ങൾ ജലനിരപ്പിൽ തത്തിക്കളിക്കുന്നതും, കാറേററു് തീരവൃക്ഷലതാദികളുടെ ചാഞ്ഞ ശാഖരങ്ങൾ തടാകത്തെ ആശ്ലേഷം ചെയ്യുന്നതും നോക്കി വിനോദിച്ചു.

ഒടുവിൽ അവൾ പറഞ്ഞു:-"നിങ്ങൾ എന്നെ ഉന്മാദിനിയെന്നു് കരുതുമായിരിക്കാം."

"എന്താ! അതു്! എനിക്കു മനസ്സിലാകുന്നില്ലല്ലൊ."

"യാതൊരു ബന്ധവുമില്ലാത്ത ഒരു ചെറുപ്പക്കാരനുമൊത്തു് വിഹരിക്കുന്നതിനു ഞാൻ ഒരുമ്പെട്ടതുതന്നെ."

നിലത്തു് വിതറികിടന്നിരുന്ന ചെറുസുമങ്ങളെ ശേഖരിച്ചുകൊണ്ടു് അവൾ പറഞ്ഞു. "നിങ്ങളുടെ മുഖംപോലെ ഇവ മനോഹരങ്ങളാണു- ശശാങ്കൻനായർ യഥാർത്ഥത്തിൽ പ്രജ്ഞയല്ലാതെ നടക്കുകയായിരുന്നു. അവൾ തുടർന്നു: "ഇവിടത്തെ അന്തരീക്ഷവും എന്റെ മനസ്സും ഒന്നുപോലെ സുപ്രസന്നമായിരിക്കുന്നു"

ചില ചിത്രശലഭങ്ങൾ അവരുടെ സമീപത്തുകൂടി മുരണ്ടുകൊണ്ടു പറന്നുപോയി. സായാഹ്നമാരുതൻ ഉൽഫുല്ലപുഷ്പസൗരഭ്യം കവൎന്നു മെല്ലെ ചാഞ്ചാടി.

പെട്ടെന്നു് അവളുടെ നയനങ്ങളിൽനിന്നും പതിച്ച ബാഷ്പകണങ്ങൾ ശശാങ്കൻനായരെ ചിന്താസുഷുപ്തിയിൽനിന്നും ഉണർത്തി. അയാൾ അവളെ സമാധാനപ്പെടുത്താൻ തുടങ്ങി. എന്നാൽ അവൾ അതൊന്നും ഗണ്യമാക്കാതെ പറഞ്ഞു. "എനിക്കു വീട്ടിൽ പോകണം. അതിനനുവദിക്കൂ.

അമ്മിണിഅമ്മയുടെ കപോലങ്ങൾ വൈവർണ്ണ്യം പൂണ്ടു. അവൾ യാത്രപോലും ചോദിക്കാതെ സ്വഭവനത്തിലേക്കു നടന്നു.

പിറേറദിവസം അയാളെ കണ്ടപ്പോൾ അമ്മിണിഅമ്മ പറഞ്ഞു:—"നാം തങ്ങളിൽ എന്നന്നേക്കുമായി പിരിയണം. ഈ വിധത്തിൽ തുടരുന്നതു നമുക്കിരുവൎക്കും ആപല്ക്കരമാണു്."

"ഓമനേ! നീ ഒന്നും പേടിയ്ക്കേണ്ട- ഞാൻ നിന്നെ സഹധൎമ്മചാരിണിയായി അംഗീകരിച്ചുകൊള്ളാം. പിന്നെന്തു്?"

"ഒന്നുംവേണ്ട. നാം ഇനി അന്യന്മാരാണു്." അവൾ തിരിഞ്ഞു നടന്നു. ഒരു വാരത്തേക്കു അവരുടെ സന്ദർശനം വീണ്ടും ഉണ്ടായില്ല.

സ്ത്രീചിത്തം എത്രവേഗത്തിൽ വ്യതിചലിക്കുമെന്നു മനശ്ശാസ്ത്രവിദഗ്ദ്ധന്മാൎക്കുപോലും നിർണ്ണയിക്കാൻ കഴിയുന്നതല്ല- ഒരു ദിവസം അമ്മിണിഅമ്മ യാതൊരു മുന്നറിവുംകൂടാതെ ശശാങ്കൻനായരുടെ ഭവനത്തിൽചെന്നു. അയാൾ അത്ഭുതപ്പെട്ടു. അവളുടെ ആഗമനവിവരമറിയാതെ സംഭ്രമിച്ചു. ഏതോ വികാരാവേശത്താൽ പരിക്ഷീണമായിരുന്ന അമ്മിണിയുടെ പൂമേനി അയാളുടെ ഗാത്രത്തോടുചേൎന്നു

ഈ സംഭവത്തിനുശേഷം ദിനംപ്രതി അവർ തമ്മിൽ സമ്മേളിക്കാറുണ്ടായിരുന്നു. മാസം ഒന്നുകഴിഞ്ഞു. ശശാങ്കൻനായൎക്കു് അമ്മിണിയിൽ ഉണ്ടായിരുന്ന മോഹം ക്രമേണ ആറിത്തുടങ്ങി. താമസിയാതെ അവൾ ഒരു മാതാവായിത്തീരുമെന്നുള്ള വാൎത്ത അയാളെ തരളചിത്തനാക്കി. ഏതുവിധേനയെങ്കിലും അവളുടെ സഹവാസം വെടിയണമെന്നുമാത്രമേ ഇപ്പോൾ അയാൾ ആഗ്രഹിച്ചിരുന്നുള്ളൂ. പരീക്ഷയും അടുത്തുകഴിഞ്ഞു. അതുതന്നെയായിരുന്നു അയാൾക്കു് ഇതിലേക്കുള്ള സുവർണ്ണാവസരം. ഉന്നതവിദ്യാഭ്യാസഫലമായി ശശാങ്കൻനായൎക്കു് സിദ്ധിച്ച സംസ്കാരം ഇത്രമാത്രമായിരുന്നു. നിഷ്കളങ്കയും നിഷ്കന്മഷയുമായ ഒരു ലാവണ്യധാമത്തെ എന്നന്നേക്കുമായി അധഃപതനഗൎത്തത്തിൽ അയാൾ ചാടിച്ചു.

തന്റെ നിശ്ചയം അവളെ അറിയിക്കാതെ ആ മഹാവിപത്തിൽനിന്നും ഒഴിയുന്നതിനായി ശശാങ്കൻനായർ പരീക്ഷക്കുമുമ്പു ആരുമറിയാതെ മാതുലഗൃഹത്തിലേക്കു കടന്നു കളഞ്ഞു.

തീരെ അപ്രതീക്ഷിതമായ ഈ പ്രഹരം അമ്മിണിഅമ്മയെ ജീവച്ഛവമാക്കി. തന്റെ പ്രാണപ്രിയനെക്കുറിച്ചു അവൾ നടത്തിയ അന്വേഷണങ്ങളെല്ലാം വിഫലങ്ങളായി പരിണമിച്ചതേയുള്ളു. കഷ്ടം! ദിനംപ്രതി ആരുടെ തേജോമയമുഖബിംബം

കണ്ട നിർഭയവ്യാമോഹങ്ങൾക്ക വിധേയയായ! ഉല്ലാസപൂർവം കഴിച്ചുകൂട്ടിയോ, ആരുടെ ദിവ്യസാന്നിദ്ധ്യത്തിൽ സ്വർഗ്ഗീയസുഖം അനുഭവിച്ചുവോ, ആരുടെ കണ്ണുമധുരങ്ങളായ വാക്കുകളിൽ ലയിച്ചു അടികാണാൻ പാടില്ലാത്ത ആപത്തു സ്വയംവരിച്ചുവോ ആ മനുഷ്യാധമൻ അവളെ വിസ്മൃതകോടിയിൽ ത്യജിച്ചിട്ടു അന്തർദ്ധാനം ചെയ്തു. അധികംതാമസിയാതെ അവളുടെ ബന്ധുജനങ്ങൾ ഈ സംഭവം അറിഞ്ഞു. അവൾ പ്രസവിച്ചതു ഒരാൺകുട്ടിയെ ആയിരുന്നു.

* * *

വർഷങ്ങൾ ചിലതു ഉരുണ്ടുപോയി. ശശാങ്കൻനായർ വാർദ്ധക്യദശയെ സമീപിച്ചു. അയാളുടെ ജീവിതം യാതൊരുവ! വിധത്തിലുംകൂടാതെ ശൂന്യമായി കഴിഞ്ഞുകൂടുകയാണു. വിവാഹത്തെ സംബന്ധിച്ചിടത്തോളം അയാൾനിർഭാഗ്യനായിരുന്നു. പൊടുന്നനവെ ബാധിച്ച ഒരുരോഗം അയാളുടെ പ്രിയപത്നിയുടെ ദേഹിയെ വേർപെടുത്തി.. താൻ മനഃപൂർവം പ്രവർത്തിച്ച ഒരു ഘോരാപരാധത്തിനുള്ള ശിക്ഷയാണതെന്നു ആ സാധു സ്മരിച്ചതുപോലുമില്ല. ദിനംപ്രതി രാവിലെ എണീററു ആഹാരാദികൾകഴിഞ്ഞു പതിവുപോലുള്ള ദിനചര്യകളിൽ ഏർപ്പെട്ടു ഒടുവിൽ ഏകാന്തമായ മുറിയിൽകിടന്നു വല്ലവിധേനയും രാത്രികഴിച്ചുകൂട്ടും. ഉത്സാഹശൂന്യമായ ഈ ജീവിതം അയാളെ വൈരാഗ്യനിരതനാക്കി. ബാല്യം, കൗമാരം, കാളേജുവാസം, ദാമ്പത്യജീവിതം ഇവയെല്ലാം സകലമനോഹരതയോടുംകൂടെ അപ്രത്യക്ഷപ്പെട്ടിട്ടു എത്രയോകാലംകഴിഞ്ഞു.

ഞായറാഴ്ചതോറും നടക്കുന്നതിനും, അല്പം വിശ്രമിക്കുന്നതിനുമായി ശശാങ്കൻനായർ പാക്കിൽ പോകാറുണ്ടു്. അവിടത്തെ ചേതസ്സമാകർഷകമായ കാഴ്ചകൾ അയാളെ ആനന്ദിപ്പിച്ചില്ല. സന്തോഷപൂർണ്ണമായ ഹൃദയത്തേയല്ലെ പ്രകൃതിരാമണീയകം ആകർഷിക്കുകയൊള്ളു. അയാളാകട്ടെ ഏകാന്തമായ വല്ലകോണിലും ചെന്നിരുന്നു ക്ലേശസമ്മിശ്രമായ മനുഷ്യജന്മത്തെക്കുറിച്ചു ചിന്തിച്ച് സമയംപോക്കും. അതായിരുന്നു അയളുടെആനന്ദം.

ഒരു ഞായറാഴ്ചവൈകുന്നേരം ശശാങ്കൻനായർ അണയാൻതുടങ്ങുന്ന ആദിത്യൻെറ സുവർണ്ണമരീചികളേററ് വിലസുന്ന നീർമരുതുകളുടേയും രാജമല്ലികളുടേയും ചുവട്ടിൽകൂടി നടക്കുമ്പോൾ പെട്ടെന്നു ഞെട്ടി അടുത്തൊരു ബഞ്ചിൽ ഒരു പ്രൗഢസ്ത്രീ രണ്ടു് കോമളബാലന്മർ കളിയിലേർപ്പെട്ടിരിക്കുന്നതു നോക്കി വിനോദിക്കുന്നതാണു അയാളെ സംഭ്രമിപ്പിച്ചതു്. അതേ! അതവൾതന്നെയായിരുന്നു!! അമ്മിണിഅമ്മ!!!

ഉഗ്രക്കേട്ടുകൂടിയ ഒരു തള്ളലിൽപെട്ടതുപോലെ അയാൾ കുറച്ചുദൂരം കിതച്ചുകൊണ്ടു് ഓടി. ഭാഗ്യവശാൽ അവൾ ശശാങ്കൻനായരെ കണ്ടില്ല. അയാൾ കുറച്ചുകലെയുള്ള ബഞ്ചിലിരുന്നു അവളെ സൂക്ഷിച്ചുനോക്കി. ഒരു വികൃതിക്കുട്ടി ചില പച്ചിലകളും, തൃണങ്ങളും കരത്തിലേന്തി നെഞ്ഞുകളിക്കുന്നവിധം കളകള ശബ്ദിച്ചുകൊണ്ടു അങ്ങോട്ടുമിങ്ങോട്ടും ഓടുന്നതും അവനെ പിടിക്കുന്നതിനായി വേറൊരു ബാലൻ അനുധാവനം ചെയ്യുന്നതും ചിലപ്പോൾ അമ്മിണിഅമ്മയുടെ ശാസനംനിമിത്തം അവരുടെ കളിയവസാനിപ്പിക്കുന്നതും കണ്ടപ്പോൾ ശശാങ്കൻനായരുടെ ഹൃദയം ദ്രവപ്രായമായി.

അയാളുടെ ദേഹം വിറയാർന്നു. ആ രണ്ടു് ബാലകന്മാരിൽ മൂത്തവൻ അയാളുടെ സ്വന്തം പുത്രനായിരുന്നു. അവൻെറ മുഖംതന്നെ അങ്ങിനെ വിളിച്ചുപറയുന്നതായി അയാൾക്കു തോന്നി. ഒരു പഴയ ഫോട്ടോ നോക്കുന്നപോലെ അതീവ താല്പര്യപൂർവം അയാൾ അവനെ നോക്കി.

അമ്മിണിഅമ്മ അവിടംവിട്ടു പോകുന്നതുവരെ അയാൾആ ബഞ്ചിൽതന്നെയിരുന്നു.

അന്നുരാത്രി ശശാങ്കൻനായർ തെല്ലും ഉറങ്ങിയില്ല. സായാഹ്നത്തിൽ ദർശിക്കുന്നതിനിടയായ ബാലൻെറ രൂപം ഇടവിടാതെ അയാളുടെ ഉൾക്കളത്തിൽ നടനംചെയ്തു. ആ ഓമനപ്പുത്രൻ! അവനെഒന്നു സ്പർശിക്കുന്നതിനുള്ള മഹാഭാഗ്യം അവൻെറ നിഷ്ഠുരപിതാവിനു സിദ്ധിച്ചിട്ടില്ലല്ലൊ. ദയനീയം!

ശശാങ്കൻനായരുടെ അന്വേഷണത്തിൽ അവൾ ഒരു മിഷൻസ്കൂൾ അദ്ധ്യാപകനെ വിവാഹംചെയ്തു വസിക്കുകയാണെന്നു് മനസ്സിലായി

പതിവായി എല്ലാ ഞായറാഴ്ചയും അയാൾ പാക്കിൽ പൊയ്ക്കൊണ്ടിരുന്നു. അപ്പോഴെല്ലാം തൻെറ പ്രേമഭാജനമായിരുന്ന അമ്മിണിയെ കാണുന്നതിനുള്ള സന്ദർഭവും അയാൾക്കു ലഭിച്ചു. സ്വപുത്രനെ കരങ്ങളിലെടുത്തു മാറോടണച്ചു് പുൽകുന്നതിനും അവൻെറ നെറുകയിൽ ചുംബിക്കുന്നതിനുമുള്ള അഭിനിവേശം ശശാങ്കൻനായരുടെ ഹൃത്തടത്തിലുദിച്ചു

ദാരുണമായ ഏകാന്തത, ദുഃഖസംവർദ്ധകമായ പൂർവകാലസ്മരണ, ഘോരമായി വഞ്ചിച്ച ആ തരുണിയെപ്പററിയുള്ള ചിന്ത, പുത്രവാത്സല്യം ഇവയെല്ലാം അടിമപ്പെട്ടു് അയാൾ നന്നാ വിഷമിച്ചു. ഒട്ടധികം ആലോചനകഴിച്ചശേഷം അയാൾ ഒരു സാഹസകൃത്യത്തിന് തയാറായി. അമ്മിണിഅമ്മ ഉദ്യാനംവിട്ടു് സ്വഗൃഹത്തിലേക്കു മടങ്ങുന്നതിനു ഭാവിക്കുമ്പോൾ അയാൾ സധൈര്യം മുന്നോട്ടുചെന്നു വിറയലോടുകൂടി ചോദിച്ചു "നീ എന്നെ അറിയുകയില്ലേ?"

അവൾ വിസ്മയസമന്വിതം നയനമുയർത്തി സൂക്ഷിച്ചുനോക്കി. തൽക്ഷണം ഭയചകിതമായി ദയനീയമായ നിലവിളിയോടുകൂടി രണ്ടു പുത്രന്മാരേയും വലിച്ചിഴച്ചുകൊണ്ടു് അവൾ അതിവേഗത്തിൽ പാഞ്ഞു. അയാളുടെശ്രമം നിഷ്പ്രയോജനമായിത്തീർന്നു.

അന്നുരാത്രി അയാൾ നിദ്രക്കു വശംവദനാകാതെ ശയ്യയിൽകിടന്നു ക്രന്ദനംചെയ്തു. പിന്നീടു് ശശാങ്കൻനായക്കു അവളെ കാണാൻ കഴിഞ്ഞില്ല. അയാളുടെ ഉന്മാദം വർദ്ധിച്ചു. പുത്രനെ താലോലിക്കുന്നതിനും മുറുകെ ഉന്നാശ്ലേഷിക്കുന്നതിനുംവേണ്ടി ഏതുവിധദുരിതമനുഭവിക്കുന്നതിനും അയാൾ സന്നദ്ധനായി.

അയാൾ അവൾക്കു് എഴുത്തയച്ചു. പക്ഷെ അതിനു മറുപടി ലഭിച്ചില്ല. നാലഞ്ചു ലേഖനങ്ങൾ തുടർച്ചയായി വീണ്ടും അയച്ചിട്ടും അവൾ മൗനഭാവം സ്വീകരിച്ചതേയുള്ളു. ഇനി അയാൾക്കു് കരണീയമായിട്ടൊരു ഉപായമേ ശേഷിച്ചിരുന്നൊള്ളു. അതും വിഫലമായാൽ ആത്മബലിതന്നെയാണു് പ്രതിവിധി. അവളുടെ ഭത്താവിനു് അയാൾ ഇങ്ങിനെയൊരു ലേഖനമെഴുതി.

സർ, എൻെറ നാമധേയം നിങ്ങൾ വെറുക്കുന്ന ഒന്നായിരിക്കാം. എന്നുവരികിലും എൻെറ ശോചനീയാവസ്ഥയിൽ കരുണതോന്നി ഈ പാപിയുടെഅപേക്ഷ സ്വീകരിക്കണം. എൻെറ ആശയും ആയുസ്സും നിങ്ങളിലാണു്. പത്തുമിനിട്ടുനേരം നിങ്ങളോടു സംസാരിക്കുന്നതിനു അനുവദിക്കണം.

എന്നു് ശശാങ്കൻനായർ

പിറേറദിവസം അയാൾക്കു ലഭിച്ച മറുപടി ഇങ്ങനെയായിരുന്നു:—"സർ, ചൊവ്വാഴ്ച, കാലത്തു പത്തുമണിക്കു ഞാൻ നിങ്ങളെ പ്രതീക്ഷിച്ചിരിക്കും".

ശശാങ്കൻനായർ അമ്മിണിഅമ്മ വസിക്കുന്ന ഗൃഹത്തിലേക്കു കടന്നപ്പോൾ ഏതോ വിപദ്ശങ്ക അയാളുടെ ഹൃദയത്തെ ബാധിച്ചു. വളരെ പണിപ്പെട്ടിട്ടും അയാൾക്കു ശ്വാസഗതി നിയന്ത്രിക്കാൻ കഴിഞ്ഞില്ല. മുറിക്കുള്ളിൽ അല്പം പ്രായംചെന്ന ഒരു മനുഷ്യൻ ചാരുകസേരയിൽകിടന്നു പത്രം വായിക്കുകയായിരുന്നു. അയാൾ ചൂണ്ടിക്കാണിച്ചുകൊടുത്ത കസേരയിൽ ഇരുന്നിട്ടു് ശശാങ്കൻനായർ പരവശഭാവത്തിൽ ചോദിച്ചു:—"നിങ്ങളാണോ അമ്മിണിഅമ്മയുടെ ഭത്താവായ രമേശൻ?"

"അതെ".

"എന്നാൽ......എന്നാൽ.......ഞാൻ ആരാണെന്നു നിങ്ങളെ അറിയിക്കാം...... ഞാൻ........"

"വേണ്ട. മനസ്സിലായി. ശശാങ്കൻനായർ അല്ലേ? നിങ്ങളെപ്പററി സകലതും അമ്മിണി എന്നോടു പറഞ്ഞിട്ടുണ്ടു്".

"എൻെറ ദുഃഖഭൂയിഷ്ഠമായ ജീവിതകഥ വൃഥാ വർണ്ണിക്കുന്നില്ല ആ ഓമനപ്പുത്രനെ ഒന്നു് താലോലിക്കുന്നതിനുവേണ്ടി ഞാൻ എത്രകാലമായി ഉഴലുന്നു എന്നു് ഒരുപക്ഷേ നിങ്ങൾക്കു് അറിയാൻ പാടില്ലായിരിക്കാം. ദീർഘകാലമായുള്ള എൻെറ ഒരൊററ ആഗ്രഹത്തെ നിവൃത്തിയുണ്ടാക്കുവാൻ കനിയണേ!"

രമേശൻ സാവധാനത്തിൽ എണീററു് വാതില്ക്കൽ ചെന്നു് 'അമ്മിണി! ഗോപിയെ പറഞ്ഞയക്കൂ"എന്നു്ആജ്ഞാപിച്ചു.

അഞ്ചുനിമിഷം കഴിഞ്ഞ ഉടൻ പത്തുവയസ്സോളം പ്രായംചെന്ന ഒരു ബാലൻ മുറിക്കുള്ളിൽ പ്രവേശിച്ചു.

രമേശൻ—"ഗോപി! ഇദ്ദേഹത്തെ വന്ദിക്കു".

അപരിചിതനെ സമീപിക്കാതെ അറച്ചുനിൽക്കുന്ന ബാലനെ ആഞ്ഞുപിടിച്ചു് ശശാങ്കൻനായർ അവൻെറ മൂർദ്ധാവിലും, കവിൾത്തടങ്ങളിലും തെരുതെരെ ഉമ്മവച്ചു ചുംബനാധിക്യത്താൽ വിഷമിച്ച ഗോപി എങ്ങിനെയെങ്കിലും രക്ഷപ്പെട്ടോടാൻ തക്കംനോക്കി.

പെട്ടെന്നു ഒരു ഭ്രാന്തനെപ്പോലെ "കുഞ്ഞേ! നീ ക്ഷമിക്കു്! ഞാൻ പാപിയാണു് മരണം ഒന്നുമാത്രമേ എന്നെ ആശ്വസിപ്പിക്കയൊള്ളു" എന്നു മുക്തകണ്ഠം പറഞ്ഞുംകൊണ്ടു യാതൊരു പ്രജ്ഞയുമില്ലാതെ വാതൽതുറന്നു പുറത്തേയ്ക്കോടി. പ്രേമവതിയും, നിഷ്കളങ്കയുമായ ഒരു യുവതിയോടു കാട്ടിയ ധാർഷ്ട്യത്തിനുള്ള കൊടുംശിക്ഷ ആ പാവപ്പെട്ട പ്രണയചോരൻ അനുഭവിച്ചുകഴിഞ്ഞു!

ബാലപംക്തി

"നമ്മെത്തന്നെയറിയുക."

പരിതസ്ഥിതിയോട് മല്ലിടുക.

(വി. കൃഷ്ണൻ)

യുവഹൃദയങ്ങളെ! നിങ്ങൾ നിങ്ങളുടെ ദൃഷ്യങ്ങളെ തീരെ അറിയുന്നില്ല. നിങ്ങൾ യുവശക്തി തീരെ മനസ്സിലാക്കുന്നില്ല നിങ്ങളെ, ഏതൊ ഒരു ബഹിശ്ശക്തി ഉന്തിതള്ളിക്കൊണ്ടുപോകുന്നു. നിങ്ങൾ ആലോചനാരഹിതരായി ജീവിതയാത്ര തുടരുന്നു. എവിടെ പോകുന്നു, എന്തിനുപോകുന്നു എന്നൊന്നും നിങ്ങൾ തീരെഗൌനിക്കുന്നില്ല. കാററിൽ കുടുങ്ങിയ പഞ്ഞിപോലെ നിങ്ങൾ അങ്ങുമിങ്ങും പറന്നുകൊണ്ടിരിയ്ക്കുന്നു. നിങ്ങളുടെ കഴിഞ്ഞജീവിതത്തെ. ഒന്നു സ്മൃതിപഥത്തിൽവരുത്തുക. അല്ലെങ്കിൽ ഭൂതകാലത്തെ, കൂലംകഷമായി പരിശോധിച്ചു, ഭാവിയെ രൂപീകരിച്ചാലും.

നമുക്കു ഒരു വലിയ ബലക്ഷയമുണ്ടു്. നാം, നമ്മെത്തന്നെ അറിയുന്നില്ലെന്നുള്ളതാണതു്. നമ്മിൽ ഉറങ്ങിക്കിടക്കുന്ന ഒരു മഹാശക്തിയെ നാം തട്ടിയുണർത്തുന്നില്ല; കാരണം, അത്രയും മർദ്ദനപരമായതാണു്, ഓരോരുവരെയും ഭരിക്കുന്ന ബഹിശ്ശക്തികൾ, അല്ലെങ്കിൽ ചുററുപാടുകൾ അഥവാ പരിതഃസ്ഥിതികൾ.

നാം ഓരോരുത്തരും, വിവിധവിപരീത പരിതഃസ്ഥിതികൾക്കു അടിമപ്പെട്ടുപോകുന്നു. അറിയാതെയൊ അറിഞ്ഞൊ, ഏതായാലും നമ്മുടെ തണുത്ത പെരുമാററം കൊണ്ടു അവ നമ്മെ ബലമായി പിടികൂടുന്നതേയുള്ളു. അങ്ങിനെ അതിൻെറ പ്രേരണയ്ക്കൊത്തവിധം ജീവിതം നയിച്ചു, അന്ധതയിൽ മുങ്ങി, നാം അധഃപതിച്ചുപോകുന്നു. നാം, നമ്മുടെയുള്ളിൽ അന്തർലീനമായ്ക്കിടക്കുന്ന ആത്മചൈതന്യത്തെ—ശക്തിയെ—ജ്വലിപ്പിക്കാതെ, അതിൻെറപ്രകാശത്തിൽ ശരിയായ മാർഗ്ഗം കണ്ടുപിടിയ്ക്കാൻ കഴിയാത്തവരായി, പരിതഃസ്ഥിതികളുടെ ഭരണത്തിൻകീഴിൽ കിടന്നു് കഷ്ടപ്പെടുന്നു.

വിചാരത്തിൻെറ ഫലമാണു് ബാഹ്യപ്രവൃത്തികൾ. അതുകൊണ്ടു് ഒരുവൻ, പരിതഃസ്ഥിതികൾക്കധീനനായിരിക്കുന്ന കാലത്തോളം-പരിതഃസ്ഥിതികൾക്കു ഒരുവൻെറമേൽ സ്വാധീനശക്തിയുള്ള കാലത്തോളം-അവൻ ജീവിതായോധനത്തിലെ ഒരു കൂലിപ്പട്ടാളക്കാരൻ (മററു പട്ടാളങ്ങളുടെ ഭാരംചുമക്കുന്നവൻ) മാത്രമാണു്, അല്ലെങ്കിൽ സംസാരസാഗരത്തിൻമീതെ അലക്ഷ്യമായൊഴുകിപ്പോകുന്ന ഒരു മരക്കഷണംമാത്രമാണു്—മററുള്ളവക്കൊരു ഭാരമാണു്. തനിക്കുതന്നെയൊരു ശത്രുവാണു്.

ആത്മശക്തിയുള്ളവൻ,— പരിതഃസ്ഥിതികൾക്കു അവൻെറ മുമ്പിൽ അപ്പോൾ സ്ഥാനമില്ല!—അതിൻെറ പ്രകാശത്തിൽ ലോകരംഗത്തിൽ നടനവേലചെയ്തു് വിജയിയാകുന്നു. അയാൾ, മററുള്ളവരിൽനിന്നു, എത്രയും ഉന്നതമായൊരു സ്ഥിതിയിൽ പ്രശോഭിക്കുന്ന ഒരു താരമായിരിക്കും. അദ്ദേഹത്തിന്നു, ജീവിതത്തിലെ സർവ്വവിധക്ലേശങ്ങളോടും കഷ്ടപ്പാടുകളോടും, സധൈര്യം, സ്ഥിരതയോടെ, അക്ഷീണമായി പോരാടുന്നതിന്നുള്ള കെല്പും ഊററവുമുണ്ടായിരിക്കും. അയാളുടെ 'മനസ്സുമടിയു'ന്നില്ല ആദർശപരവും മാതൃകാപരവുമാണദ്ദേഹത്തിൻെറ ജീവിതം അയാൾ, കാലയവനികയ്ക്കുള്ളിൽപോയ്മറഞ്ഞാലും, എന്നെന്നേക്കും തുമ്പം പരത്തിക്കൊണ്ടിരിക്കുന്ന ഒരു ദൃശ്യപുഷ്പമായിത്തന്നെയിരിക്കും.

എന്നാൽ മററുപ്രകാരത്തിലുള്ളവനൊ? കഷ്ടം! ഉഴലുന്നു, പിടയുന്നു. കരകാണുന്നില്ല. സംസാരസാഗരത്തിലെ, തിരമാലകളിൽ പെട്ടലയുന്നു. ആവന്നു സർവ്വം അന്ധകാരമയം. എങ്ങോട്ടുതിരിഞ്ഞാലും കൂരിരുട്ടും കല്ലും മുള്ളും നിറഞ്ഞവഴി. ഇതിൻെറയെല്ലാം മൂലകാരണം സ്വശക്തിയിലുള്ള വിശ്വാസത്തിൻെറ അഭാവം മാത്രമാണു്. ഇയാൾക്കു അസാദ്ധ്യങ്ങളായിത്തോന്നിയവയെല്ലാം, ആദ്യത്തെയാൾക്കു സാദ്ധ്യങ്ങളാണു്. അദ്ദേഹത്തിൻെറ നേരെ ആയിരമായിരംകണ്ണുകൾ ആശ്ചര്യഭരിതങ്ങളായിഓടിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തെ അമാനുഷികനെന്നുകൂടി നാം ഗണിക്കുന്നു—പൂജിക്കുന്നു.

അങ്ങിനെയുള്ളവരും നാമും ആയി ഒരു വലിയ വ്യത്യാസമുണ്ടു്. അവർ കർമ്മധീരരാണു്—നാമൊ? കർമ്മഭീരുക്കളുമാണു്. അവർ അവസരംപാർത്തിരിക്കുന്നവരല്ല; അവർ അവസരം ഉണ്ടാക്കി ജീവിതവിജയംനേടുന്നവരാണു്. അവരുടെ വിജയകാഹളധ്വനി നമ്മെ സംഭ്രാന്തചിത്തരാക്കും. നേരേമറിച്ചു നാം അവസരംപാർത്തിരിക്കുന്നവരാണു്—സ്ഥിരതയില്ലാത്തവരാണു്—ധൈര്യമില്ലാത്തവരാണു്.

ഭീരുക്കളും, ലോകത്തിന്നൊരുഭാരവുമാണു് കർമ്മഭീരുക്കൾ. മററവരൊ? പാവപ്പെട്ടവർക്കൊരാശ്വാസമാണവർ. അജ്ഞാനനഭസ്സിലെ ഉജ്ജ്വലതാരങ്ങളാണവർ. ആദർശപരവും മാതൃകാപരവുമാണവരുടെ ജീവിതം—അതെ അവരത്രെ "മഹാത്മാക്കൾ."

കൗതുകപംക്തി.

(V. K.)

ഇതു നിങ്ങൾ അറിയുന്നുണ്ടൊ

ആകെയുള്ള മാംസപേശികളിൽ നാലിൽ ഒരുഭാഗം കഴുത്തിലും മുഖത്തും ആണെന്നു്;

150 റാത്തൽ തൂക്കമുള്ള മനുഷ്യനെ നല്ലവണ്ണം, ഉണക്കിയാൽ 50 റാത്തലെ തൂക്കമുള്ളുവെന്നും, രക്തത്തിൽ 90 ശതമാനവും, മസ്തിഷ്കത്തിൽ 85 ശതമാനവും വെള്ളം അടങ്ങിയിട്ടുണ്ടെന്നും, എല്ലുകൾകൂടി പകുതി വെള്ളമാണെന്നും;

തലയേയും കശേരുവിനേയും (Spine) നേരേനിർത്താൻ (Balance) 20 പേശികൾ ഉപയോഗിക്കുന്നുണ്ടെന്നും, നടക്കുമ്പോൾ 144 എണ്ണം കശേരുവെ നേരേനിർത്താനും, 300 എണ്ണം ഓരോ അടിവെക്കുമ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും;

ഒരുപ്രാവശ്യം ശ്വാസിക്കുമ്പോൾ നാലു പ്രാവശ്യം ഹൃദയസ്പന്ദനം ഉണ്ടാകുന്നുവെന്നും, സ്വസ്ഥതയിൽ കിടക്കുമ്പോൾ, 20,000 അടി ഹൃദയത്തിന്നു ലാഭമുണ്ടെന്നും ഒരു കൊല്ലത്തിൽ 40,00,000 പ്രാവശ്യം ഹൃദയസ്പന്ദനമുണ്ടെന്നും ശരാശരി 30 അടി (feet) പ്രകാരം ഒരു സെക്കണ്ടിൽ ഹൃദയം രക്തം ചാമ്പുന്നുണ്ടെന്നും ഒരു മിനിട്ടിൽ 5 പൈൻറു് രക്തമെ, സ്വസ്ഥമായിരിക്കുമ്പോൾ ഹൃദയത്തിൽനിന്നു ഒഴിഞ്ഞുപോകുന്നുള്ളുവെന്നും മലയോ മറോ കതിച്ചുകയറുമ്പോൾ അതു ഏഴിരട്ടിയായി വർദ്ധിക്കുന്നുവെന്നും;

ഒരിഞ്ചിനു 500 കണ്ടു് സ്വേദദ്വാരങ്ങൾ ശരീരത്തിലും ഒരിഞ്ചു ചതുരശ്രവിസ്താരത്തിൽ 2000-ത്തോളം ഉള്ളംകയ്യിലുമുണ്ടെന്നും,

160 റാത്തൽ തൂക്കമുള്ള ഒരുവനിൽ 8 റാത്തൽ രക്തം ഉണ്ടാകുമെന്നും ഇതിൽ 3 റാത്തൽ നഷ്ടമായാലും രക്ഷപ്പെടാമെന്നും,

1280 ഗ്രെയിൻസ്മുതൽ 1460 ഗ്രെയിൻസുവരെ പുരുഷന്മാരുടെ മസ്തിഷ്കത്തി

നം 1140 ഗ്രെയിൻമുതൽ 1340ഗ്രെയിൻവരെ സ്ത്രീകളുടെ മസ്തിഷ്കത്തിനും തൂക്കമുണ്ടായിരിക്കുമെന്നും.

ബാല്യംവേണമെങ്കിൽ.

1. സൂൎയ്യപ്രകാശത്തിലും ശുദ്ധവായുവിലും ജീവിക്ക.

2. ഭയവും അതിൽനിന്നുണ്ടാകുന്ന മനശ്ചേഷ്ടകളും ഉണ്ടായിരിക്കരുതു്. 'ഭയ'ത്തെയാണു നാം ഭയപ്പെടേണ്ടതു്.

3. തിന്നാൻ ജീവിക്കരുതു്. ജീവിക്കാൻ തിന്നുക. വെപ്പുകാരനാണു 'മരണപ്പെരുമാളു്' (Death's King).

4 ഓരോ ദിവസം കഴിയുന്തോറും "ഞാൻ വൃദ്ധനായെ"ന്നു പറയാതെ ഞാൻ കൂടക്കൂടെ "ബാല്യംവെയ്ക്കു"ന്നെന്നേ പറയാവൂ.

5. ഒരു കുട്ടിയെപ്പോലെ ജീവിക്കുക അത്ര നിഷ്കളങ്കനായും പ്രകൃതിക്കടുത്തും ജീവിക്കുക.

6. തൃപ്തനായിരിക്കുക അസൂയ, കപടത്വം, അതൃപ്തി ഇവയെപ്പോലെ ജരാനര വേഗം വരുത്തുന്നവ വേറെയില്ല.

7. ഉറങ്ങാൻപോകുമ്പോൾ സൎവ്വവിധ ദുൎവിചാരങ്ങളെയും അകററി സ്വസ്ഥത, സമാധാനം, സ്നേഹം ഇവയിൽ മനസ്സിനെ നിൎത്തി, വിരമിക്കുക.

തൂലികാചിത്രവാർത്ത,

ഡാക്ടർ ഗോമ പൊതുയോഗത്തിൽ

ആദ്യമായി ഒരു കമ്മ്യൂണിസ്റ്റിനെ കണ്ടുമുട്ടുന്നു.

(ജീ. പി.)

പുറകിൽ ചെങ്കൽപ്പൊടിയും പൊങ്ങിച്ചുകൊണ്ടു് ബസ്സ് പാഞ്ഞുപോയി. കുംകുമം വിരിച്ചതിൻവണ്ണം ചുവന്ന രാജപാതയിൽനിന്നും പടിഞ്ഞാറോട്ടു നീണ്ടുകിടന്ന വെൺമണൽനിറഞ്ഞ ഇടവഴിയിലൂടെ ഡാക്ടർ ഗോമയും പുറകേ ഞാനും അതിൻെറ പിന്നാലെ പരപ്പനമായി തിരിച്ചു. എലിവാണം ചീററിപ്പുളഞ്ഞുപോകുന്നതുപോലെ ഞങ്ങളുടെ ഇടയിലൂടെ ഒന്നുരണ്ടു ചെറുപ്പക്കാർ വിളിച്ചിട്ടും നില്ക്കാതെ പാഞ്ഞുപോയി. അവരിൽ ഒരാൾ ശരീരത്തിൽ മുട്ടുകയാൽ ഡാക്ടർ വീണില്ലെന്നേയുള്ളു. ഇത്രമാത്രം ചലനശക്തി ആളുകളുടെ ഇടയിലുണ്ടാക്കത്തക്കവണ്ണം ശാന്തമായ ആ ജനപദഭാഗത്തു നടക്കാൻപോകുന്നതെന്തെന്നുള്ള സന്ദേഹവും ഉദ്വേഗവും ഡാക്ടർ ഗോമയിൽ തീവ്രമായിത്തീർന്നു. പൂഴിമണലിൽ ഒരു തൊണ്ടൻതവളയെപ്പോലെ കവച്ചൊഴച്ചു നീങ്ങുന്നതിനിടയിൽ ഡാക്ടർ പുറകോട്ടു മുഖംതിരിച്ചു് എന്നോടു് ചോദിച്ചു:

"മി: നായർ, എന്തായിരിക്കും ഈ ബഹളത്തിനു കാരണം? എനിക്കു് ഒരു രൂപവും കിട്ടുന്നില്ല".

ഞാൻ:—"വല്ല പുതിയ പ്രസ്ഥാനവും തുടങ്ങുന്നുണ്ടായിരിക്കാം".

നല്ല ഒരു മേളസ്ഥലത്തു ചെന്നതിൻവണ്ണം ഡാക്ടർ തല വട്ടമുഴിഞ്ഞു് കുലുങ്ങി നടന്നു. അദ്ദേഹം ഒന്നു രണ്ടു മൂളൽ മൂളി. നെല്ലു പഴക്കാറായിക്കിടന്ന ഒരു വിശാലമായ പാടത്തിറങ്ങി ഞങ്ങൾ നടന്നുതുടങ്ങി ഭൂപ്രകൃതിയുടെ രമണീയമായ കാഴ്ചകണ്ടു് ആനന്ദിക്കാൻ കഴിവുള്ള ഒരാളായിരുന്നു ഡാക്ടർ ഗോമ. കനകവർണ്ണവും ഹരിതവർണ്ണവും കൂടി കലർന്നുള്ള ആ വയൽപരപ്പിനെയും സീമാന്തരശോഭയേയും പീയൂഷപാനംചെയ്യുന്ന ഒരു ആതിസപാദോടുകൂടി നാലുപാടും തിരിഞ്ഞുനോക്കിക്കൊണ്ടു ഡാക്ടർ നടന്നു.

ഞങ്ങൾ വയലിൻെറ മറുകര എത്താറായപ്പോൾ ഏററവും സമീപത്തുള്ള ഒരിടവരമ്പിന്മേലിരുന്നു് ഒരു കൊഴവൻ പുല്ലുചെത്തിയെടുക്കുന്നു. ലോകത്തിൽ യാതൊരിടത്തും യാതൊരു ബഹളവും, അനക്കവും ഇല്ലെന്നുള്ള മട്ടിൽ അത്ര ശാന്തനായിട്ടാണു് അയാൾ അവിടെയിരുന്നു പ്രവൃത്തിചെയ്തതു്. പരിശോധകവൃത്തിയിലേർപ്പെട്ടു പുറപ്പെട്ടിരിക്കുന്ന ഡാക്ടർക്കു് അയാളോടു് അല്പം സംസാരിക്കണമെന്നു തോന്നി. ഡാക്ടർ പതുക്കെ നടന്നു് കാളയ്ക്കു പുല്ലുചെത്തിക്കൊണ്ടിരുന്ന ആ മനുഷ്യൻെറ അടുത്തുചെന്നു. പുറകിൽ കാലൊച്ചകേട്ടു് തിരിഞ്ഞുനോക്കിയപ്പോൾ സക്കാരുദ്യോഗസ്ഥനെപ്പോലെയുള്ള ഡാക്ടരേക്കണ്ടു കൊഴവൻ പേടിച്ചു വിരണ്ടു ചാടിയെണീററു. തലയിൽ മൂടിയിരുന്ന പഴയ തുണിത്തുണ്ടെടുത്തു് ചുരുട്ടി കക്ഷത്തിൽവച്ചിട്ടു് അരയിൽ ചുററിയിരുന്ന ഇരുണ്ട കച്ചത്തോർത്തു് ഒതുക്കി, മൂക്കിൻെറതുമ്പും മുറുകെപ്പിടിച്ചു് പരുങ്ങിയ ഒരു ഭാവത്തിൽ കൊഴവൻ നിന്നു. അയാളുടെ വളർന്ന മീശയും എല്ലുതെളിഞ്ഞ ശരീരവും അതിദുർല്ലഭമായ വസ്ത്രധാരണവും ഗ്രാമീണമായ ആശങ്കാഭാവങ്ങളുമെല്ലാംകൂടി ഡാക്ടർ ഗോമയുടെ സാമീപ്യത്തെ കഠിനമായി പ്രതിഷേധിക്കുന്നതുപോലെ കാണപ്പെട്ടു. ശാന്തിമുടക്കിയാൽ നാടു മുടിച്ചുകളയുന്ന രുദ്രാദിദേവന്മാരെപ്പോലെതന്നെ സക്കാരുദ്യോഗസ്ഥന്മാരെയും നാട്ടിൻപുറങ്ങളിലെ മുഗ്ദ്ധജനങ്ങൾക്കു വലിയ പേടിയാണെന്നു ഡാക്ടർക്കറിയാമായിരുന്നു. അദ്ദേഹം സംഭാഷണംചെയ്യാൻ ഇഷ്ടപ്പെടുന്ന മട്ടിൽ കൊഴവനെനോക്കി. സഹജമായ അത്യുപചാരഭാവത്തോടെ വിനയാധിക്യത്താൽ ചുരുണ്ടുനിന്നു കൊഴവൻ പരിഭ്രമസ്വരത്തിൽ "സർ കാ—ർ......" എന്നു ചുരിച്ചു.

ഡാക്ടർ:—"ഞാൻ സക്കാരുദ്യോഗസ്ഥനല്ല".

ഇതു കേട്ടമാത്രയിൽ ആ കൊഴവൻ എന്തോ ഒരു വലിയ ആശ്വാസംകിട്ടിയപോലെ ദീർഘമായി ഒന്നു നിശ്വസിച്ചു. അയാൾ കക്ഷത്തിൽ വച്ചിരുന്ന തുണിച്ചുരുളെടുത്തു് നിവർത്തു വീണ്ടും തലയിലിട്ടു നിവർന്നു വിനീതനായി നിന്നു.

ഡാകടർ'—"ഇതാ ഈ ആളുകളൊക്കെ ഇത്ര ബദ്ധപ്പെട്ടു് ഓടുന്നതെന്തിനാണെന്നറിയാമോ?"

കൊഴവൻ:—"ഓടുന്നോ!— (തിരിഞ്ഞുനോക്കി ചെമ്പല്ലുകാട്ടി) ങാ- വലിയ ഓട്ടംതന്നെ. എങ്ങോട്ടാണോ ഓടുന്നതു്. സവയോവല്ലോം ഒണ്ടാരിക്കും. പള്ളിക്കൂടത്തിപ്പടച്ചേച്ചു് ഒന്നിനുംകൊള്ളാതെ വേലേം ഇല്ലാതെ കെടക്കുന്നതെല്ലാം കൂടാ ഈ കെടന്നോടുന്നതു്."

ഡാക്ടർ:—"എവിടെ. എന്തു സഭയാണെന്നു അറിയാമോ?"

കൊഴവൻ: (എന്തോ മറന്നുപോയതു ബുദ്ധിയിൽ തപ്പുന്നതിൻവണ്ണം മൂക്കുചുളിച്ചുനിന്നു് തലചൊറിഞ്ഞുകൊണ്ടു്) "ങ്ങേയ്. എന്തോ ഒരു പേരു്. അങ്ങു മറന്നും പോയി. അതു കഴിഞ്ഞേപ്പിന്നെ ഇത്തിക്കിൽ ഈ വയ്യാവേലിയൊന്നുമല്ലാതിരിക്കയാരുന്നു. ഇപ്പം പിന്നേം തൊടങ്ങിയെന്നാ തോന്നുന്നതു്."

ഞാൻ:—"മൂപ്പീന്നു് ഊഷരപ്രസ്ഥാനത്തിൻെറ കാര്യമായിരിക്കും പറയുന്നതു്."

കൊഴവൻ:—"ങ-ാ! അതുതന്നെ! ഊഴരപ്രത്താനത്തിൻെറ കാര്യംതന്നാണേ. ഞങ്ങടവിടേം വി. എയ്ക്കു പടിച്ചു് ജോലിയൊന്നും കിട്ടാതിരിക്കുന്ന രണ്ടുമൂന്നു കൊച്ചുങ്ങളൊണ്ടു്. അവരു് അതിനെ ഇവിടെ കൊണ്ടുവന്നു. ഇതെന്താന്നറിയാല്ലോന്നുവച്ചു് ഞാനും കൊമരച്ചാരും കിട്ടം എല്ലാംകൂടെപ്പോയി. ഉദ്യോഹത്തിൻെറ കാര്യോംപറഞ്ഞോണ്ടു് അവരു് എല്ലാരേം അടച്ചു് ചകാരിക്കുന്നു. നെലംചെല്ലുന്ന കാര്യമോ കരത്തിൻെറയോ കൊപ്പായുടെയോ വല്ലോക്കെ അറിയാമെന്നുവച്ചാ പോയതു്. അതൊന്നും ഇല്ലാഞ്ഞു് ഞാളൊദൻതന്നെ ഇങ്ങുപോന്നു. എവരുകേറിനിന്നുപറഞ്ഞതൊന്നും മനസ്സിലായുല്ല. ആ സവയാരിക്കും ഇപ്പെഴും വന്നിരിക്കുന്നതു്."

ഡാക്ടർ:—"ഊഷരപ്രസ്ഥാനമല്ല. അതൊക്കെ അവസാനിച്ചു അതു തലയിലേ ഒരു കുഴപ്പമായിരുന്നെന്നു ബോദ്ധ്യപ്പെട്ടുപോയി."

കൊഴവൻ: "കൊഴപ്പമെന്നോ. വല്ല്യ കൊഴപ്പമാണേ. ചുമ്മാകേറിനിന്നു് കാര്യം പറയാതെ ചകാരിച്ചോണ്ടാപ്പിന്നെ എങ്ങിനെയാ. (അയാൾ വലിയ ഒരു ആശ്ചര്യഭാവത്തിൽ സ്വരം കിളത്തിതുടർന്നു) അതുകഴിഞ്ഞു് ഇന്നാളിപ്പിന്നെ വേറൊരു സ്വക്കാരുവന്നു. അവക്കു തൊഴിലാളീം മൊതലാളീം എന്നു രണ്ടേരണ്ടു വാക്കേ അറയാവൂ. ഞങ്ങളൊക്കെ തൊഴിലാളിയാന്നാ പറഞ്ഞതു്. ഇലഞ്ഞിപ്പെരുക്കേ അദ്ദ്യാം മററും മൊതലാളിയാന്നും പറഞ്ഞു. കൊള്ളാം നല്ലകാര്യംതന്നെ. ഞങ്ങളെല്ലാ കൂടെച്ചെന്നു് അദ്യത്തിനെ തല്ലിക്കൊല്ലണമെന്നു പറഞ്ഞാ അതു നല്ല കൂത്തല്ല്യോ! അദ്യം ഒാക്കു് ഞങ്ങടെ പല്ലെല്ലാം പിഴുതെടുക്കും. എവരടെയാരെടേം തലയ്ക്കു നല്ല വെളിവില്ല"

മര്യാദക്കാരനായ കൊഴവൻ പറഞ്ഞതെല്ലാം അത്യന്തം ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടു് നിന്ന ഡാക്ടർ "ഉം ആട്ടെ നിങ്ങൾ കാളയ്ക്കു പുല്ലുചെത്തണം. കാളയെ പട്ടിണിക്കിടരുതു്" എന്നു പറഞ്ഞു് തിരിഞ്ഞു. ഞങ്ങൾ വീണ്ടും നടന്നുതുടങ്ങി. പടിഞ്ഞാറുള്ള ഒരു ഉയർന്നവളപ്പിൽകയറി ഞങ്ങൾ ഒരു താഴ്ചയിലേക്കിറങ്ങി. അപ്പോൾ അവിടെ ഒരു ചെറുപ്പക്കാരൻ നിലത്തു കാലുനീട്ടിയിരുന്നു വലത്തുകാലിൽ ഞെക്കിക്കൊണ്ടു് ചുണ്ടുകോട്ടി മുഖവും ചുളിച്ചു് എന്തോ വലിയ വേദനയനുഭവിക്കുംപോലെ 'ശ്ശൂശ്ശൂ' എന്നു വിളിക്കുന്നു. ഡാക്ടർ അയാളുടെ മുൻപിൽചെന്നുനിന്നു് എന്താണെന്നുചോദിച്ചു. യോഗസ്ഥലത്തേക്കു ഓടിയകൂട്ടത്തിൽഎടുത്തുചാടി കാലിൽഉളുക്കുവീണുപോയെന്നു് അയാൾ പല്ലുകടിച്ചുപിടിച്ചുകൊണ്ടും 'ഹൂഹൂ' എന്നു വിളിച്ചുകൊണ്ടും മറുപടിപറഞ്ഞു. യോഗം എന്താണെന്നു ഡാക്ടർ ചോദിച്ചു. ചെറുപ്പക്കാരൻ ചുളിച്ചമുഖം മലർത്തി ഡാക്ടരുടെ വദനത്തിൽ നോക്കി പഴയപടി ദന്തഘർഷണത്തോടുകൂടി "പൊതു-കഥയില്ലായ്മ-പ്രസ്ഥാനം" എന്നു മറുപടിപറഞ്ഞു. ഡാക്ടർ ഗോമ മിഴിച്ചു ചുററും നോക്കി. തൻെറ കാലിൽ പിടിച്ചു് ഒന്നു വലിക്കണെ

മെന്നുള്ള ദയനീയമായ അഭ്യർത്ഥന യുവാവു പുറപ്പെടുവിക്കുകയാൽ ഞാൻ അപ്രകാരം ചെയ്തു. ഒരുവിധത്തിൽ അയാൾ എണീററു് ഒന്തിയൊന്തി ഞങ്ങളുടെകൂടെ തിരിച്ചു.

അപ്പോഴേക്കും വെയിൽ പരന്നെരിയുന്ന ആ വെളിസ്ഥലത്തിൻെറ അങ്ങെഅററത്തു കെട്ടിയുയർത്തിയിട്ടുണ്ടായിരുന്ന വിശാലമായ പന്തലിൻെറ പ്രാന്തദേശത്തിൽ സമ്മേളനാദ്ധ്യക്ഷനെ എതിരേററുകൊണ്ടുവരുന്ന മഹാഘോഷമായി. പത്രങ്ങളിലെങ്ങും പേരച്ചടിച്ചു സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ശ്രീമാൻ തുംഗനായിരുന്നു അദ്ധ്യക്ഷൻ. പൊന്നിൻകുമിളുകൾ തിളങ്ങുന്ന തലയിൽകെട്ടണിഞ്ഞ ഒരു വലിയ ആനയുടെ പുറത്തു പൊന്നലുക്കു മിന്നിമറിയുന്ന പട്ടുക്കുടയുടെ കീഴിൽ ശ്രീമാൻ തുംഗൻെറ റിയത്തൊലിച്ച മുഖം പ്രശോഭിച്ചു. ആളുകൾ ആർത്തുവിളി മുഴക്കിയും കീജെ വിളിച്ചും തുംഗനെ ഉദ്ദീക്ഷിച്ചു് ആനന്ദിക്കയും അഭിമാനിക്കുകയും ചെയ്യുന്നുണ്ടായിരുന്നുവെങ്കിലും സ്വത്തെയും വേവിക്കുന്ന ആ മദ്ധ്യാഹ്നസമയത്തു ഉലഞ്ഞുനടക്കുന്ന ആ വലിയ മൃഗത്തിൻെറ പൊന്തിയനട്ടെല്ലിന്മേലുള്ള തുംഗൻെറ ഇരിപ്പു സ്വല്പം വിഷമമുള്ളതായിരുന്നു. പോരെങ്കിൽ ചെറുപ്പത്തിലേതന്നെ ഈ കറുത്ത വലിയ ജന്തുക്കളെ തുംഗനു വലിയപേടിയാണു്. ആനവേണ്ടായെന്നും മററും ഉദാസീനഭാവത്തിൽ ശ്രീമാൻ തുംഗൻ മുഖം വിറപ്പിച്ചു പറഞ്ഞുനോക്കിയെങ്കിലും സ്വീകരണസംഘക്കാർ അതൊന്നും വകവയ്ക്കാതെ അദ്ദേഹത്തെ ആനപ്പുറത്തോട്ടു പൊക്കുകയാൽ ഒടുവിൽ അതിനു അധരോഷ്ഠവക്രീകരണത്തോടെ വഴിപ്പെടേണ്ടിവന്നു. ഒരു പൊതുജനനേതാവിനു ഇതൊന്നുംകൂടാതെ കഴികയില്ലല്ലൊ എന്നുവിചാരിച്ചു ശ്രീമാൻ തുംഗൻ മതംഗജോപരി ആകുഞ്ചിതശരീരനായിരുന്നു സമാധാനപ്പെട്ടു. പാണ്ടിവാദ്യവും ഉരുട്ടുചെണ്ടമേളവും നിമിഷംതോറും ചെവിക്കല്ലുപൊട്ടിക്കുന്ന കതിനാവെടികളും ഇവയേഎല്ലാം അധഃകരിക്കുന്നവിധത്തിൽ പൊതുകഥയില്ലായ്മപ്രസ്ഥാനം ഇവിടെ നീണാൾ വിജയിക്കട്ടെ! വിജയിക്കട്ടെ! ശ്രീമാൻ "തുംഗനു കീജേ, കീജേ" എന്നെല്ലാമുള്ള ആളുകളുടെ ആർത്തുവിളികളും ആരവാരങ്ങളും അന്തരീക്ഷത്തെ മുഖരിതമാക്കി. പുരുഷാരത്തിൻെറ പാദമർദ്ദനം സഹിക്കവയ്യാതെ പൊങ്ങിപ്പുറപ്പെട്ട ധൂളിപടലം അട്ടിക്കാകെ പരന്നുമൂടി.

അദ്ധ്യക്ഷനെ ഒരുതരത്തിൽ ആ വലിയ മൃഗത്തിൻെറ പുറത്തുനിന്നും എടുത്തിറക്കി പന്തലിലേക്കു ആനയിച്ചു് അദ്ധ്യക്ഷസ്ഥാനത്തിരുത്തുകയും ആളുകളെല്ലാം യഥാസ്ഥാനങ്ങളിൽ ആസനസ്ഥരാകുകയും ചെയ്തതോടുകൂടിയാണു് ഡാക്ടർ ഗോമ വിയത്തൊലിച്ചു പന്തലിനോടു സമീപിച്ചതു്. ഗുട്ടർജി (ഈ പേരും ഇദ്ദേഹം ഒരു കമ്മ്യൂണിസ്ററാണെന്നുള്ളതും പിന്നീടാണു മനസ്സിലായതു്.) എന്നൊരു പ്രാകൃതനായ മനുഷ്യൻ ഈ അവസരത്തിൽ യാതൊരു എതിർപ്രകടനത്തിനും തരമില്ലാതെ ദുഃഖസാഗരത്തിൽ പെട്ടു് അങ്ങോട്ടുമിങ്ങോട്ടും നിസ്സഹായനായി നോക്കി അവിടെ നിൽക്കയായിരുന്നു. നല്ല വണ്ണവും കുടവയറും മററുമായി ഡാക്ടർ ഗോമ ദൂരെനിന്നു വരുന്നതുകണ്ടപ്പോൾ ഒരു കഴുകൻ കുണപത്തെ നോക്കുംപോലെ ഗുട്ടർജി സൂക്ഷിച്ചുനോക്കി. കേരളത്തിലെ ഒരു സുപ്രസിദ്ധ ജമിന്ദാരായ ഡാക്ടർ ഗോമയാണു വരുന്നതെന്നു ഉത്തരക്ഷണത്തിൽ ഗുട്ടർജിക്കു മനസ്സിലായി. ഗുട്ടർജി അവിടെനിന്നും ഒരു കുതികുതിച്ചു. "കുറെ കറുത്ത കൊടി! കറുത്തകൊടി!!" എന്നയാൾ പന്തലിനുചുററും വട്ടത്തിൽ ഓടിക്കൊണ്ടു വിളിച്ചുകൂകി. എന്നിട്ടു ഫലമൊന്നുമുണ്ടാകായ്കയാൽ ഗുട്ടർജി അടുത്തുണ്ടായിരുന്ന ഒരുവീട്ടിലേക്കു പൊങ്ങിക്കുതിച്ചു. അവിടെചെന്നു് കുറെ കുടത്തുണി വലിച്ചുകീറി മൂന്നുനാലു നെടിയ കമ്പുകളുടെ അററത്തുവച്ചുകെട്ടിയുംകൊണ്ടു് അയാൾ തിരികെ പാഞ്ഞെത്തി. പന്തലിൻെറ ഒരു മൂലയിൽനിന്നു് രണ്ടുമൂന്നു പാവപ്പെട്ട കുട്ടികളെ വലിച്ചു വെളിയിൽകൊണ്ടുവന്നു് അവരുടെ തോളിൽ കറുത്ത കൊടികളും താങ്ങിച്ചു് ഒരുകൊടി താനും ഉയർത്തിപ്പിടിച്ചു ഗുട്ടർജി മുന്നോട്ടുപാഞ്ഞു. ഇതെല്ലാം ഒരു നിമിഷത്തിനുള്ളിൽ സംഭവിച്ചു. അപ്പോഴേക്കു ഡാക്ടർ ഗോമയും സമീപിച്ചു. "ഗോമ തിരിച്ചുപോകുക, ഗോമതിരിച്ചുപോകുക, ബൂർഷ്വാ നശിക്കട്ടെ മുതലാളി തൊലയട്ടെ." എന്നെല്ലാം അത്യുച്ചത്തിൽ വിളിച്ചുകൂകിക്കൊണ്ടു ഒന്നുമറിയാത്ത എല്ലരിച്ച ആ കുട്ടികളെയും പിടിച്ചുവലിച്ചു ഗുട്ടർജി നടന്നു. അയാൾ ഡാക്ടരുടെ മുൻപിൽ കുറുകെ അങ്ങോട്ടുമിങ്ങോട്ടും 'മാർച്ചു'ചെയ്തു് പ്രകടനംനടത്തി. ഡാക്ടർ ഗോമ ഗുട്ടർജിയുടെ ഈ ബഹളങ്ങളെല്ലാം കണ്ടു് അവിടെ ഒരേനിലയിൽ നിന്നുകൊടുത്തു.

കഥ ഇത്രത്തോളമായതിൽ പിന്നീടാണു പന്തലിലും പ്രസംഗവേദിയിലും ഇരുന്ന പലരും ഡാക്ടർ ഗോമയെ കണ്ടതും അദ്ദേഹം വന്നിട്ടുണ്ടെന്നു മനസ്സിലാക്കിയതും. കുടുംബബന്ധം, വ്യക്തിപരമായ പരിചയം, ഡാക്ടരുടെ പുതിയ പ്രസ്താവനകൾ വായിച്ചുള്ള അഭിനന്ദനം, ഒരു അവതാരപുരുഷനെന്നു സങ്കല്പിച്ചുള്ള ആരാധന ഇങ്ങിനെ പലതരത്തിൽ ഡാക്ടരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്തുവന്ന അനവധി ആളുകൾ അവിടെയുണ്ടായിരുന്നു. കൂടാതെ ജനക്കൂട്ടത്തിനിടയിൽ നടത്തുന്ന പുതിയ അന്വേഷണംമൂലം ഡാക്ടർ ഗോമയെന്നുള്ള നാമധേയം ആബാലവൃദ്ധം ജനങ്ങളുടെ ചെവികളിൽ എത്തിയിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്. ഡാക്ടരെ ആരാധിക്കുന്ന ഒരുകൂട്ടം ആളുകൾ സമ്മേളനപ്പന്തലിൻെറ നാനാഭാഗങ്ങളിൽനിന്നും എണീറേറാടിച്ചെന്നു അദ്ദേഹത്തിൻെറ ചുററിനും തിക്കിത്തിരക്കി. ഡാക്ടർ ഗോമയ്ക്കു സ്വാഗതം, ഡാക്ടർ ഗോമ കീജേ എന്നുള്ള വിളികളും മുഴങ്ങി. എല്ലാവരോടും തുടന്നുചിരിച്ചു കവിളുകൾ ഞെങ്ങിപ്പരന്നു ഡാക്ടരുടെ മുഖം ചുവന്നു വികസിച്ചു. ആ ചവ്വരിപ്പല്ലുകൾ എല്ലാവരും കണ്ടു. ഹർഷോന്മാദം മൂർച്ഛിച്ച ചില യുവാക്കന്മാർ കൂടി, രണ്ടുകൈകളും ഉയർത്തി 'നില്ക്കു, നില്ക്കു എന്നു വിളിച്ചുന്ന ഡാക്ടരെ പൊക്കിയെടുത്തു പ്ലാററുഫാറത്തിൻെറനേർക്കു പാഞ്ഞു.

വമ്പിച്ച സമ്മാനങ്ങൾ.

പ്രവേശനഫീസ് 5 ണ.

1	2	3		■	4			5
			■	6	■	7		
		■	8			■	9	
	■	10	■		■	11	■	
■	12			■	13			■
14	■		■	15	■		■	16
17		■	18			■	19	
20			■		■	21		
22				■	23	24		

ചില്ലുകൾ (അർദ്ധാക്ഷരങ്ങൾ) പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണു്.

വലത്തോട്ടു്;—

(1) മന്ത്രി. (4) മലയാളത്തിലെ ആദ്യനോവൽ. (7) രക്തം. (8) അദ്വൈതശാസ്ത്രങ്ങളിൽ ഒന്നു്. (9) പെൺമാൻ. (12) കുമാരനാശാൻെറ ഒരു കാവ്യം. (13) ഒരപ്സരസ്ത്രീ. (17) വേദന. (18) ചെണ്ടകൊട്ടുന്ന ആൾ. (20) നാവു്. (22) മദിച്ച ആന. (23) മകൻ. (24) മനുഷ്യൻ

കീഴ്പ്പോട്ടു്:—

(1) താമര. (2) മുടി. (3) ബ്രാഹ്മണബാലൻ. (5) പുഴ. (6) ഒരു ഋതു. (10) ഇന്ത്യയിലെ പുരാണപ്രസിദ്ധമായ ഒരു നദി. (11) രാത്രി. (14) ഒരു മലയാളപത്രം. (15) ശബ്ദം. (16) യമൻ. (19) അംശം. (20) ലക്ഷ്മി. (21) കേരളബ്രാഹ്മണരുടെ ഗൃഹം.

സമ്മാനവിവരം.

പ്രശ്നകർത്താവിൻെറ ഉത്തരം സീൽവെച്ചു് മാതൃഭൂമി ആഫീസിൽ ഏല്പിച്ചിട്ടുണ്ടു്. ഈ ഉത്തരം അയച്ചുതരുന്ന ഒന്നാമത്തെ ആൾക്കു് 50 ക. വിലയ്ക്കുള്ള ഒരു ഗ്രാമഫോണും മററുള്ളവർക്കു മഹാകവി കുമാരനാശാൻെറ പദ്യകൃതികൾ മുഴുവൻ അടങ്ങിയ ഓരോ ഗ്രന്ഥവും, ഒരു പിഴ വരുത്തിയവർക്കു് ശ്രീമാൻ മൂർക്കോത്തു കുമാരൻ എഴുതിയ ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രവും (2 ഭാഗങ്ങൾ) രണ്ടുമുതൽ നാലുവരെ പിഴ വരുത്തിയവർക്കു് 8 അണയിൽ കുറയാത്ത വിലയ്ക്കുള്ള മററു പുസ്തകങ്ങളും സമ്മാനമായി കൊടുക്കും. പ്രവേശനഫീസ് ഒരു ഉത്തരത്തിനു് 5 ണ. വീതം. ഈ സംഖ്യ സ്ററാമ്പായിട്ടോ മണിയോർഡറായിട്ടോ 1934 നവംബർ 17-ാംനു-ക്കു മുമ്പായി താഴെ കാണുന്ന മേൽവിലാസത്തിൽ അയയ്ക്കുക:—

Messrs. K. P. Damodaran Bros.,
Merchants & Commission Agents,
Court Road, Tellicherry.

അവർ അദ്ദേഹത്തെ പ്ലാററുഫാറത്തിൽ ഉന്തിക്കയററി ഒരു വലിയ കസേരയിൽ നിക്ഷേപിച്ചു. താൻ നിലംതൊടാതെ പോന്നകൂട്ടത്തിൽ ചില തട്ടുകളും മുട്ടുകളും എല്ലാം ഏററെങ്കിലും ഏകനും സ്വസ്ഥനുമായി കസേരയിൽ ഇരുന്നതോടുകൂടി ഡാക്ടർ പ്രസന്നവദനനായി. നടന്നുവന്ന ശ്രമവും വെയിലിൻെറ ചൂടുംകൊണ്ടു് വിയർത്തുതുടങ്ങിയ ഡാക്ടർ നെററിയിൽനിന്നും വിയർപ്പു വടിച്ചുകളഞ്ഞിട്ടു് കോട്ടും തുറന്നിട്ടു് കഴിയുന്നത്ര വിശ്രമം എടുക്കാൻ തീരുമാനിച്ചു.

(തുടരും)

കഥാപംക്തി.

ചന്ദ്രോദയം.

(തുടച്ച്)

"എല്ലും തൊലിയും മാത്രമായി നിന്റെ അനുജൻ രാമചന്ദ്രനെ ഞാൻ യദൃച്ഛയാ കണ്ടുമുട്ടി. അവൻ തസ്കരന്മാരുടെ പിടിയിൽനിന്നു രക്ഷപ്പെട്ടു എന്റെ ഗൃഹത്തിൽ വന്നുചേന്നു. ദീനംപിടിച്ചു അവൻ കുറേ നാൾ അവിടെ താമസിച്ചു രോഗത്തിനു കുറച്ചു ശമനം ഉണ്ടായശേഷം ഒരിക്കൽ അവന്റെ മുഖഛായയും ജാനകിക്കുട്ടിയുടെ പടത്തിൽ കാണുന്ന മുഖഛായയും തമ്മിലുള്ള സാദൃശ്യംകണ്ടു ഞാൻ അത്ഭുതപ്പെട്ടു. പക്ഷെ അവന്റെ ചരിത്രം എനിക്കു ഗ്രഹിക്കാൻ കഴിയുന്നതിനുമുമ്പു അവനെ കള്ളന്മാർ പിടിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു.

"രാമചന്ദ്രൻ നിന്റെ അനുജനാണെന്നു എനിക്കറിയാം. നിന്റെ അച്ഛൻ ഒരു വിൽപത്രം എഴുതിയിരുന്നു. അതു നിന്റെ അമ്മ നശിപ്പിച്ചുകളഞ്ഞു ചന്ദ്രശേഖരപിള്ള മരിക്കുന്നതിനുമുമ്പു എനിക്കു ഒരു എഴുത്തെഴുതി വച്ചിരുന്നു. അതും നിന്റെ അമ്മ ഗോപനംചെയ്തു. ആ വിൽപ്പത്രത്തിൽ ജാനകിക്കുട്ടിക്കും അവളുടെ കുഞ്ഞിനും ധാരാളം സ്വത്തു പങ്കിട്ടുകൊടുത്തിരിക്കുന്നതായി വിവരിച്ചിരുന്നു. ആ കുഞ്ഞു ജീവിക്കാത്തപക്ഷം മാത്രമേ അതിനു നീക്കിവച്ചിരുന്ന പംകു നിനക്കുകിട്ടുമായിരുന്നുള്ളു. യദൃച്ഛയാ ആ കുട്ടിയെ നിനക്കു കാണാനിടയായി. നിന്റെ അച്ഛനോടുള്ള ആകൃതിസാമ്യംകൊണ്ടു നിങ്ങൾ അവനെ തിരിച്ചറിഞ്ഞു. ജനനസമയത്തും പിന്നീടും ആ കുട്ടിയോടു ഇടപെട്ടവരെയെല്ലാം നീ അന്വേഷിച്ചു പിടികൂടി. അവന്റെ അച്ഛനമ്മമാരെപ്പററിയുണ്ടായിരുന്ന രേഖകളെല്ലാം നീ നശിപ്പിച്ചു. അല്ലെങ്കിൽ അവയെ നീ ഗോപനംചെയ്തു നിന്റെ കൂട്ടുകാരനായ കൊച്ചുകുഞ്ഞിനോടു നീ പറഞ്ഞവാക്കുകൾതന്നെ ഒന്നു ഓർമ്മിച്ചുനോക്കു" 'രാമചന്ദ്രൻ ആരാണെന്നുള്ളതിന്റെ ഏകലക്ഷ്യം ഇതാ ആററിലെ ചേററിൽ ആണ്ടുകഴിഞ്ഞു അവന്റെ അമ്മയുടെ കയ്യിൽനിന്നു അതു അപഹരിച്ചു കിഴട്ടുപെണ്ണു തുലയുകയും ചെയ്തു നീയും കൊച്ചുകുഞ്ഞും തമ്മിൽനടത്തിയ സംഭാഷണംമുഴുവനും—ഒരുവാക്കുപോലും വിടാതെ—ഞാൻ ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. ആ വാക്കുകൾ തെളിയിക്കാനുള്ള വിദ്യയും എന്റെ കൈവശമുണ്ട്. ഒരു കൊല നടത്തി, അതിൽ നിനക്കും ഒരു ചെറിയ പംകുണ്ട് സകലസംഗതികളും നീ ഏററു പറയുന്നപക്ഷം നിന്നെ ഞാൻ വെറുതേ വിട്ടേക്കാം. അല്ലെങ്കിൽഈനിമിഷംമുതൽ നീബന്ധനത്തിലായിരിക്കും" ഒഴിഞ്ഞുതിരിയാൻ നിവൃത്തിയില്ലാത്ത ഒരുആപൽഘട്ടത്തിലാണുതാൻഎത്തിയിരിക്കുന്നതെന്നു മുകുന്ദനു ബോധപ്പെട്ടു. അതുകൊണ്ടു അവൻ സർവ്വവിവരവും കുറുപ്പിനോടു ഏററുപറയാമെന്നും ആവശ്യമുള്ളപക്ഷം സാക്ഷികളെ വച്ചുകൊണ്ടു ഏററുപറയാമെന്നും സമ്മതിച്ചു.

ഈ സന്ദർഭത്തിൽ ഡാക്ടർ കൃഷ്ണമേനവൻ അവിടെ വന്നു. കൊച്ചുകുഞ്ഞിനെ അറസ്ററുചെയ്തുകഴിഞ്ഞു എന്നും പോലീസുകാക്കു പിടികൊടുക്കാതെ രക്ഷപ്പെടാനുള്ള ഉദ്യമത്തിനിടയിൽ കോന്തി ദാരുണമായ മൃതിയടഞ്ഞുവെന്നും അദ്ദേഹം അവിടെ പ്രസ്താവിച്ചു.

ഈ വൃത്താന്തം കേട്ടപ്പോൾ മുകുന്ദനുണ്ടായ പരിഭ്രമവും വ്യസനവും അപരിമേയമായിരുന്നു തന്റെ കുററങ്ങൾ ഏററുപറയാൻ മുകുന്ദനു വല്ല സംശയവും ഉണ്ടായിരുന്നെങ്കിൽ അതു ഈ വൃത്താന്തശ്രവണം അകററിയിരിക്കണം. കുറുപ്പ് ഒരു പതിഞ്ഞ സ്വരത്തിൽ മുകുന്ദനോടു പറഞ്ഞു. നിന്റെ അനുജൻ രാമചന്ദ്രനെ സംബന്ധിച്ചിടത്തോളം വിൽപത്രത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം നീ പ്രവത്തിക്കാമെന്നു ഏററാൽ നിനക്കു എവിടെവേണമെങ്കിലും പോകാൻ ഞാൻ അനുമതി തരാം.

മുകുന്ദൻ:—ആകട്ടെ. അങ്ങിനെ ചെയ്യാം.

കുറുപ്പ്:—എന്നാൽ ഞാൻ തിരിയെ വരുന്നതുവരെ ഇവിടെ ഇരിക്കു.

അദ്ധ്യായം ൩൨.

രാമചന്ദ്രന്റെ സ്വാവകാശങ്ങളും അവന്റെപേക്കു സ്ഥാപിച്ചുകിട്ടുവാൻവേണ്ടി കുറുപ്പു ഭഗീരഥപ്രയത്നം ചെയ്തു. അവനെ ഉപദ്രവിച്ചവരും ഉപദ്രവിക്കാൻ ഉദ്ദേശിച്ചിരുന്നവരുമായ കോന്തി, കൊച്ചുകുഞ്ഞു മുതലായവരെ പിടിക്കാൻ അദ്ദേഹംചെയ്ത ശ്രമങ്ങൾ ഇതിനു മുമ്പുതന്നെ വിവരിച്ചിട്ടുണ്ടല്ലൊ.

കൊല, മോഷണം, കൊള്ള മുതലായ ഗൌരവമേറിയ പല കുററങ്ങൾക്കും മാപ്പുസാക്ഷിയായ കുഞ്ഞുരാമന്റെ മൊഴിയെ അടിസ്ഥാനമാക്കി കൊച്ചുകുഞ്ഞിനു ജീവപര്യന്തം തടവുശിക്ഷതന്നെ സെഷ്യൻകോടതിയിൽനിന്നും വിധികല്പിച്ചു. ഈ വിധി കേട്ടപ്പോൾ കോടതിയിലുണ്ടായിരുന്നവർ എല്ലാം ആഹ്ലാദഭരിതരായി. കുപ്രസിദ്ധനും എന്തുംചെയ്യാൻ മടിയില്ലാത്ത നിഷ്ഠുരനും ആയ കള്ളത്തലവൻ കാരാഗൃഹത്തിൽ ബന്ധിക്കപ്പെടുന്ന ആ അവസരം തിരുവനന്തപുരത്തുകാരുടെ ജംഗമസ്വത്തുക്കളുടേയും ജീവന്റെയും രക്ഷയുടെ പുനഃസമാജ്ജനത്തിനുള്ള ശുഭമുഹൂത്തമായി മാലോകർ കരുതിയത്രെ.

കൊച്ചുകുഞ്ഞിന്റെ കാലിൽ നീതിശ്ശൃംഖല പതിക്കുന്നതിനു മുമ്പായി അവനെ ഒന്നു കണ്ടു ഒരു സംഗതി ചോദിക്കണമെന്നു കുറുപ്പിനു മോഹം ജനിച്ചു മുകുന്ദൻ അവനോടു വലിയ വിശ്വാസമായി പെരുമാറിയിരുന്നതിനാൽ രാമചന്ദ്രന്റെ ജനനരേഖകളെല്ലാം കൊച്ചുകുഞ്ഞിനെ ഏല്പിച്ചിരിക്കണമെന്നു കുറുപ്പ് അനുമാനിച്ചു. ജയിലധികാരിയുടെ അനുവാദത്തോടുകൂടി കുറുപ്പും രാമചന്ദ്രനും ഒരുമിച്ചു കൊച്ചുകുഞ്ഞിനെ സന്ദർശിക്കാൻപോയി. തന്റെ ദുർദ്ദശയെപ്പററി പശ്ചാത്തപിച്ചുതുടങ്ങിയിരിക്കുന്ന ആ തടവുകാരൻ ആഗതന്മാരെ കുറേനേരത്തേക്കു കണ്ടതേയില്ല. ഒടുവിൽ അവൻ രാമചന്ദ്രനേയും കുറുപ്പിനേയും കണ്ടു മനസ്സിലാക്കി.

കുറുപ്പ്—മുകുന്ദൻ ചില രേഖകൾ നിങ്ങളെ ഏല്പിച്ചിരുന്നല്ലോ. അവയെല്ലാം നിങ്ങൾ എവിടെയാണു സൂക്ഷിച്ചിരിക്കുന്നതു്. കോന്തി ചത്തുപോയി. നിങ്ങൾക്കു യാതൊന്നും ഇനി നോക്കാനില്ല. അതുകൊണ്ടു ആ കടലാസുകൾ എവിടെയാണെന്നു പറഞ്ഞേക്കണം.

രണ്ടുമൂന്നു നിമിഷനേരം കൊച്ചുകുഞ്ഞു ഒരുത്തരവും പറഞ്ഞില്ല. തന്റെ ഗൃഹത്തിന്റെ മുകളിലത്തെ നിലയിൽ നടുക്കുള്ള മുറിയിൽ ഇരിക്കുന്ന അലമാരയുടെ പുറത്തുകിടക്കുന്ന പന്നക്കടലാസുകളുടെ അടിയിൽ ഒരു കപ്പൽപ്പാസഞ്ചിയിലാണു താൻ അവ സൂക്ഷിച്ചിരിക്കുന്നതെന്നു അവൻ രാമചന്ദ്രനോടു പറഞ്ഞു. കുറുപ്പും രാമചന്ദ്രനും പിന്നീടു അധികനേരം അവിടെ താമസിച്ചില്ല. അവർ നേരെ കൊച്ചുകുഞ്ഞിന്റെ ഗൃഹത്തിലേക്കു തിരിച്ചു ആ ഗൃഹം പൂട്ടി മുദ്രവച്ചിരുന്നതുകൊണ്ടു അധികാരികളോടുകൂടി അവർ അതിനകത്തു കടന്നു. ആ രേഖകൾ കുറുപ്പും രാമചന്ദ്രനും കൂടി തിരഞ്ഞു കണ്ടുപിടിച്ചുടുത്തു. അവയിൽനിന്നു രാമചന്ദ്രന്റെ പൂർവ്വചരിത്രം പൂണ്ണമായി തെളിഞ്ഞു. അങ്ങനെ അതിവിപുലമായ പിതൃസ്വത്തിനു അവൻ അവകാശിയായിത്തീരുകയുംചെയ്തു.

അദ്ധ്യായം ൩൩.

കേശവക്കുറുപ്പും രാമചന്ദ്രനുംകൂടി ഒരുദിവസം രാവിലെ ആരുടെയോ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു മേടയിൽ ഇരിക്കയായിരുന്നു. ഇങ്ങനെ ഏകദേശം അരനാഴികയോളം അവർ അവിടെത്തന്നെ ഇരുന്നു. അപ്പോൾ ഡാക്ടർ കൃഷ്ണമേനവനും, പരമുപിള്ളയും, മുകുന്ദനുംകൂടി അവിടെ വന്നുചേന്നു. മുകുന്ദനെ കണ്ടപ്പോൾ രാമചന്ദ്രൻ ആശ്ചര്യപരതന്ത്രനായി. രാമചന്ദ്രനെ തന്റെ സമീപത്തേക്കു നീക്കിനിത്തിക്കൊണ്ടു കുറുപ്പു മുകുന്ദനോടു ഇങ്ങനെ ചോദിച്ചുതുടങ്ങി.

"ഈ കുട്ടി നിന്റെ അച്ഛനു രണ്ടാമത്തെ ഭാര്യയിൽ ഉണ്ടായ മകനല്ലെ?"

മുകുന്ദൻ—(രാമചന്ദ്രനെ നോക്കി മുഖം വിളർപ്പിച്ചുകൊണ്ടു) അതെ.

കുറുപ്പ്—അവനെ കൊല്ലം ആശുപത്രിയിൽവച്ചല്ലെ പ്രസവിച്ചതു്?

മുകുന്ദൻ—അതെ. അതിനെപ്പററിയു

ള്ള രേഖകൾ അങ്ങയുടെ കൈവശംതന്നെയുണ്ടല്ലൊ.

കുറുപ്പ്—അതുകൊണ്ടു മാത്രമായില്ല. ഈ മാന്യന്മാരുടെ മുമ്പിൽവെച്ച് ആ കഥയെല്ലാം നീതന്നെ പറയണം.

മുകുന്ദൻ—അങ്ങിനെയാണെങ്കിൽഞാൻ പറയാം ഇടയ്ക്കിടയ്ക്ക് ചോദിക്കണമെന്നില്ല കേട്ടോളണം. എന്റെ അച്ഛനു കല്ക്കട്ടായിൽവച്ച് പ്ലേഗുപിടിച്ചപ്പോൾ എന്നെയുംകൊണ്ട് അമ്മ അവിടെ ചെന്നു. അമ്മയെ അതിനുമുമ്പുതന്നെ അച്ഛൻ ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. ഞങ്ങൾ ചെന്നപ്പോൾ അച്ഛനു ബോധമുണ്ടായിരുന്നില്ല. അടുത്തദിവസംതന്നെ അദ്ദേഹം മരിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മേശയിൽ മൂന്നു പ്രമാണങ്ങൾ ഉണ്ടായിരുന്നു. അവ രണ്ടെഴുത്തും ഒരു വിൽപത്രവുമായിരുന്നു. ഒരെഴുത്ത് അങ്ങേയ്ക്കും മറേറതു ജാനകിക്കുട്ടിക്കും ആയിരുന്നു ഇളയമ്മയ്ക്കുള്ള എഴുത്തിൽ താൻ ജീവിക്കുന്നകാര്യം സംശയമാണെന്നും തന്റെ വിൽപത്രപ്രകാരം സ്വത്തിന്റെമുക്കാൽഭാഗവും അവൾക്കും അവൾക്കുജനിക്കുന്ന കുട്ടിക്കുമായി നൽകിയിരിക്കുന്നു എന്നും താൻ മരിച്ചുപോയാലും നിരാശപ്പെടാതെ കുഞ്ഞിനെ വളർത്തണമെന്നും മററും എഴുതിയിരുന്നു. ജാനകിക്കുട്ടിയേയും കുഞ്ഞിനേയും വേണ്ടവിധം സഹായിക്കണമെന്നും മററുമുള്ള അപേക്ഷയായിരുന്നു മറേറ എഴുത്ത്.

രാമചന്ദ്രൻ ഇതുകേട്ടു പൊട്ടിക്കരഞ്ഞുപോയി. 'നീ വ്യസനിക്കേണ്ടാ. നിനക്കു വേണ്ട സഹായംചെയ്യാൻ ഞാനുണ്ട്' എന്നുപറഞ്ഞു കുറുപ്പ് അവനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു.

രാമചന്ദ്രൻ—അങ്ങ് എന്നെ മകനെപ്പോലതന്നെ സ്നേഹിക്കുന്നുണ്ട്. എങ്കിലും അച്ഛനെ ഒന്നു കാണാൻപോലും എനിക്കു കഴിഞ്ഞില്ലല്ലോ എന്നു വിചാരിക്കുമ്പോൾ ഞാൻ അറിയാതെ കരഞ്ഞുപോകുന്നു.

ഇത്രയും പറഞ്ഞു നിറുത്തുന്നതിനുമുമ്പു അവൻ വീണ്ടും കരച്ചിൽ തുടങ്ങി.

കുറുപ്പ്—(അവനെ അടുക്കൽനിറുത്തി കണ്ണുനീർ തുടച്ചുകളഞ്ഞുകൊണ്ട്) കുഞ്ഞേ! കരഞ്ഞതുകൊണ്ട് ഇനിയും എന്താണു ഫലം. സമാധാനപ്പെട്ടിരിക്ക്.

രാമചന്ദ്രൻ ഇതുകേട്ട് ഒരുകണക്കിൽ കരച്ചിലടക്കി നില്കൊണ്ടു അനന്തരം കുറുപ്പ് മുകുന്ദനെനോക്കി ഇങ്ങനെചോദിച്ചു:—ആ വിൽപത്രം എവിടെ?

മുകുന്ദൻ ഇതിനുത്തരമൊന്നും പറഞ്ഞില്ല. കുറുപ്പ് ഉടനെ തുടർന്നുപറഞ്ഞു. "വില്പത്രത്തിൻപ്രകാരം മുകുന്ദനും മുകുന്ദന്റെ അമ്മയ്ക്കും അവരുടെ മരണംവരെ ആണ്ടിൽ നാനൂറുരൂപാവീതം കൊടുക്കുന്നതിനും ബാക്കി സ്വത്തുമുഴുവനും ജാനകിക്കുട്ടിക്കും അവളുടെ സന്താനത്തിനുമായി കിട്ടുന്നതിനും വ്യവസ്ഥചെയ്തിരുന്നു.

മുകുന്ദൻ എന്റെ അമ്മ ഈ വിൽപത്രം ചുട്ടുകരിച്ചുകളഞ്ഞു. എഴുത്തുകളും മററും അവർ സൂക്ഷിച്ചു.

വീണ്ടും ഒരു മാത്രനേരത്തേക്ക് അവിടം നിശ്ശബ്ദമായിരുന്നു. ഉടനെ കുറുപ്പു കഥാതന്തു തുടർന്നു. "ഈ സംഭവത്തിനുശേഷം എട്ടുപത്തുകൊല്ലം കഴിഞ്ഞു. ഒരിക്കൽ മുകുന്ദനെക്കൊണ്ടുള്ള ഉപദ്രവങ്ങളെപ്പററി അവന്റെ അമ്മ എന്നോടു സങ്കടംപറഞ്ഞിട്ടുണ്ട്. ഉദ്ദേശം പതിനെട്ടുവയസ്സായപ്പോൾ അവളുടെ ആഭരണങ്ങളും പണവും ഇവൻ മോഷ്ടിച്ചുകൊണ്ടു പുറപ്പെട്ടുപോയി. ചൂതുകളി, കള്ളയൊപ്പിട്ടു പണം വാങ്ങിക്കുക, ദ്രവ്യംചെയ്യുക മുതലായി ഇവൻ ചെയ്തിട്ടുള്ള ദുഷ്കൃത്യങ്ങൾക്കു കൈയും കണക്കുമില്ല. ആ സ്ത്രീ ഇവനെ പലദിക്കിലും അന്വേഷിച്ചുനടന്നു. ഒടുവിൽ ഇങ്ങനെ കണ്ടുപിടിച്ചു".

മുകുന്ദൻ—അധികം താമസിയാതെ അമ്മ മദ്രാസിൽവച്ചു മരിച്ചുപോയി. മരിക്കുന്നതിനുമുമ്പായി ഈ രഹസ്യങ്ങളും രേഖകളും അമ്മ എന്നെ ഏല്പിച്ചു. ഇളയമ്മയുടെ മകനെ ഞാൻ കണ്ടുമുട്ടുവാൻ ഇടവന്നാൽ അവനെ നശിപ്പിക്കുവാനുള്ള സകലവഴികളും നോക്കിക്കൊള്ളാമെന്നു ഞാനമ്മയോട് ഏററിരുന്നു. അവനെ എനിക്കു കാണാൻ സാധിച്ചു അവനെ ആപത്തിലാക്കാനുള്ള കഴികളും ഞാൻ തോണ്ടി. ആ അസത്തുപെണ്ണ് വന്നു ഇടപെട്ടില്ലായിരുന്നെങ്കിൽ ഞാൻ ഉദ്ദേശിച്ച സ്ഥലത്തുതന്നെ അവനെ കൊണ്ടുചെന്നു കെട്ടുമായിരുന്നു.

കുറുപ്പ് ഇപ്പോഴും നിന്റെ മനസ്സ് നേർവഴിക്കു തിരിഞ്ഞിട്ടില്ല ഇല്ലേ?

മുകുന്ദൻ – നിങ്ങൾ എന്തോ വേണമെങ്കിലും പറയണം.

കുറുപ്പ്—ആട്ടെ. ജാനകിക്കുട്ടിയുടെ വിവാഹമോതിരം എവിടെ?

മുകുന്ദൻ—ശുശ്രൂഷകിയുടെ പക്കൽനിന്നു അതു കൈക്കലാക്കിയ സ്ത്രീയോടു ഞാൻ അതു വിലയ്ക്കുവാങ്ങി.

ഇതിനിടയ്ക്കു പരമുപിള്ള പുറത്തുപോയി കല്യാണിഅമ്മയേയുംകൊണ്ടു തിരിച്ചുവന്നു. രാമചന്ദ്രനെ കണ്ട് അവൾ ഒന്നു ഞെട്ടി. അവൾ മുകുന്ദനെ അറിയുന്ന ഭാവമേ കാണിച്ചില്ല താൻ ആർക്കും ഒരു മോതിരവും വിററിട്ടില്ലെന്നും അവൾ ശഠിച്ചു.

സുഭദ്ര കിടന്നു മരിച്ചവീട്ടിന്റെ അടുത്തവീട്ടിൽ താമസിച്ചിരുന്ന ഒരു കിഴവിയെ പരമുപിള്ള അവിടെ ഹാജരാക്കി അവളുടെ പ്രസ്താവനയിൽനിന്നു സുഭദ്ര മോതിരം പണയംവച്ചിരുന്നതു് ഇന്ന ബാങ്കിലാണെന്നും കല്യാണിയമ്മ പണംകൊടുത്ത് അവിടെനിന്നും പണയം എടുക്കുന്നതു അവൾ കണ്ടു എന്നും മററും വെളിവായി ഇത്രയുമായപ്പോൾ കല്യാണിയമ്മയും പരുങ്ങലിലായി. ഉള്ള പരമാർത്ഥമെല്ലാം അവൾ ഏററുപറയുകയും അവളെ ഒന്നും ഉപദ്രവിക്കരുതെന്ന് കേശവക്കുറുപ്പിനോടു അപേക്ഷിക്കുകയും ചെയ്തു.

ഈ അവസരത്തിൽ പരമുപിള്ള അപ്പുറത്തുപോയി കുഞ്ഞുലക്ഷ്മിയമ്മയേയും സരളയേയും അവിടെ കൊണ്ടുവന്നു.

കുറുപ്പ്—(സരളയെ ചൂണ്ടിക്കാണിച്ചുകൊണ്ട് മുകുന്ദനോട്) ഈ യുവതയെ നീ അറിയുമോ?

മുകുന്ദൻ—അറിയും. എന്റെ ഇളയമ്മയുടെ അനുജത്തിയാണ് ഇവൾ.

കുറുപ്പ്—ബാക്കി ഞാൻ പറയാം. കൊല്ലത്തുവച്ചു സരളയുടെ അച്ഛൻ പെട്ടെന്നു മരിച്ചു. അപ്പോൾ സരളയ്ക്ക് ആരും ഒരാശ്രയമില്ലാതായി. അങ്ങിനെ ഇരിക്കുമ്പോൾ ഒരുദിവസം കുഞ്ഞുലക്ഷ്മിയമ്മ ആനന്ദവല്ലീശ്വരത്ത് തൊഴുതേച്ചു ആ വഴി വരാൻ ഇടയായി.

കുഞ്ഞുലക്ഷ്മിയമ്മ—ശേഷം ഞാനും പറയാം. എനിയ്ക്കു ഒരു ആൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു പെൺകുട്ടിയെ കിട്ടാൻ ഞാൻ കൊതിച്ചിരിക്കയായിരുന്നു. അപ്പോഴാണു ഈ കുഞ്ഞിനെ കണ്ടതു്. ഇതിനെകണ്ടപ്പോൾ എനിക്കു വളരെ കൌതുകം തോന്നി. ഉടനേതന്നെ ഞാൻ അതിനെ എടുത്തുകൊണ്ടു പോരുകയുംചെയ്തു.

രാമചന്ദ്രന്റെ ഹൃദയം ആഹ്ളാദംകൊണ്ടു അത്യന്തം വികസിതമായി. അവൻ സരളയോടു പറഞ്ഞു. "ഞാൻ കൊച്ചമ്മയെ ചേച്ചിയെന്നേ വിളിക്കൂ. കൊച്ചമ്മയെന്നു വിളിക്കയില്ല."

ആ രംഗം ഇങ്ങനെ മംഗളവും തുംഗാനന്ദപ്രദവും ആയി കലാശിച്ചു. അവിടെ കൂടിയിരുന്നവരെയെല്ലാം അടുത്ത ദിവസം ഒരു ചായസൽക്കാരത്തിനായി കേശവക്കുറുപ്പു ക്ഷണിച്ചു. രാമചന്ദ്രന്റെ അപേക്ഷപ്രകാരം കല്യാണിയമ്മയുടെ ഭർത്താവായ ചായക്കടക്കാരനേയും അയാളുടെ മകൻ കുഞ്ഞുരാമനേയുംകൂടി കുറുപ്പ് വിരുന്നിനു വരാൻ പറഞ്ഞു.

(തുടരും)

THE MALAYALA RAJYAM

വിദ്യാരംഭവില്പന - വില കുറച്ചിരിക്കുന്നു.

വിദ്യാരംഭം പ്രമാണിച്ച് ഈ കന്നി ൧൫-ാംനു-മുതൽ അടുത്ത തുലാം ൧൫-ാംനു- വരെ ഞങ്ങളുടെ സ്വന്തം പ്രസിദ്ധീകരണങ്ങൾക്കു ൨൦ ശതമാനം കമ്മീഷൻ നൽകുന്നതാണ്



നവരാത്രിദിനങ്ങളിൽ
പ്രത്യേകിച്ചും പാരായണയോഗ്യവും നവരാത്ര്യാഗമത്തിൻെറ സമ്പൂർണ്ണവിവരണങ്ങളടങ്ങിയതും ആകർഷകങ്ങളായ കാളിയുടെ വിവിധദശകളിലുള്ളതും ഇതിൽ കാണുന്നവിധത്തിലുള്ളതും സപ്തചിത്രങ്ങളാൽ പ്രശോഭിതവും ആയ

ശ്രീമഹാദേവീഭാഗവതം

ഗദ്യഗ്രന്ഥം.

വിദ്യാരംഭവില രൂ ൧ ണ ൪.

ഭോഗാസക്തരായ ലൗകികന്മാരെ പിൻതിരിച്ച് മനസ്സിനു നിർവൃതി നൽകുന്ന അനവധി വിശിഷ്ട തത്വങ്ങൾ അടങ്ങിയ

ദിവ്യരഹസ്യപ്രകാശിക

ഒന്നാം ഭാഗം.

വിദ്യാരംഭവില രൂപാ ൧.

ജീവപരമാണുക്കളുടെ സംയോഗവിയോഗങ്ങളാൽ ഭവിക്കുന്ന ഛായാചലനം, ദൂരശ്രാവണങ്ങൾ, മരണാനന്തരം ആത്മാവ് അന്തരാളത്തിൽ കാര്യകാരണങ്ങളാൽ ഭൂതപ്രേതരൂപങ്ങളിൽ പരിണമിക്കുന്ന രീതി, ശരീരികളായിത്തന്നെ ജീവന്മുക്തരായി ദീർഘകാലം ജീവിക്കുന്നതിനുള്ള നിഗ്രഹോപദേശങ്ങൾ എന്നിവ സമഷ്ടിയായി കഥാരൂപേണ പ്രസ്താവിച്ചിട്ടുള്ള

ദിവ്യരഹസ്യപ്രകാശിക

രണ്ടാം ഭാഗം.

വിദ്യാരംഭവില അണ ൧൨.

മേൽ പറഞ്ഞിട്ടുള്ള ആത്മീയഗ്രന്ഥങ്ങൾ അവധാനപൂർവം വായിച്ചു പരിശീലനം നടത്തുന്നവർക്കു ലൗകികരീതിയിൽക്കൂടി ആത്മീയജീവിതം നയിക്കുന്നതിനും തദ്വാരാ സായുജ്യപദവി അടയുന്നതിനും അനായാസേന സാധിക്കുമെന്നു ബോദ്ധ്യപ്പെടുന്നതാണ്.

N. B. ഈ സൗജന്യം ഹെഡാഫീസിൽ ആവശ്യപ്പെടുന്നവർക്കു മാത്രം.

ഇവിടെ ആത്മീയഗ്രന്ഥങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, വേദാന്തഗ്രന്ഥങ്ങൾ, സ്തോത്രഗ്രന്ഥങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, നോവലുകൾ, ചെറുകഥകൾ,വ്യാകരണഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, വൈദ്യഗ്രന്ഥങ്ങൾ മുതലായ ഇനങ്ങളിൽ അനേകം ഉത്തമഗ്രന്ഥങ്ങളും, പലവകയിൽ ഉൾപ്പെട്ട അനവധി ബഹുരസികൻ ഗ്രന്ഥങ്ങളും എപ്പോഴും തയാറുണ്ട്. ഇവ കൂടാതെ ഞങ്ങളുടെ പ്രസ്സിൽ എല്ലാത്തരം അച്ചടിവേലകളും ചെയ്തുകൊടുക്കുന്നതാണ്. അച്ചടിയുടെ യഥാർത്ഥ മഹിമ അറിയേണ്ടവർ ഒരിക്കൽ ഇടപെട്ടു നോക്കിയാൽ അറിയാവുന്നതാണ്. കൂടാതെ ബ്ളാക്കുമേക്കിംഗ്, റബ്ബർസ്റ്റാമ്പുമേക്കിംഗ്, ബയൻറിംഗ്, റൂളിംഗ് മുതലായ എല്ലാ ജോലികളും കുറഞ്ഞ ചാർജ്ജിനു ക്ലിപ്തകാലത്തുതന്നെ വളരെ മിനുസമായി ചെയ്തുകൊടുക്കുന്നതിനും തയ്യാർ. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ വലിയ ക്യാററ്ലാഗിനു എഴുതുക.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ച്:—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.